കാഞ്ഞിരപ്പള്ളി രൂപതാ മുഖപത്രം

# ദർശകൻ

DARSAKAN

വാല്യം: 14 ലക്കം: 01 | നേരായ ജീവിതം ശരിയായ ദർശനം | ജനുവരി 2025




ഇക്കഴിഞ്ഞ ക്രിസ്തുമസ് രാവിൽ വിശുദ്ധ കുർബാനയ്ക്ക് മുമ്പ് ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറന്നതോടെ 2025 ജൂബിലി വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഓരോ ഇരുപത്തിയഞ്ച് വർഷം കൂടുമ്പോഴാണ് സാധാരണഗതിയിൽ ജൂബിലി വർഷം ആഘോഷിക്കുന്നത്. രക്ഷാകര പദ്ധതിയുടെ ഭാഗമായി ഈശോയുടെ മനുഷ്യാവതാരത്തിന് 2025 വർഷം തികയുന്ന വേളയെന്നതു ഇത്തവണത്തെ സവിശേഷമായ വസ്തുതയാണ്.' വിശുദ്ധ വാതിൽ തുറന്നതിന്റെ പൊരുൾ, പ്രതീകാത്മകത വിശദീകരിച്ച പാപ്പാ ഹൃദയം തുറക്കുക എന്നാണ് അത് സൂചിപ്പിക്കുന്നതെന്നു പറഞ്ഞു. അടഞ്ഞ കഠിന ഹൃദയങ്ങൾ ജീവിതത്തിന് സഹായകമല്ലെന്നു പ്രസ്താവിച്ച പാപ്പാ ഈ ജൂബിലിയുടെ അനുഗ്രഹം പ്രത്യാശയിലേക്കു ഹൃദയം തുറക്കുക എന്നതാണെന്ന് ഉദ്ബോധിപ്പിച്ചു.

PAGE 08

## റബർ ഉപേക്ഷിച്ച് എണ്ണപ്പനയിലേക്ക് തിരിയണം

### നഷ്ടം സഹിച്ച് തളർന്ന റബർ കർഷകർക്ക് രക്ഷപെടാൻ മാർഗ്ഗമുണ്ട്



പി സി സിറിയക്
ഐഎഎസ് (റിട്ട.)



പണ്ട് മലേഷ്യയായിരുന്നു, റബർ കൃഷിയിൽ, ഒന്നാം സ്ഥാനത്ത്. പക്ഷേ, വേണ്ടത്ര ലാഭം കിട്ടുന്നില്ലെന്നു കണ്ടപ്പോൾ മാറിച്ചിന്തിച്ചു, അവർ. റബർ ഉപേക്ഷിച്ച് എണ്ണപ്പനയിലേക്കാണ് അവർ തിരിഞ്ഞത്. ഇന്ന് മലേഷ്യയും, ഇൻഡോനേഷ്യയും ഏറ്റവുമധികം പാമോയിൽ കയറ്റുമതി ചെയ്ത് ലാഭം നേടുന്നു. ഇൻഡ്യയിൽ ഇന്ന് പെട്രോളിയവും, സ്വർണ്ണവും കഴിഞ്ഞാൽ ഇറക്കുമതിക്കായി ഏറ്റവും കൂടുതൽ വിദേശനാണ്യം നാം ചെലവാക്കുന്നത് പാമോയിൽ ഇറക്കുമതി ചെയ്യാനാണ്. നമ്മുടെ ഭക്ഷ്യ എണ്ണയുടെ ഉപഭോഗം ആണ്ടുതോറും പെരുകുന്നു.

ശേഷം 7-ാം പേജിൽ

## പ്രത്യാശയുടെ പുതുവർഷം



മാർ ജോസ് പുളിക്കൽ

ഒരുപിടി ഓർമ്മകൾ ബാക്കിവച്ച് രണ്ടായിരത്തി ഇരുപത്തിനാല് വിടചൊല്ലി. നന്മയുടെ സ്വപ്നങ്ങളുമായി പുത്തനാണ്ടിലേയ്ക്ക് നമ്മൾ പ്രവേശിച്ചു കഴിഞ്ഞു; 2025!. കടന്നുപോയ വത്സരത്തിൽ സന്തോഷവേളകൾക്കൊപ്പം തിക്താനുഭവങ്ങളും നമ്മുടെ വഴികളിൽ കൂട്ടിനുണ്ടായിരുന്നു. എല്ലാമൊരു പാഠശാലയായിരുന്നുവെന്നത് പരമാർത്ഥം. പക്ഷെ ഭാവാത്മകമായി സമീപിക്കണമെന്നു മാത്രം. ദൈവപരിപാലനയുടെ തണലിൽ അനുഭവങ്ങളെയും അവസരങ്ങളെയും തിരിച്ചറിഞ്ഞ് സ്വീകരിക്കാൻകഴിഞ്ഞാൽ നമ്മൾ വിജയിക്കും. അപ്പോൾ എല്ലാം അനുഗ്രഹത്തിന്റെ വഴികളായി പരിണമിക്കും. ദൈവവചനം നമ്മോടു സംസാരിക്കുന്നതിങ്ങനെ:"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമാ 8:28).

പുതുവത്സരത്തിലേക്ക് 'പ്രത്യാശയുടെ തീർത്ഥാടകരാ'യിട്ടാണ് നമ്മൾ ചുവടുവയ്ക്കേണ്ടത്. മിശിഹാക്കാലം 2025 മഹാജൂബിലി വർഷമായി പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ പ്രത്യാശയുടെ തീർത്ഥാടകരാകുവാനുള്ള ആഹ്വാനം സഭയ്ക്ക് നൽകി. അശാന്തവും കലുഷിതവുമായ ലോകത്തിൽ ശാന്തിദൂതരായിത്തീരാൻ നമുക്കു കടമയുണ്ട്. തിന്മകളുടെ ഇരുൾപരക്കുന്ന മരണസംസ്കൃതിയിൽ പ്രതീക്ഷയുടെ നാളം തെളിക്കാൻ നമ്മൾ നിയുക്തരാണ്. ലോകത്തിന്റെ പ്രകാശമായി ഉദിച്ചുയർന്ന മിശിഹായെ ഹൃദയത്തിൽ സ്വീകരിച്ചു മുന്നേറുമ്പോഴാണിത് സാധ്യമാകുന്നത്.

ശേഷം 5-ാം പേജിൽ



ADHD

PAGE 04



വലിയ കുടുംബങ്ങൾ, വലിയ ഹൃദയങ്ങൾ: എന്തുകൊണ്ട് കൂടുതൽ കുട്ടികൾ വേണം?

PAGE 05



## എഡിറ്റോറിയൽ

## 2025 ൽ ജീവിതം ഊർജ്ജസ്വലമാകട്ടെ

ഈ പുതുവർഷപ്പുലരിയിൽ ഉണർന്നെഴുന്നേറ്റ നമ്മൾ ഒരു പുത്തനാണ്ടിന്റെ ഉമ്മറപ്പടിയിൽ പദമൂന്നി നില്ക്കുന്നവരാണ്. ജീവിതം നീട്ടിക്കിട്ടിയവർ. ഈ വർഷത്തിന്റെ അന്ത്യത്തോളം നമ്മളെത്തുമോ എന്നുറപ്പില്ല. നാളെകൾ ഈശ്വരന്റെ കൈകളിലാണ്; ഇന്നുകളെ അവിടുന്ന് നമ്മുടെ കൈകളിൽ വച്ചു തന്നിരിക്കുന്നു-നന്ദി.

ദൈവത്തിന്റെ ഏറ്റവും വലിയ ദാനം ജീവിതംതന്നെയാണ്. അകാലത്തിൽ പൊഴിഞ്ഞുപോകുന്നൊരു ജീവിതത്തെച്ചൊല്ലി അവധിയില്ലാതെ കണ്ണീർവാറ്റുന്നത് അതുകൊണ്ടല്ലേ? എത്ര സ്തുതിച്ചാലും മതിവരാത്ത കൃപാവരമാണു ജീവിതം. ആയുസ് ഒരു ദിവസം നീട്ടിക്കിട്ടാൻവേണ്ടി നമ്മിൽ ചിലർ എന്തു തന്നെ നഷ്ടപ്പെടുത്താൻ തയ്യാറാകുന്നു! ചിലപ്പോൾ നമ്മിലാരും ഈ നൂറ്റാണ്ടിന്റെ അസ്തമയം കാണാൻ ഉണ്ടായേക്കില്ല. നാമാരും അതു പ്രതീക്ഷിക്കുന്നുമില്ല. ഒന്നോ രണ്ടോ പേരുണ്ടായാൽ ഭാഗ്യം! അതു സാരമുള്ള കാര്യമല്ലെന്നു നമുക്കറിയാം. അതുകൊണ്ട്, ഈ ദിവസത്തിന്റെ സന്തോഷം കുറയുന്നുമില്ല. നിറമനസ്സോടെ നമുക്കു ദൈവത്തിന് നന്ദി പറയാം. പരസ്പരം നന്മ നേരാം. പുതിയ വർഷം, നൂറ്റാണ്ട്, ദൈവകൃപയിൽ സമ്പന്നമാകട്ടെ എന്ന് ആശംസിക്കാം.

ജീവിതം സാർത്ഥകമാക്കാൻ കുറഞ്ഞതു മൂന്നു കാര്യങ്ങൾ വേണമെന്നു ബൈബിൾ പണ്ഡിതനായ വില്യം ബാർക്ളെ ചൂണ്ടിക്കാട്ടുന്നു:

1. പ്രതീക്ഷിക്കാൻ ചില വകകൾ. 2. നിറവേറ്റാൻ ചില ഉത്തരവാദിത്വങ്ങൾ 3. സ്നേഹിക്കാൻ ഒരു വ്യക്തി.

ജീവിതം ഊർജ്ജസ്വലമായി മു മ്പോട്ടു കൊണ്ടുപോകുന്നതു സ്വപ്നങ്ങളും പ്രതീക്ഷകളുമാണ്. ആശകളും ലക്ഷ്യങ്ങളുമാണ്. ലക്ഷ്യമില്ലാത്ത വഞ്ചി തീരങ്ങൾ തേടുന്നില്ല; തിരകളിൽ തകരുന്നതേയുള്ളൂ. ഒഴുക്ക് അതിനെ എങ്ങോട്ടോ തള്ളിവിട്ടെന്നും അജ്ഞാ തതീരങ്ങളിൽ അടുത്തെന്നും വരാം. അറിയപ്പെടാത്ത കരകളിൽ അടിഞ്ഞു കൂടാൻ ജീവിതത്തെ വിടരുത്. അതിനു ലക്ഷ്യങ്ങളും പ്രതീക്ഷകളും വേണം-മരണത്തിനിപ്പുറവും അപ്പുറവും നിറഞ്ഞുനില്ക്കുന്ന പ്രതീക്ഷകൾ.

പലർക്കും ജീവിതത്തിൽ പ്രതീക്ഷകളോ ആശകളോ ഇല്ല; ഓർമ്മകളേയുള്ളൂ. ഇന്നലെകളുടെ ഓർമ്മകൾ. ഓർമ്മകളെ അയവിറക്കി ജീവിക്കാൻ തുടങ്ങുന്നതോടെ നമ്മൾ മരിക്കാനും തുടങ്ങുന്നു. ഓർമ്മകൾ ജീവിതത്തിന്റെ തടവറകളിൽനിന്നു തൽക്കാലത്തേക്കൊരു മോചനം തരുമെന്നല്ലാതെ, നാളേക്കു ജീവിക്കാൻ ഒരു ഉത്തേജനവും അരുളുന്നില്ല.

മഹാനായ അലക്സാണ്ടർ ചക്രവർത്തി ഒരിക്കൽ സുഹൃത്തുകൾക്കു സമ്മാനങ്ങൾ വിതരണം ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ഉദാരത കണ്ട് ഒരുവൻ പറഞ്ഞു: "ഇങ്ങനെയായാൽ, അങ്ങേയ്ക്കൊന്നുമുണ്ടാവില്ലല്ലോ!" അദ്ദേഹം പറഞ്ഞു: "മഹത്തായതൊന്നു ഞാൻ സൂക്ഷിക്കുന്നുണ്ട്- എന്റെ പ്രതീക്ഷകൾ!"

നമ്മൾ പക്ഷേ, ഈ മണ്ണിൽ കാലൂന്നി സ്വർഗ്ഗം, ലക്ഷ്യം കുറിക്കുന്ന തീർത്ഥാടകരാണ്. അതുകൊണ്ട്, നമ്മുടെ പ്രതീക്ഷകളും കർമ്മങ്ങളും സ്നേഹവും ആകാശങ്ങൾക്കപ്പുറത്തേക്കു കൂടി പടരുന്നതാകണം. ദൈവത്തെ സ്നേഹിക്കാൻ, അങ്ങിൽ പ്രതീക്ഷകളർപ്പിക്കാൻ, ദൈവസാക്ഷാത്കാരത്തിനുതകുന്ന കർമ്മങ്ങളനുഷ്ഠിക്കാൻ നാം ഉത്സുകരാണ്, ആകണം. സമർപ്പിതാത്മാക്കളുടെ മഹത്തായ സ്വപ്നവും ധന്യമായ കർമ്മവും ഉദാത്തമായ സ്നേഹവിഷയവും ദൈവം മാത്രമാണ്. ദൈവത്തേയും അവിടുത്തേ നീതിയേയും അന്വേഷിക്കുന്നവരാകണം നാം (മത്താ. 6:33). എങ്കിലേ ജീവിത വിജയം കൈവരൂ.

അജ്ഞാതനായ ഒരെഴുത്തുകാരന്റെ നിർദ്ദേശങ്ങൾ പകർത്താം: "ചിരിക്കാൻ സമയം കണ്ടെത്തൂ; അത് ആത്മാവിന്റെ ദാനമാണ്. ചിന്തിക്കാൻ സമയം കണ്ടെത്തൂ; അതു ശക്തിയുടെ ഉറവിടമാണ്. വിനോദിക്കാൻ സമയം കണ്ടെത്തൂ; അത് നിത്യയൗവനത്തിനുള്ള മാർഗ്ഗമാണ്. വായിക്കാൻ സമയം കണ്ടെത്തൂ; അതു വിജ്ഞാനത്തിന്റെ സ്രോതസ്സാണ്. പ്രാർത്ഥിക്കാൻ സമയം കണ്ടെത്തൂ; അത് അലോകശക്തിയുടെ ഉറവിടമാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സമയം കണ്ടെ ത്തൂ; അതു സന്തോഷത്തിലേക്കുള്ള പാതയാണ്. കൊടുക്കാൻ അവസരം കണ്ടെത്തൂ; സ്വാർത്ഥം ആത്മഹത്യാപരമാണ്. അദ്ധ്വാനിക്കാൻ സമയം കണ്ടെത്തൂ; അതു വിജയത്തിന്റെ മന്ത്രമാണ്." ഈ പുത്തനാണ്ട് നന്മ നിറഞ്ഞതാകട്ടെ.

Darsakan, P.B. No. 22, Kanjirapally-686 507.
Ph: 7025466111 |
E-mail: darsakankply@gmail.com | www.darsakan.in

# കാഞ്ഞിരപ്പള്ളി രൂപതയുടെ വലിയ സമ്പത്താണ് യുവജനങ്ങൾ: മാർ റാഫേൽ തട്ടിൽ



കാഞ്ഞിരപ്പള്ളി രൂപത എസ്എംവൈഎം യുവജനങ്ങളുടെ മഹസംമം - നസ്രാണി യുവശക്തി 2024 സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. വിൻസി അലോഷ്യസ്, കാഞ്ഞിരപ്പള്ളി രൂപത ബിഷപ് മാർ ജോസ് പുളിക്കൽ, എസ്എംവൈഎം രൂപത ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ, രൂപത വികാരി ജനറാൾ റവ.ഡോ. ജോസഫ് വെള്ളമറ്റം, എസ്എംവൈഎം രൂപത പ്രസിഡന്റ് അലൻ എസ്. വെള്ളൂർ എന്നിവർ സമീപം.

**കുട്ടിക്കാനം:** കാഞ്ഞിരപ്പള്ളി രൂപതയുടെ ഏറ്റവും വലിയ സമ്പത്താണ് യുവജനങ്ങളെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ. കുട്ടിക്കാനം മരിയൻ കോളജ് ഓട്ടോണമസിൽ നടന്ന കാഞ്ഞിരപ്പള്ളി രൂപത എസ്എംവൈഎം യുവജനങ്ങളുടെ മഹാസംഗമം - നസ്രാണി യുവശക്തി 2024 ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ.

രൂപതയുടെ ഏറ്റവും വലിയ സമ്പത്താണ് യുവജനങ്ങൾ. ഇന്നത്തെ സഭ യുവജനങ്ങളാണ്. യുവജനങ്ങളെ നഷ്ടപ്പെട്ട സഭ വാർദ്ധക്യ സഹജമായ സഭയാണെന്നും നിങ്ങൾ ഇല്ലാത്ത സഭ വന്ധ്യത്വമുള്ള സഭയാണെന്നും മാർ റാഫേൽ തട്ടിൽ പറഞ്ഞു. യുവജനങ്ങൾ സഭയുടെ സ്വത്തും അസ്ഥിത്വത്തിന്റെ അടിസ്ഥാനവുമാണ്. സീറോ മലബാർ സഭയിലെ ഏറ്റവും രുചികരമായ, ഗുണമേന്മയുള്ള വീഞ്ഞ് സൂക്ഷിക്കുന്ന ക്രൈസ്തവ സാക്ഷ്യത്തിന്റെ കൽഭരണിയാണ് കാഞ്ഞിരപ്പള്ളി രൂപത. നല്ല കുലീനത്വമുള്ള, സാക്ഷ്യമുള്ള ക്രൈസ്തവ വിശ്വാസത്തിന്റെ നേർചിത്രമാണ് രൂപതയെന്നും മാർ റാഫേൽ തട്ടിൽ കൂട്ടിച്ചേർത്തു.





# വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റം കൊണ്ടുവരാൻ പരിസ്ഥിതി നിയമ പഠനകേന്ദ്രത്തിന് സാധിക്കും: ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ



സെന്റ് ഡൊമിനിക്സ് കോളജ് ഓഫ് ലോയിൽ ആരംഭിച്ച ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ പരിസ്ഥിതി നിയമ പഠനകേന്ദ്രം ജസ്റ്റീസ് പി.ബി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

**കാഞ്ഞിരപ്പള്ളി:** വിദ്യാഭ്യാസ മേഖലയിൽ അതിവേഗം വളരുന്ന കാഞ്ഞിരപ്പള്ളിയിൽ സമൂലമായ മാറ്റം കൊണ്ടുവരാൻ പരിസ്ഥിതി നിയമ പഠനകേന്ദ്രത്തിന് സാധിക്കുമെന്ന് കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ. സെന്റ് ഡൊമിനിക്സ് കോളജ് ഓഫ് ലോയിൽ ആരംഭിച്ച ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ പരിസ്ഥിതി നിയമ പഠനകേന്ദ്രം ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരിസ്ഥിതി നിയമ പഠനകേന്ദ്രം ജസ്റ്റീസ് പി.ബി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷണ നിയമ മേഖലയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചയാളായിരുന്നു ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണനെന്ന് ജസ്റ്റീസ് പി.ബി. സുരേഷ് കുമാർ പറഞ്ഞു. നിയമ വിദ്യാർഥികളുടെ കഴിവിനെ പ്രചോദിപ്പിക്കാനും അവരിൽ വിമർശനാത്മക ചിന്താഗതി വളർത്താനും സെന്ററിന് കഴിയട്ടെയെന്ന് മുഖ്യപ്രഭാഷണം നടത്തിയ ജസ്റ്റീസ് സി.എസ്. ഡയസ് പറഞ്ഞു.

ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണന്റെ ഭാര്യ മീരാ സെൻ, അഡ്വ. കെ.എസ്. ശ്രീകുമാർ, സെന്റ് ഡൊമിനിക്സ് കോളജ് ഓഫ് ലോയുടെ മാനേജർ ഫാ. വർഗീസ് പരിന്തിരിക്കൽ, പ്രിൻസിപ്പൽ ഡോ. ഗിരിശങ്കർ, കുര്യച്ചൻ ജോസി എന്നിവർ പ്രസംഗിച്ചു. പരിസ്ഥിതി സംരക്ഷണ നിയമമേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നൂതനമായ ഒട്ടനവധി പദ്ധതികളാണ് പഠനകേന്ദ്രം ലക്ഷ്യം വയ്ക്കുന്നത്.

## പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (PMJAY)

70 വയസിന് മുകളിലുള്ള എല്ലാവർക്കും സൗജന്യ ഇൻഷുറൻസ്; രജിസ്റ്റർ ചെയ്യേണ്ടത് എങ്ങനെ? വിശദമായറിയാം.

70 വയസ്സിന് മുകളിലുള്ള എല്ലാ ഇന്ത്യൻ പൗരനും പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ

**എന്താണ് പദ്ധതിയുടെ ഗുണഫലം ലഭിക്കാനുള്ള മാനദണ്ഡം?**

* 70 വയസ്സിന് മുകളിലായിരിക്കണം

**പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ എന്തൊക്കെ രേഖകൾ വേണം?**

* ആധാർ കാർഡ്, * മൊബൈൽ നമ്പർ , * kyc രേഖകൾ

**എങ്ങനെ രജിസ്റ്റർ ചെയ്യാം**

വെബ്സൈറ്റ് https://nha.gov.in

ആയുഷ്മാൻ ഭാരത് ആപ്പ് ഡൌൺലോഡ് ചെയ്തും ഓൺലൈനായി അപേക്ഷിക്കാം

ഓഫ്ലൈൻ ആയി ചെയ്യാൻ അടുത്തുള്ള ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററിലും കോമൺ സർവീസ് സെന്ററിലും പോകാൻ സാധിക്കും. ആധാർ കാർഡ്, kyc രേഖകൾ, മൊബൈൽ ഫോൺ എന്നിവ കയ്യിൽ കരുതണം. അതിനുശേഷം ആയുഷ്മാൻ കാർഡ് ഡൗൺലോഡ് ചെയ്യണം രാജ്യത്ത് 29000 ആശുപത്രികളിൽ ക്യാഷ് ലെസ്സ് ട്രീറ്റ്മെന്റ് ലഭിക്കും. ആശുപത്രിവാസം, ശസ്ത്രക്രിയകൾ, വിവിധ പരിശോധനകൾ എന്നിവയ്ക്ക് ക്യാഷ് ലെസ്സ് കവറേജ് ലഭ്യമാണ്. എന്നാൽ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം ചികിത്സ തേടുന്ന ആശുപത്രി പദ്ധതിയുടെ ഭാഗമാണെന്ന് ഉറപ്പുവരുത്തുക. പട്ടികയിൽ ഇല്ലാത്ത ആശുപത്രിയിൽ ആനുകൂല്യം ലഭിക്കില്ല. നാഷണൽ ഹെൽത്ത് അതോറിറ്റി വെബ്സൈറ്റ് നോക്കിയശേഷം അടുത്തുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ആശുപത്രി തിരഞ്ഞെടുക്കാം.

**അമൂല്യമായി കരുതുന്ന നസ്രാണി പാരമ്പര്യം പരിചയപ്പെടുത്തുന്ന പ്രത്യേക പംക്തി**

# കുഞ്ഞിന്റെ ജനനം



ഫാ. റോബർട്ട്
ചവറനാനിക്കൽ വി.സി.

വിശേഷമായാൽ ഭാര്യാവീട്ടുകാർ (സാധാരണ അപ്പനും അമ്മയും) ഏതാനും ആഴ്ചകൾക്കുള്ളിൽ വരും. മകൾക്ക് ഇഷ്ടമുള്ള എന്തെങ്കിലും പലഹാരവും കൊണ്ടാണ് വരുന്നത്. പിന്നീട് ഏഴാം മാസം മകളെ കൂട്ടിക്കൊണ്ടു പോകുന്ന വിവരം ഭാര്യാപിതാവ് അറിയിക്കുന്നു. അപ്പോൾ ഏഴു കൂട്ടം പലഹാരങ്ങൾ ഭർത്താവിന്റെ വീട്ടിൽ കൊണ്ടുപോയി കൊടുക്കും. (1) അരിയുണ്ട, (2) അച്ചപ്പം, (3) കുഴലപ്പം, (4) ചീപ്പപ്പം (ചീഡ), (5) ചുരുട്ട് (6) അലുവ, (7) വട്ടയപ്പം, (8) പഴവർഗ്ഗങ്ങൾ, (9) നെയ്യപ്പം ഇവയാണ് സാധാരണയായി കൊണ്ടുപോകുന്നത്. ഇതിന്റെ പകുതി ഭർതൃവീട്ടുകാർ പെണ്ണ് പോകുമ്പോൾ കൊടുത്തുവിടുന്നു. ഒരാഴ്ച കഴിയുമ്പോൾ ഭർത്താവ് ചെന്ന് ഭാര്യയെ സ്വന്തം വീട്ടിലേക്ക് വിളിച്ചുകൊണ്ടുവരും. ഒരാഴ്ച കഴിഞ്ഞ് തിരിച്ചു കൊണ്ടുപോയി വിടും. പിന്നീട് ഒൻപതാം മാസം ഭർത്താവിന്റെ മാതാപിതാക്കളും സഹോദരിമാരും (മൂന്നുനാലു പേർ) ഭാര്യയുടെ വീട് സന്ദർശിക്കുന്നു (വയർ കാണൽ ചടങ്ങ്). അപ്പോൾ ഒൻപതു കൂട്ടം പലഹാരങ്ങൾ കൊണ്ടുപോകുന്നു. വീട്ടുകാർക്ക് ആവശ്യമുള്ളതിലും കൂടുതൽ പലഹാരങ്ങൾ കാണും. ഇത് അയൽക്കാർക്കുംകൂടി കൊടുക്കുവാനാണ്. ഇതുവഴി അവരെയും കുഞ്ഞു ജനിക്കാൻപോകുന്നതിന്റെ സദ്വാർത്ത അറിയിക്കുകയാണ്.

9 മാസവും 9 ദിവസവും 9 വിനാഴികയുമാണ് സാധാരണ ഒരു കുഞ്ഞിന്റെ ഗർഭകാലം. പ്രസവം വീടുകളിലാണ് നടക്കുന്നത്. വയറ്റാട്ടി (സൂതികർമ്മിണി)യാണ് പ്രസവശുശ്രൂഷകൾ നടത്തിയിരുന്നത്. ആ സ്ത്രീ കുഞ്ഞിന്റെ പൊക്കിൾക്കൊടി ഛേദിച്ച് നൂലിട്ട് മുറുക്കി കെട്ടും. വാതിൽ നന്നായി ചേർത്തടച്ചിട്ട് ശബ്ദം കേൾക്കത്തക്കവിധം കൈകൊണ്ടു തട്ടിത്തുറക്കും. ഇത് കുഞ്ഞിന്റെ പേടി മാറാനാണ്. വല്യമ്മ കുഞ്ഞിനെ മടിയിൽ വച്ച് ഈശോ / ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്ന നാമം ചെവിയിൽ ഓതിക്കൊടുക്കുന്നു. കുഞ്ഞ് ആദ്യം കേൾക്കേണ്ട വചനമാണിത്. ജീവിതകാലം മുഴുവനും മരണനേരം വരെയും ശ്രവിക്കേണ്ട പുണ്യനാമമാണിത്.

പൊന്നും വയമ്പും (ചിലയിടങ്ങളിൽ തേനും) അരച്ചു കൊടുക്കും (ജനിക്കുന്ന ദിവസം ഒരു പ്രാവശ്യം മാത്രം). സാധാരണ മോതിരം ഉരുമ്മിയാണ് സ്വർണ്ണം എടുക്കുന്നത്. (മോതിരം / മാല എടുത്ത് ഒന്നുരച്ച് തേനിൽ തൊട്ടു കൊടുക്കും.) വയമ്പ് ഹന്നാൻവെള്ളത്തിലാണ് അരച്ചു കൊടുക്കുന്നത്. കുഞ്ഞ് ആദ്യം രുചിക്കേണ്ടത് ഇവ മൂന്നുമാണ്. സ്വർണ്ണം ലോകത്തിലെ ഏറ്റവും മഹത്തായ ലോഹമാണ്. ഇത് ദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. പൂജരാജാക്കന്മാർ യേശു ജനിച്ചപ്പോൾ സമർപ്പിച്ചത് സ്വർണ്ണമാണ്. സമ്പത്ത്, ഐശ്വര്യം, സൗന്ദര്യം, രാജത്വം ഇവയുടെ പ്രതീകമാണ് പൊന്ന്. വയമ്പ് ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് കുഞ്ഞിന്റെ സ്വരം തെളിയാനും രുചിയറിയാനും സഹായിക്കുന്നു. തേൻ മധുരം, രുചി അറിയാൻ സഹായിക്കുന്നു. നസ്രാണി കുടുംബങ്ങളിൽ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ മനുഷ്യജീവനെ എത്ര കരുതലോടെയാണ് പരിപാലിച്ചിരുന്നത് എന്നതിന്റെ തെളിവാണിത്.






## 2.2. കുഞ്ഞിനെ കാണൽ

പ്രസവിച്ച ഉടനേ അപ്പൻ വീട്ടുകാർ (വല്യപ്പൻ, വല്യമ്മ തുടങ്ങിയവർ) കുഞ്ഞിനെ കാണാൻ പോകും. ഇത് അവരുടെ അവകാശവും കടമയുമാണ്. അപ്പോൾ കാഴ്ചകൾ കൊടുക്കും. പൂജ രാജാക്കന്മാർ കാഴ്ച സമർപ്പിച്ചു (മത്താ. 2:11); ചെങ്ങാലികളെ കാഴ്ചവച്ചു (ലൂക്കാ 2:24). സോപ്പ്, ഇഞ്ച, കുട്ടിയുടുപ്പ് മുതലായവയാണ് സാധാരണ നൽകുന്നത്.

## 2.3 കുഞ്ഞിന്റെയും അമ്മയുടെയും പരിപാലനം

കുഞ്ഞിനെ പാളയിൽ കിടത്തി വെളിച്ചെണ്ണ തേപ്പിച്ച് തിരുമ്മും. ഇത് അവയവങ്ങൾ നേരെയാകാനാണ്. ചുണ്ട് & മോണ - പല്ല് നിരയാകാൻ, മൂക്ക് & കഴുത്ത് -നീളാൻ, കൈകാലുകൾ - വളരാൻ.

ഏതാനും മിനിറ്റുകൾക്കുശേഷം ചെറുചൂടുവെള്ളത്തിൽ ഇഞ്ച തേച്ചു കുളിപ്പിക്കും. അതിനുശേഷം കുഞ്ഞിനെ മടിയിൽ കിടത്തി എല്ലാ അവയവങ്ങളും മൃദുവായി തിരുമ്മി കൈകാലുകൾ മൃദുവായി കുടഞ്ഞെടുക്കും.

സുഖപ്രസവമാണെങ്കിൽ ഏഴു ദിവസം കഴിഞ്ഞ് അമ്മയ്ക്ക് വേദിട്ടു കുളിപ്പിക്കൽ ചടങ്ങുണ്ട്. മൈലെള്ള്, കാപ്പിയില, പാണലില, പേരയില, പ്ലാവില ഇവയെല്ലാം തലേദിവസം വെള്ളത്തിൽ തിളപ്പിച്ചിടും (വേദ്). പിറ്റേദിവസം വേദ് നന്നായ ചൂടാക്കി അമ്മയുടെ ദേഹത്ത് കുഴമ്പിട്ട്, തലയിൽ നല്ലെണ്ണ തേച്ച് അരമണിക്കൂർ ഇരുന്നശേഷം വേദിട്ട് വെള്ളം ചൂടോടെ ദേഹമാസകലം വാരി പിടിക്കണം. തലയിൽ വെള്ളിലത്താളി തേച്ച് കുളിക്കണം.

നസ്രാണികുടുംബങ്ങളിൽ പ്രസവാനന്തരം അമ്മയും കുഞ്ഞും ആദ്യമായി ദൈവാലയത്തിൽ വരുമ്പോൾ വൈദികൻ ആശീർവ്വാദം വാങ്ങി ദൈവാലയത്തിൽ പ്രവേശിക്കുന്ന പതിവുണ്ട്. ❖



ആരോഗ്യം

# ADHD



**ഡോ. റോസ് മേരി ടോം**
കൺസൾട്ടന്റ് പീഡിയാട്രീഷൻ
സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന



ഡോക്ടറെ... ' ഞങ്ങളുടെ കുട്ടിക്ക് ക്ലാസ്സിൽ തീരെ ശ്രദ്ധയില്ല'

'ക്ലാസ് എടുക്കുമ്പോൾ ക്ലാസ്സിലൂടെ അവൻ ഓടി നടക്കും'

'സ്പ്രിങ് പിടിപ്പിച്ചത് പോലെയാണ് അവൻ പെരുമാറുന്നത്, ഒരിടത്തും അവൻ അടങ്ങിയിരിക്കില്ല'.

ഇന്ന് ഒ.പി യിലെത്തുന്ന പല മാതാപിതാക്കൾക്കും കുഞ്ഞുങ്ങളെ കുറിച്ചുള്ള പരാതികളാണ്. ഇത്തരം പരാതികളുമായി എത്തുന്ന മാതാപിതാക്കളുടെ എണ്ണവും കൂടി വരികയാണ്.

ഇവ കുഞ്ഞിന്റെ പെരുമാറ്റ വൈകല്യമോ പഠനവൈകല്യമോ ഹൈപ്പെറാക്ടിവിറ്റി ഡിസോർഡറോ ആകാം. അതിനാൽ ശരിയായ സമയത്ത് ഡോക്ടറെ കാണിക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

**എന്താണ് ADHD ?**

അഞ്ചു മുതൽ 8% വരെ സ്കൂൾ കുട്ടികളിൽ ADHD കാണപ്പെടുന്നുണ്ട്.

മൂന്നുവയസ്സു മുതൽ തുടങ്ങുമെങ്കിലും സ്കൂളിൽ പോയി തുടങ്ങുമ്പോഴാണ് ശ്രദ്ധിക്കുന്നത്.

ADHD യെ മൂന്നായി തിരിക്കാം.

1. **അമിത വികൃതി**

- ക്ലാസിലോ വീട്ടിലോ തുടർച്ചയായി ഇരിക്കാൻ കഴിയാതെ ഓടി നടക്കുക.
- എപ്പോഴും അസ്വസ്ഥനായിരിക്കുക.
- തുടർച്ചയായി അലക്ഷ്യസ്വഭാവമുള്ള ശരീര ചലനങ്ങൾ കാണിക്കുക.
- എപ്പോഴും ബഹള സ്വഭാവം കാണിക്കുക.
- വളരെ ഉയരത്തിൽ നിന്നും താഴേക്ക് ചാടുക.

2. **ശ്രദ്ധക്കുറവ്**

തുടർച്ചയായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന ജോലികളിൽ നിന്ന് ഒഴിഞ്ഞുമാറുക.

- സ്വന്തമായി ആസൂത്രണം ചെയ്ത് ജോലി ചെയ്യാൻ കഴിയാതെ ഇരിക്കുക.
- പേന, പെൻസിൽ തുടങ്ങിയവ സ്ഥിരമായി മറന്നുപോവുക.
- മാതാപിതാക്കളും അധ്യാപകരും നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കാതെ ഇരിക്കുക.
- ഏൽപ്പിച്ച ജോലികൾ പൂർത്തിയാക്കാതെ ഇടയ്ക്കു വച്ച് നിർത്തുക.
- പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും അശ്രദ്ധ മൂലം സ്ഥിരമായി തെറ്റുകൾ വരുത്തുക.

3. **എടുത്തുചാട്ടം**

- ചോദ്യം കേട്ട് തീരും മുൻപ് ഉത്തരം വിളിച്ചു പറയുക.
- ക്യൂവിൽ കാത്തുനിൽക്കാൻ സാധിക്കാതെ വരിക.
- മറ്റുള്ളവരെ സംസാരിക്കാൻ അനുവദിക്കാതെ ഇടയ്ക്കു കയറി സംസാരിക്കുക.
- ഒരു കാര്യത്തിലും ശ്രദ്ധ പതിപ്പിക്കാൻ കഴിയാതിരിക്കുക.

പല കുട്ടികളിലും മുകളിൽ പറഞ്ഞിരിക്കുന്ന പല ലക്ഷണങ്ങളിൽ പലതും കാണപ്പെടാം എന്നാൽ രണ്ടു സ്ഥലങ്ങളിൽ എങ്കിലും മുകളിൽ പറഞ്ഞ ലക്ഷണങ്ങൾ കണ്ടെത്തിയാൽ മാത്രമേ ADHD എന്ന് പറയാൻ സാധിക്കുകയുള്ളൂ. ഉദാഹരണത്തിന് സ്കൂളിലും വീട്ടിലും.

ADHD യുടെ ലക്ഷണങ്ങൾ കണ്ടെത്തിയാൽ ഉടനെ തന്നെ ഒരു ഡോക്ടറെ സമീപിക്കാൻ മടിക്കരുത്.

ഇത്തരം കുഞ്ഞുങ്ങളിൽ അധ്യാപകർ എന്തൊക്കെ ശ്രദ്ധിക്കണം -

- കുട്ടികളെ അധ്യാപകരുടെ അടുത്ത് മുൻ നിരയിൽ ഇരുത്തുക.
- അധ്യാപനത്തിലെ വൈവിധ്യം - പരമ്പരാഗതമായുള്ള പ്രഭാഷണ രീതിയിലുള്ള അധ്യാപനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇത്തരം കുട്ടികൾക്ക് ബുദ്ധിമുട്ടാണ്. അധ്യാപനത്തിൽ പലപല പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.
- അടങ്ങിയിരിക്കാൻ അവർക്ക് ബുദ്ധിമുട്ടായതിനാൽ ഇവർക്ക് ഇടയ്ക്കിടയ്ക്ക് ഇടവേളകൾ അനുവദിക്കുക. ഉദാഹരണത്തിന് ഇത്തരം കുഞ്ഞുങ്ങളെ ക്ലാസ്സ് ലീഡർമാരായി നിയോഗിക്കാം.

നല്ല പെരുമാറ്റത്തിന് പ്രതിഫലം നൽകുക വഴി പോസിറ്റീവ് സ്വഭാവങ്ങൾ പഠിക്കാൻ കുഞ്ഞിനെ സഹായിക്കും .

കുഞ്ഞിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുക -ഒരേസമയം പല നിർദ്ദേശങ്ങൾ നൽകി പാലിക്കാൻ ഇത്തരം കുട്ടികൾക്ക് ബുദ്ധിമുട്ടായിരിക്കും.

### മാതാപിതാക്കൾക്കുള്ള നിർദ്ദേശങ്ങൾ

- കൃത്യമായ ദിനചര്യകൾ പിന്തുടരുക.
- സമീകൃത പോഷകാഹാരം, ചിട്ടയായ വ്യായാമം, മതിയായി ഉറക്കം എന്നിവ ഉറപ്പാക്കുക .
- സ്ക്രീൻ സമയം നിയന്ത്രിക്കുക.
- അധ്യാപകരുമായി നല്ല ബന്ധം പുലർത്തുക - കുട്ടിയുടെ പ്രശ്നങ്ങൾ, ബലഹീനതകൾ, പുരോഗതി എന്നിവ കൃത്യമായി ചർച്ച ചെയ്യുക.
- കുഞ്ഞുമായി സംസാരിക്കുമ്പോൾ അവന്റെ കണ്ണിൽ തന്നെ നോക്കി സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- അവൻ ചെയ്യുന്ന നല്ല കാര്യങ്ങളെ അഭിനന്ദിക്കുക.
- കുട്ടികളോട് അല്പം കൂടുതൽ സ്നേഹവും അടുപ്പവും കാണിക്കുക.
- ധാരാളം സമയം അവനോടൊപ്പം ചെലവഴിക്കുക.
- അവനിലെ വ്യക്തിയെ അംഗീകരിക്കുക വഴി ആത്മാഭിമാനം അച്ചടക്കവും വളർത്തുവാൻ സഹായിക്കും .
- ചെറിയ വിജയങ്ങളും അഭിനന്ദനങ്ങളും ഏറെ ഗുണം ചെയ്യും.

---

പ്രതികരണം

# ജനദ്രോഹപരമായ ഭേദഗതി; വനനിയമ ഭേദഗതി ബിൽ അംഗീകരിക്കാനാവാത്തത്

1961ൽ പ്രാബല്യത്തിൽ വരികയും പലപ്പോഴായി പരിഷ്കരിക്കപ്പെടുകയും ചെയ്ത കേരള ഫോറസ്റ്റ് ആക്ട് വീണ്ടും പരിഷ്കരിക്കുന്നതിനായുള്ള കരട് വിജ്ഞാപനം വനം വകുപ്പ് പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഗൗരവമേറിയതും പ്രധാനപ്പെട്ടതുമായ ചില മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയ ബിൽ. വനനിയമം ജനദ്രോഹപരമെന്ന പരാതികൾ നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്നതും ജനപക്ഷത്തുനിന്നുള്ള പരിഷ്കരണങ്ങൾക്ക് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഈ കാലഘട്ടത്തിൽ ആശങ്കാജനകമായ മാറ്റങ്ങളാണ് പുതിയ ബില്ലിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്.

പിഴ തുകയുടെ വൻ വർദ്ധനവ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിരിക്കുന്ന പരിധിവിട്ട അധികാരങ്ങൾ, മൽസ്യ ബന്ധനം, പാഴ് വസ്തുക്കൾ വനപ്രദേശത്തോ വനത്തിലേക്ക് ഒഴുകിയെത്തുന്ന പുഴയിലോ എത്തിപ്പെടുന്നത് ശിക്ഷാർഹമാക്കിയിരിക്കുന്നത് തുടങ്ങിയ പരിഷ്കരണങ്ങൾ വനാതിർത്തികളിൽ ജീവിക്കുന്ന സാധാരണക്കാർക്ക് വലിയ വെല്ലുവിളിയുയർത്തുന്നവയാണ്. വനനിയമം കൂടുതൽ ജനദ്രോഹപരവും ദുരുപയോഗ സാധ്യതകൾ വർധിക്കുന്ന വിധത്തിലും ആയി മാറുന്നത് അംഗീകരിക്കാനാവുന്നതല്ല. സംശയത്തിന്റെ പേരിലോ, തെറ്റിധാരണകളുടെ പേരിലോ അനേകം നിരപരാധികൾ ശിക്ഷിക്കപ്പെടാൻ ഇത്തരം കരിനിയമങ്ങൾ കാരണമാകും. വനപാലകർക്ക് കൂടുതൽ അധികാരങ്ങളും കൂടുതൽ ദുരുപയോഗ സാധ്യതകളും നൽകുന്ന ഈ നിയമപരിഷ്കരണം പ്രതിഷേധാർഹവും പിൻവലിക്കപ്പെടേണ്ടതുമാണ്.

വനം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ, വന്യജീവിശല്യം നാൾക്കുനാൾ വർധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ അത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നിയമങ്ങൾ ജനജീവിതത്തിന് തടസമാകാതിരിക്കുന്നതിനും ആവശ്യമായ പരിഷ്കരണങ്ങൾക്കാണ് വനംവകുപ്പ് ഈ ഘട്ടത്തിൽ തയ്യാറാകേണ്ടത്. വന്യമൃഗങ്ങളെ വനത്തിന്റെ പരിധിയിൽ നിലനിർത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബ്ബന്ധിതരാകുന്ന വിധത്തിലുള്ള വകുപ്പുകൾ വന നിയമത്തിൽ കൂട്ടിച്ചേർക്കപ്പെടണം. തങ്ങളുടെ പരിധിയിലുള്ള വനത്തിൽനിന്ന് വന്യമൃഗങ്ങൾ ജനവാസമേഖലയിലേയ്ക്ക് പ്രവേശിക്കുന്ന പക്ഷം ഉദ്യോഗസ്ഥർക്ക് അക്കാര്യത്തിലുള്ള ചുമതല ഉറപ്പാക്കപ്പെടേണ്ടതുണ്ട്. അത്തരം സംഭവങ്ങൾ ഉദ്യോഗസ്ഥരുടെ വീഴ്ചയായി പരിഗണിക്കപ്പെടണം. കൂടാതെ പ്രദേശത്തിന്റെ അത്യാവശ്യ വികസനം പോലും തടസപ്പെടുത്തുന്ന നിലവിലുള്ള നിയമങ്ങൾക്ക് ജനോപകാരപ്രദമായ പരിഷ്കരണങ്ങൾ വരുത്താനും സർക്കാർ തയ്യാറാകണം.

കുടുംബം

## വലിയ കുടുംബങ്ങൾ, വലിയ ഹൃദയങ്ങൾ:

# എന്തുകൊണ്ട് കൂടുതൽ കുട്ടികൾ വേണം?

ഡോ. ചിന്നു മേരി ചാക്കോ
കൺസൽട്ടന്റ് സൈക്യാട്രിസ്റ്റ്
എംഎംടി ഹോസ്പിറ്റൽ



അനവധി കുടുംബങ്ങൾ ഇന്ന് കൂടുതൽ കുട്ടികൾക്കുവേണ്ടി ആലോചിക്കുന്നു. ചിലർ ഇതിനെ അന്യായമായി കാണുമ്പോൾ മറ്റു ചിലർ ഇതിനെ ജീവിതത്തിന്റെ ഭാഗമായിട്ടാണ് കാണുന്നത്. ഒരു സൈക്യാട്രിസ്റ്റ് എന്ന നിലയിൽ, മനുഷ്യരുടെ മനഃശാസ്ത്രം മനസ്സിലാക്കി കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളുടെ മനോഭാവവും അവരുടെ ജീവിതത്തിലെ പ്രാധാന്യവും പരിശോധിക്കാം.

**സ്നേഹം പങ്കുവയ്ക്കൽ**

കുടുംബത്തിൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ അച്ഛൻ, അമ്മ, മക്കൾ സ്നേഹബന്ധം കൂടുതൽ വിശാലമായിരിക്കും. കുട്ടികൾ തമ്മിൽ സ്നേഹിക്കുവാനും വിട്ടുവീഴ്ച ചെയ്യുവാനും അവർ പഠിക്കും. മറ്റുള്ളവരോട് ചേരുവാനും പങ്കുവയ്ക്കുവാനും അവർക്ക് കഴിയുന്നത് അവർ മികച്ച സമൂഹജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നു.

**ആത്മവിശ്വാസം വളർത്തൽ**

കുടുംബത്തിൽ സഹോദരങ്ങൾ കൂടുമ്പോൾ ഓരോ കുട്ടിയുടെയും ആത്മവിശ്വാസം വളരുന്നു. സഹോദരങ്ങൾ തമ്മിലുള്ള പങ്കുവയ്ക്കൽ, പരസ്പര പിന്തുണ, സംരക്ഷണം എന്നിവ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. വലിയ കുടുംബത്തിൽ വളരുമ്പോൾ, കുട്ടികൾക്ക് നിരവധി പങ്കാളികൾ, നിഷ്പക്ഷമായ അഭിപ്രായപ്രകടനങ്ങൾക്കുള്ള സാഹചര്യങ്ങൾ, സഹകരണ മനോഭാവത്തോടു കൂടിയുള്ള മത്സരങ്ങൾക്കുള്ള അവസരങ്ങൾ എന്നിവ ലഭ്യമാകുന്നു.

**സാമൂഹിക സാഹചര്യങ്ങൾ**

കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളിൽനിന്നും വരുന്ന കുഞ്ഞുങ്ങൾ അവരുടെ വീടുകളിൽ പഠിച്ച കാര്യങ്ങൾ സമൂഹത്തിലും പ്രായോഗികമാക്കുവാൻ ശ്രമിക്കും. കുട്ടികൾക്ക് പല വിധത്തിലുള്ള ബന്ധങ്ങൾ പടുത്തുയർത്തുവാൻ കഴിയും. അങ്ങനെ അവർ മാന്യമായ സാമൂഹിക ജീവിതം നയിക്കുവാൻ പ്രാപ്തരാകും.

**മാനസിക ആരോഗ്യം**

കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളിലുള്ള ആത്മബന്ധം മാതാപിതാക്കളുടെ മാനസിക ആരോഗ്യത്തിനും ഗുണകരമാണ്. പലവിധത്തിലുള്ള സന്തോഷകരമായ നിമിഷങ്ങൾ ഹാസ്യവും സന്തോഷവും മാതാപിതാക്കളുടെ ജീവിതസമ്മർദ്ദങ്ങൾക്ക് അയവു വരുത്തുകയും ചെയ്യുന്നു. കൂടാതെ കുട്ടികൾ തമ്മിൽ ബന്ധം വളർത്തുമ്പോൾ അവർക്ക് സമ്മർദ്ദങ്ങളെ നേരിടുവാനുള്ള മനോധൈര്യം കൈവരിക്കുകയും പരിഹാരം എളുപ്പമാവുകയും ചെയ്യുന്നു.

**സമഗ്ര വികസനം**

കുടുംബത്തിൽ വളരെയധികം കുട്ടികളുണ്ടെങ്കിൽ, ഓരോ കുട്ടിയുടേയും സമഗ്രമായ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഇത് കാരണമാകും. അവരുടെ ജീവിതപരിചയങ്ങൾ വിപുലമാകും. മനസ്സിന് തീരുമാനമെടുക്കാനുള്ള കഴിവുകൾ, പ്രശ്നപരിഹാര രീതി എന്നിവ വികസിക്കാനും ഇത് സഹായകമാകുന്നു.

**ആത്മാർത്ഥതയും സംസ്കാരവും**

വലിയ കുടുംബങ്ങൾ ഏറെ പ്രാധാന്യമുള്ള ഒരു സവിശേഷതയാണ് ആത്മർത്ഥതയും സംസ്കാരവും. ഓരോ കുട്ടിയും മാനുഷിക മൂല്യങ്ങൾ കൈവരിക്കുന്നതിൽ മികവ് നേടുന്നു. കുടുംബബന്ധങ്ങളുടെ പ്രാധാന്യവും ഒരുമിച്ചു ജീവിക്കുന്നതിന്റെ മാഹാത്മ്യവും ഓരോ കുഞ്ഞിന്റേയും ഹൃദയത്തിൽ വേരുറപ്പിക്കുന്നു.

കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ അവരുടെ സ്നേഹത്തിന്റേയും ബന്ധത്തിന്റേയും പ്രാധാന്യം അടയാളപ്പെടുത്തുന്നു. ഒരു സൈക്യാട്രിസ്റ്റ് എന്ന നിലയിൽ, വലിയ കുടുംബങ്ങളുടെ മനോവിശാലതയും അവർ സമൂഹത്തിനും ഉയർന്ന പ്രാധാന്യം നൽകുന്നു.

കുടുംബത്തിന്റെ വലിപ്പം എത്ര ആയാലും അതിൽ ഒരുമിച്ചു വളരുന്ന കുട്ടികളുടെ ഹൃദയങ്ങളും സ്വപ്നങ്ങളും ഒരുപോലെയാണ്. അവർക്ക് അർഹിക്കുന്ന സ്നേഹം, സംരക്ഷണം, സുരക്ഷ എന്നിവ നൽകുക എന്നത് ഓരോ മാതാപിതാക്കളുടേയും പ്രാഥമിക കടമയാണല്ലോ. ❖

## മിശിഹാവർഷം 2025 - രൂപതാതല ഉദ്ഘാടനം

### പ്രത്യാശയുള്ള തീർഥാടകർ ഉത്സാഹത്തോടെ മുന്നേറും: മാർ ജോസ് പുളിക്കൽ

പ്രത്യാശയുള്ള തീർഥാടകർ ഉത്സാഹത്തോടെ മുന്നേറുമെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ . കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലിൽ രാവിലെ 6.30 ന് അർപ്പിച്ച പരിശുദ്ധ കുർബാനയോടനുബന്ധിച്ച് മിശിഹാ വർഷം 2025 ജൂബിലിയുടെ രൂപതാതല ആചരണത്തിന് തുടക്കം കുറിച്ച് സന്ദേശം നൽകുകയായിരുന്നു മാർ ജോസ് പുളിക്കൽ.



*മിശിഹാ വർഷം 2025 – കാഞ്ഞിരപ്പള്ളി രൂപതാ തല ജൂബിലി വർഷാചരണത്തിന് തുടക്കം കുറിച്ച് രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ കാഞ്ഞിരപ്പള്ളി കത്തീദ്രലിൽ ദീപം തെളിക്കുന്നു. ആർച്ച് പ്രീസ്റ്റ് ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ സമീപം.*

ഒരു സാഹചര്യത്തിനും നിരാശരാക്കാനാവത്ത പ്രത്യാശയിൽ ആഴപ്പെട്ടവർക്കാണ് സുഗമായ യാത്ര സാധ്യമാകുന്നത്. വിശ്വാസബോധ്യത്തിൽ നിന്നാണ് ഹൃദയം ശാന്തമാകുന്നത് . ജീവിതത്തിലെ എല്ലാ സാഹചര്യത്തെയും വിശ്വാസബോധ്യത്തിൽ നിന്നും വ്യാഖ്യാനിക്കുന്നവർ പ്രതിസന്ധികളിൽ ഇടറില്ല.വ്യക്തിപരമായ വിലയിരുത്തലുകളും കണ്ടെത്തലുകളും നടത്തി വിശ്വാസജീവിതത്തിൽ പ്രത്യാശയോടെ തീർത്ഥാടനം നടത്തുന്നവരാകുവാൻ നമുക്ക് കഴിയണമെന്നും മാർ ജോസ് പുളിക്കൽ ഓർമിപ്പിച്ചു.

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലിൽ രൂപതാധ്യക്ഷന്റെ കാർമികത്വത്തിൽ അർപ്പിച്ച പരിശുദ്ധ കുർബാനയിലെ ഉത്ഥാനഗീതത്തോടനുബന്ധിച്ചുള്ള ദീപം തെളിക്കൽ ശുശ്രൂഷയോടെയാണ് രൂപതാതല ജൂബിലി വർഷാചരണത്തിന് തുടക്കമായത്. ഇടവകതല ജൂബിലി വർഷാചരണത്തിന് ദനഹാ തിരുനാൾ റംശനമസ്കാരത്തിലെ ദീപം തെളിയിക്കൽ ശുശ്രൂഷയോടെയാണ് തുടക്കമാകുന്നത്.

1-ാം പേജിൽ നിന്നു തുടർച്ച....

### പ്രത്യാശയുടെ പുതുവർഷം

അപരന്റെ സങ്കടങ്ങളിലേക്ക്, കണ്ണീർവഴികളിലേക്ക് തുറക്കുന്ന ഹൃദയവാതിലുകളാണ് നമുക്കാവശ്യം. 'യുദ്ധഭൂമിയിലെ ആതുരാലയമാകണം സഭ' എന്ന ആഹ്വാനമാണ് ഫ്രാൻസിസ് പാപ്പ 'സുവിശേഷത്തിന്റെ ആനന്ദം' എന്ന അപ്പോസ്തോലിക പ്രബോധനത്തിലൂടെ നമുക്കിന്നു നൽകുന്നത്. ആർദ്രസ്നേഹത്തോടെ സഹോദരർക്ക് കാവലും കരുതലുമായി നമ്മൾ മാറുമ്പോഴാണ് പുതുവർഷം കൃപ നിറഞ്ഞതായിത്തീരുന്നത്.

ഒന്നുകൂടി ചുവടുകിളച്ചു വളമിട്ട് ശ്രദ്ധാപൂർവ്വം പരിചരിച്ചാൽ നമ്മുടെ ജീവിതവൃക്ഷം നല്ല ഫലങ്ങൾ നൽകുമെന്ന പ്രതീക്ഷയിലാണ് ദൈവം. നന്മയുടെ ഫലങ്ങൾ പങ്കുവയ്ക്കാൻ ജീവിതത്തിൽ ഒരവസരം കൂടി ലഭിച്ചിരിക്കുന്നു. സാമൂഹ്യപ്രതിബദ്ധതയോടെ നന്മ ചെയ്യുക സഭയുടെ ദൗത്യമാണ്. എല്ലാവർക്കുമായി തുറന്നിട്ട ജാലകങ്ങളാണ് തിരുസ്സഭയാകുന്ന നമ്മുടെ കുടുംബവീടിനുള്ളത്. സഭയുടെ കൂട്ടായ്മയിൽ ചേർന്നുനിന്ന് 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവു'മായി ജീവിക്കാൻ, മിശിഹായ്ക്കു സാക്ഷികളാൻ ഈ പുതുവർഷം നമ്മെ ക്ഷണിക്കുന്നു. മിശിഹായുടെ വഴികളിലൂടെ ജീവിതപരിസരങ്ങളെ വീക്ഷിക്കാനും നിലപാടു സ്വീകരിക്കാനും ഏവർക്കും കഴിയട്ടെയെന്ന പ്രാർത്ഥനയോടെ പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ❖

കാലികം

# ഇഡബ്ല്യുഎസ് പ്രയോജനപ്പെടുത്തണം

## നാലു സെന്റിന്റെ കുരുക്കഴിഞ്ഞ് കേന്ദ്ര ഇഡബ്ല്യുഎസ്



ഫാ. ജയിംസ് കൊക്കാവയലിൽ

സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികൾ, നായർ, ബ്രാഹ്മണ തുടങ്ങിയ ഇന്ത്യയിലെ വിവിധ വിഭാഗങ്ങളിലെ സാമ്പത്തിക പിന്നാക്കക്കാർക്ക് സർക്കാർ ജോലികളിലും സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അഡ്മിഷനുകളിലും 10% സംവരണം അനുവദിച്ചുകൊണ്ട് 103-ാം ഭരണഘടനാ ഭേദഗതി: ശപ്രകാരം 2019 ൽ കേന്ദ്രസർക്കാരും തുടർന്ന് 2020 ൽ കേരള സർക്കാരും നടപ്പിലാക്കിയ സംവിധാനമാണ് ഇഡബ്ല്യുഎസ് അഥവാ എക്കണോമിക്കലി വീക്കർ സെക്ഷൻസ് റിസർവേഷൻ. ഈ ആനുകൂല്യം ലഭിക്കുന്നതിനു കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും വ്യത്യസ്ത മാനദണ്ഡങ്ങളാണ് ഉള്ളത്. ഇതിൽ കേന്ദ്രസർക്കാർ മാനദണ്ഡങ്ങളെക്കുറിച്ചും അവയിൽ ഗുണഭോക്താക്കൾക്ക് അനുകൂലമായി വന്നിട്ടുള്ള പുതിയ ഉത്തരവുകളെക്കുറിച്ചുമാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്.

### കേന്ദ്രമാനദണ്ഡത്തിലെ അശാസ്ത്രീയത

കേന്ദ്ര ഇഡബ്ല്യുഎസ് മാനദണ്ഡങ്ങൾ വടക്കേന്ത്യയിലെ സാമൂഹിക സാഹചര്യങ്ങൾ അനുസരിച്ച് രൂപപ്പെടുത്തിയതാണ്. വടക്കേന്ത്യയിൽ ആളുകൾ താമസിക്കുന്ന വീടുകൾ ഒരുമിച്ച് ഒരു ഭാഗത്തും അവരുടെ കൃഷിസ്ഥലങ്ങൾ മറ്റൊരിടത്തുമാണ്. അതുകൊണ്ടാണ് അഞ്ച് ഏക്കർ വരെ കൃഷിഭൂമി, പഞ്ചായത്തുകളിൽ 4.13 സെന്റ് വരെയും മുൻസിപ്പാലിറ്റികളിൽ 2.1 സെന്റ് വരെയും റസിഡൻഷ്യൽ പ്ലോട്ട് എന്നിങ്ങനെ വേർതിരിച്ച് രണ്ടു മാനദണ്ഡങ്ങൾ പ്രാബല്യത്തിൽ വന്നത്. എന്നാൽ കേരളത്തെ സംബന്ധിച്ച് ഇവ അശാസ്ത്രീയമായി മാറുന്നു, കാരണം കേരളത്തിൽ ഭൂരിഭാഗം ആളുകളുടെയും വീടും കൃഷിസ്ഥലവും ഒരുമിച്ചു തന്നെയാണ്, പലയിടത്തും കൃഷിസ്ഥലമെന്നോ റസിഡൻഷ്യൽ പ്ലോട്ട് എന്നോ വ്യത്യാസമില്ല. കേരള സർക്കാരുതന്നെയും ഭൂമിയെ ഇപ്രകാരം തരംതിരിച്ചിട്ടില്ല.

### കേന്ദ്രനടപടി

കേന്ദ്ര മാനദണ്ഡത്തിലെ ഈ അശാസ്ത്രീയതയും കേരള സർക്കാരിന്റെ ദുർവ്യാഖ്യാനവും ചൂണ്ടിക്കാട്ടി സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനും ചങ്ങനാശേരി അതിരൂപതയിലെ കാർപ് ഡിപ്പാർട്ടുമെന്റും മറ്റു പല സംഘടനകളും കേന്ദ്ര സർക്കാരിന് പരാതികൾ അയച്ചു. ശ്രീ. തോമസ് ചാഴികാടൻ എംപി ഈ വിഷയം പാർലമെന്റിൽ ഉന്നയിച്ചു. ഇപ്രകാരം പല വിധത്തിലുള്ള ഇടപെടലുകളുടെ ഫലമായി 2022 സെപ്തംബർ 19 ന് കേന്ദ്ര സർക്കാർ, ഇഡബ്ല്യുഎസ് സംബന്ധിച്ച വിവിധ സംശയങ്ങൾക്ക് മറുപടി നൽകുകയും അതിലെ നിർദേശങ്ങൾ നടപ്പിലാക്കാൻ ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കു വിജ്ഞാപനം നൽകി. ഈ വിജ്ഞാപന (സ്പഷ്ടീകരണം) ത്തിന്റെ 9-ാം നമ്പർ ചോദ്യവും ഉത്തരവും ഇപ്രകാരമാണ്.

ചോദ്യം-9 ഒരു വ്യക്തി കൃഷിഭൂമിയിൽ വീടുവച്ചാൽ പ്രസ്തുത സ്ഥലം റസിഡൻഷ്യൽ പ്ലോട്ടായാണോ കൃഷിഭൂമിയാണോ പരിഗണിക്കുക?

ഉത്തരം. റസിഡൻഷ്യൽ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലവും (ബിൽറ്റ് അപ് ഏരിയ) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ചുള്ള കവേർഡ്, അൺകവേർഡ് ഏരിയകളും മാത്രമേ റസിഡൻഷ്യൽ പ്ലോട്ട് ആയി കണക്കാക്കേണ്ടതുള്ളു. ഇപ്രകാരമുള്ള റസിഡൻഷ്യൽ പ്ലോട്ടിന് പുറത്ത് കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന ഭൂമിയെ കാർഷിക ഭൂമിയായും കണക്കാക്കാം. ഈ വർഗീകരണം ഇഡബ്യുഎസ് സംവരണത്തിനു മാത്രം ബാധകമായിരിക്കുന്നതാണ്.

ഇതുപ്രകാരം വീടും പഞ്ചായത്ത്/മുൻസിപ്പൽ നിയമപ്രകാരമുള്ള മിനിമം സെറ്റ് ബാക് ഏരിയയും ചേർന്ന ഭാഗം മാത്രം റസിഡൻഷ്യൽ പ്ലോട്ട്/ഹൗസ് പ്ലോട്ട് ആയി കണക്കാക്കിയാൽ മതിയാവും. ബാക്കി സ്ഥലം കൃഷിസ്ഥലമാണ്.

> **കേരളത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്കുപോലും ഒരു പരിധി വരെ മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിനാൽ മറ്റു സംസ്ഥാനങ്ങളിലെ പരിമിതമായ വിദ്യാഭ്യാസ സാഹചര്യങ്ങളിൽ നിന്നു വരുന്ന ഇഡബ്ല്യുഎസ് കുട്ടികളോട് മൽസരിക്കുമ്പോൾ നമ്മുടെ കുട്ടികൾക്ക് മികവു പുലർത്താനും അവസരങ്ങൾ നേടിയെടുക്കാനും സാധിക്കും.**

### സംസ്ഥാനത്തിന്റെ നിസംഗത

കേന്ദ്രം വ്യക്തമായ സ്പഷ്ടീകരണം നൽകിയിട്ടും സംസ്ഥാനം നിസംഗത തുടരുകയാണ് ചെയ്തത്. കേന്ദ്ര ഉത്തരവുമായി ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റ് നേടാൻ റവന്യൂ അധികാരികളെ സമീപിച്ചവർക്കു ലഭിച്ച മറുപടി 'തങ്ങൾ സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥരാണെന്നും കേന്ദ്ര ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സംസ്ഥാനം ഒരു ഉത്തരവുകൂടി ഇറക്കിയെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കൂ എന്നുമായിരുന്നു.

തുടർന്ന് സംസ്ഥാനത്തിന്റെ ഉത്തരവിനായി നെട്ടോട്ടമായിരുന്നു. നിരവധി പരാതികൾ വിവിധ തലങ്ങളിൽ നിന്നു നൽകിയിട്ടും സംസ്ഥാന സർക്കാർ അനങ്ങിയില്ല. ഇതുമൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിൽ അഖിലേന്ത്യാ തലത്തിൽ ലഭിക്കേണ്ടിയിരുന്ന അനേകായിരം അവസരങ്ങൾ കേരളത്തിലെ സംവരണരഹിത യുവാക്കൾക്കു നഷ്ടപ്പെട്ടു. ഇതേത്തുടർന്ന് അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ കേരള ഹൈക്കോടതിയിൽ ഹർജി നൽകി അനുകൂലമായി വിധി സമ്പാദിച്ചു. ഹൈക്കോടതി ആദ്യം നൽകിയ ഉത്തരവ് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറായില്ല. തുടർന്ന് അദ്ദേഹം കോടതിയലക്ഷ്യ ഹർജി നൽകിയതിനു ശേഷം ഹൈക്കോടതിയുടെ അന്ത്യശാസനത്തെത്തുടർന്നാണ് കേന്ദ്ര നിർദേശം നടപ്പാക്കിക്കൊണ്ട് ഈ നവംബർ 27 ന് സംസ്ഥാനം ഉത്തരവിറക്കിയിരിക്കുന്നത്.

ഈ ഉത്തരവ് അനുസരിച്ച് 1000 സ്ക്വയർ ഫീറ്റോ, അതിൽ താഴെയോ വീടിന് വിസ്തീർണമുള്ളതും അഞ്ച് ഏക്കർ വരെ കൃഷിഭൂമിയും എട്ടുലക്ഷം രൂപ വരെ വാർഷിക വരുമാനവുമുള്ള എല്ലാ സംവരണരഹിത കുടുംബങ്ങളിലെ അംഗങ്ങൾക്ക് കേന്ദ്ര ഇഡബ്ല്യുഎസ് സംവരണം നേടാനുള്ള സാഹചര്യമാണ് ഉരുത്തിരിഞ്ഞിരിക്കുന്നത്.

### അനന്തസാധ്യതകൾ

കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരമുള്ള ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റ് ലഭിക്കുകയെന്നത് നിസാരകാര്യമല്ല. സിവിൽ സർവീസ്, എസ്എസ് സി, യുപിഎസ് സി, റെയിൽവേ, പോസ്റ്റ് ഓഫീസ്, വിവിധ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, ബാങ്കിന്റെ ഐബിപിസ് എക്സാം എന്നിങ്ങനെ നിരവധി മൽസര പരീക്ഷകളിലൂടെ നിയമിക്കുന്ന വേക്കൻസികളിൽ 10% സംവരണം ലഭിക്കും. കേന്ദ്രസർക്കാരിൽ ഒരു വർഷം ഒരു ലക്ഷത്തോളം വേക്കൻസികളാണ് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടാകുന്നത്. ഇവയിൽ ബഹുഭൂരിപക്ഷത്തിലും 10% സംവരണം ലഭിക്കും. കോവിഡു കാലത്തും മറ്റും നികത്താതെപോയ ഒഴിവുകളിലേക്ക് ഉൾപ്പെടെ ഇപ്പോൾ ധാരാളം നോട്ടിഫിക്കേഷനുകൾ വന്നുകൊണ്ടിരിക്കുന്നു.

കൂടാതെ കേന്ദ്ര യൂണിവേഴ്സിറ്റികൾ, കേന്ദ്ര സർക്കാരിന്റെ വിവിധ ഉന്നത വിദ്യാഭ്യസ്ഥാപനങ്ങൾ തുടങ്ങി ലോകോത്തര നിലവാരമുള്ള ഐഐടി, ഐഐഎം ഉൾപ്പടെ എല്ലാ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും അഡ്മിഷന് 10% സംവരണം ലഭിക്കും. NEET പരീക്ഷ, AIIMS പ്രവേശനം ഉൾപ്പെടെ എം ബി ബി എസ്, നഴ്സിംഗ് മേഖലയിൽ കേന്ദ്ര സർക്കാർ സീറ്റുകളിൽ പ്രവേശനം നേടിയെടുക്കാൻ സാധിക്കും. ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നതു വഴിയായി സാമ്പത്തിക ബാധ്യതകൾ ഉണ്ടാകുന്നില്ല എന്നു മാത്രമല്ല വളരെ മൂല്യമുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കുകയും ഉയർന്ന ജോലികൾക്ക് അവസരമൊരുങ്ങുകയും ചെയ്യും. UGC - NET തുടങ്ങിയ യോഗ്യതാ പരീക്ഷകൾ പാസാകാനും മാർക്ക് ഇളവ് ലഭിക്കുന്നു.

### എങ്ങനെ പ്രയോജനപ്പെടുത്തണം

ഇതു നമ്മുടെ കുട്ടികൾക്ക് വലിയൊരു അവസരമാണ് തുറന്നുതരുന്നത്. കേരളത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്കുപോലും ഒരു പരിധി വരെ മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിനാൽ മറ്റു സംസ്ഥാനങ്ങളിലെ പരിമിതമായ വിദ്യാഭ്യാസ സാഹചര്യങ്ങളിൽ നിന്നു വരുന്ന ഇഡബ്ല്യുഎസ് കുട്ടികളോട് മൽസരിക്കുമ്പോൾ നമ്മുടെ കുട്ടികൾക്ക് മികവു പുലർത്താനും അവസരങ്ങൾ നേടിയെടുക്കാനും സാധിക്കും. ചില ഏജൻസികളുടെ മധുരവാക്കുകളിൽ മയങ്ങി വിദേശങ്ങളിൽപോയി കുടുംബത്തിനു വലിയ സാമ്പത്തിക ബാധ്യത വരുത്തി വയ്ക്കുകയും തട്ടിപ്പിനിരയാകുകയും ചെയ്യാതെ മികച്ച ശമ്പളത്തോടു കൂടി നാട്ടിൽ മാന്യമായ ജീവിതം കരുപ്പിടിപ്പിക്കാനുള്ള സുവർണാവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. ചെറുപ്പം മുതലേ ഒരു കരിയർ ഓറിയന്റേഷൻ ഉണ്ടാവുകയും പ്ലസ് ടു, ഡിഗ്രി കോഴ്സുകളോടൊപ്പം പിഎസ് സി, യുപിഎസ് സി, എസ്എസ് സി, ബാങ്കിംഗ് കോച്ചിംഗുകൾ നടത്തുകയും ചെയ്യുന്ന കുട്ടികൾക്ക് കേന്ദ്ര ഇഡബ്ല്യുഎസ് കൂടിയുണ്ടെങ്കിൽ ഡിഗ്രി പൂർത്തിയാകുന്നതോടുകൂടി മികച്ച കരിയർ സ്വന്തമാക്കാം.

❖

### ടീച്ചേഴ്സ് ക്വിസ്



*കാഞ്ഞിരപ്പള്ളി രൂപതാതല വിശ്വാസ ജീവിത പരിശീലകർക്കായി സംഘടിപ്പിച്ച വിശ്വാസജീവിത പരിശീലക ക്വിസിൽ വിജയികളായവർ ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിലിനോടൊപ്പം.*

കാഞ്ഞിരപ്പള്ളി രൂപതാതല വിശ്വാസ ജീവിത പരിശീലകർക്കായി സംഘടിപ്പിച്ച വിശ്വാസജീവിത പരിശീലക ക്വിസിൽ 36 ഇടവകകളിൽ നിന്നുള്ള അധ്യാപകർ പങ്കെടുത്തു. പൊടിമറ്റം സെന്റ് മേരീസ് ചർച്ച് ഒന്നാം സ്ഥാനവും പുളിയന്മല സെന്റ് ആന്റണീസ് ചർച്ച് രണ്ടാം സ്ഥാനവും നേടി. ചാമംപതാൽ ഫാത്തിമ മാതാ ചർച്ച്, എരുമേലി അസംപ്ഷൻ ഫൊറോന ചർച്ച്, വണ്ടൻപതാൽ സെന്റ് പോൾസ് ചർച്ച് എന്നിവർ യഥാക്രമം മൂന്നു മുതൽ അഞ്ചുവരെ സ്ഥാനങ്ങൾ നേടി.



ക്രിസ്മസ്
നവവത്സരാശംസകൾ

**കെ.ജെ. മൈക്കിൾ**
(റിട്ട. സബ് രജിസ്ട്രാർ)
കുഴിവേലിത്തടം, പൊടിമറ്റം
കാഞ്ഞിരപ്പള്ളി
Ph: 9447775925

# വാഹനമോടിക്കുന്നതിനിടയിൽ മയക്കം അനുഭവപ്പെടാറുണ്ടോ?
# എങ്കിൽ 'ഹൈവേ ഹിപ്നോസിസ്' എന്താണെന്നറിഞ്ഞിരിക്കണം

ജാഗ്രത



ദീർഘദൂര യാത്രകളിൽ മിക്ക ഡ്രൈവർമാരും അഭിമുഖീകരിക്കുന്ന ഒന്നാണ് 'ഹൈവേ ഹിപ്നോസിസ്' എന്ന പ്രതിഭാസം. പേര് സൂചിപ്പിക്കുന്നതുപോലെ ഇതൊരു ഹിപ്നോട്ടിക് അവസ്ഥയാണ്?. ഡ്രൈവിങ്ങിനിടയിൽ നമ്മളറിയാതെ മനസ്സൊരുക്കുന്ന ഒരു 'ഓട്ടോ പൈലറ്റ് മോഡ് ഡ്രൈവിങ്' ആണിത്. യാത്രക്കിടെ ഡ്രൈവർ ഉറങ്ങുകയാണിവിടെ ചെയ്യുന്നത്?. പക്ഷെ സാധാരണ ഉറക്കത്തിൽ നിന്ന്? വ്യത്യസ്തമായി കണ്ണുതുറന്നായിരിക്കും ഉറങ്ങുക എന്നുമാത്രം. അതുകൊണ്ടുതന്നെ എപ്പോഴാണ് നാം ഉറങ്ങുന്നതെന്ന്? നമുക്കുതന്നെ ധാരണയുണ്ടാകില്ല.

നേരായതും തടസരഹിതവുമായ ഹൈവേകളിൽ തുടർച്ചയായി വാഹനമോടിക്കുമ്പോൾ മിക്കപ്പോഴും ഡ്രൈവർ ഹൈവേ ഹിപ്നോസിസ് അഭിമുഖീകരിക്കാറുണ്ട്?. ഇത് ആർക്കും സംഭവിക്കാം. പരിചയസമ്പന്നനായ ഡ്രൈവറും തുടക്കക്കാരനുമൊന്നും ഇതിൽനിന്ന് മുക്തരല്ല.? വളരെ അപകടകരമായ അവസ്ഥയാണിത്?. ഉയർന്ന വേഗതയിൽ ദാരുണമായ അപകടമായിരിക്കും ഹൈവേ ഹിപ്നോസിസിന്റെ ഫലമായി ഉണ്ടാവുക.

റോഡിൽനിന്നു സവിശേഷ ശ്രദ്ധയാകർഷിക്കുന്ന കാര്യങ്ങളൊന്നും ദീർഘനേരത്തേക്ക് ഉണ്ടാവുന്നില്ലെങ്കിൽ ഹൈവേ ഹിപ്നോസിസ് നീളുകയും അതു സ്വാഭാവികമായും ഉറക്കത്തിലേക്കും പോകാം. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനാണ് ഹൈവേകളിൽ പല ഭാഗത്തും റോഡിനു കുറുകേ അടുത്തടുത്തു കുറെ വരകൾപോലെ, റമ്പിൾ സ്ട്രിപ്സ് എന്ന സ്ലീപ്പർ ലൈനുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇതിലൂടെ വണ്ടി കടന്നു പോകുമ്പോൾ ചെറിയ കുലുക്കവും ഒച്ചയും ഉണ്ടാകുന്നതിനാൽ ഡ്രൈവർ ഹൈവേ ഹിപ്നോസിസിൽനിന്നോ മയക്കത്തിൽനിന്നോ പുറത്തുവരും.

**യാത്രകളിൽ സ്വയം ശ്രദ്ധിക്കേണ്ട ചിലകാര്യങ്ങൾ:**

ഉറക്കമില്ലായ്മ (ഇൻസോമ്നിയ), സ്ലീപ് അപ്നിയ, ഹൃദയമിടിപ്പിൽ താളപ്പിഴകൾ, തുടങ്ങിയ രോഗങ്ങളുള്ളവർക്ക് ഹൈവേ ഹിപ്നോസിസിനു സാധ്യത കൂടുതലാണ്. അത്തരത്തിലുള്ളവർ ഉറക്ക സമയങ്ങളിൽ ഡ്രൈവ് ചെയ്യുന്നത് ഒഴിവാക്കുക. ഒറ്റയ്ക്കു രാത്രിയിലുള്ള ദീർഘദൂര യാത്ര ഒഴിവാക്കുക. മറ്റൊരാളോട് സംസാരിച്ചിരുന്നാൽ ഈ പ്രശ്നം രൂപപ്പെടില്ല.

ഉറക്കമൊഴിഞ്ഞിരുന്ന ശേഷം ഡ്രൈവ് ചെയ്യരുത്. തുടർച്ചയായുള്ള ഡ്രൈവിങ് ഒഴിവാക്കുക. ഉറക്കം വന്നില്ലെങ്കിൽ പോലും കുറഞ്ഞത് രണ്ടു മണിക്കൂറിലൊരിക്കലെങ്കിലും ഇടവേള എടുക്കുക. കോഫി, ചായപോലുള്ളവ ഇടയ്ക്കു കുടിക്കുന്നത് ജാഗ്രത നിലനിർത്തും. ശരീരത്തിൽ ജലാംശം കുറയുന്നത് ഹൈവേ ഹിപ്നോസിസ് സാധ്യത കൂട്ടും. അതിനാൽ വേണ്ടത്ര വെള്ളം കുടിക്കുക. ഇടയ്ക്ക് മൂത്രമൊഴിക്കാൻ ഇറങ്ങുന്നതും നല്ലത്. ഡ്രൈവിങ്ങിനിടയിൽ ശരിയായ ശരീരനില (Posture) പുലർത്തുക. സുഖകരമായ ഇരിപ്പിനായി കൂടുതലായി പിന്നിലേക്കു ചാഞ്ഞിരുന്ന് ഡ്രൈവ് ചെയ്യരുത്. ആവശ്യമുണ്ടെന്നു തോന്നിയില്ലെങ്കിലും ഇടയ്ക്കിടെ റിയർ വ്യൂ മിററുകളിലൂടെ പിന്നിലെ കാഴ്ചകളും ശ്രദ്ധിക്കുക. ശ്രദ്ധ അടിക്കടി മാറ്റുന്നത് ഹൈവേ ഹിപ്നോസിസ് കുറയ്ക്കും.

യാത്രയ്ക്കു മുൻപ് അമിതമായി ഭക്ഷണം കഴിക്കാതിരിക്കുക, മദ്യം ഒഴിവാക്കുക. ഉറങ്ങുന്നതിനു മുൻപ് പാട്ടു കേട്ടു ശീലിച്ചവർ അത്തരം പാട്ടുകളെ ഒരു കാരണവശാലും വാഹനത്തിൽ കേൾക്കാൻ ഉപയോഗിക്കരുത്. സാധാരണ കേൾക്കുന്ന സംഗീതത്തിൽ നിന്നു വ്യത്യസ്തമായവ, പുതിയവ എന്നിവ മാത്രമേ രാത്രിയാത്രയിൽ ഉപയോഗിക്കാവൂ.

*കടപ്പാട്: കേരള പോലീസ്*

1-ാം പേജിൽ നിന്നു തുടർച്ച....

**നഷ്ടം സഹിച്ചു തളർന്ന....**

ഈ സാഹചര്യത്തിലാണ്, എണ്ണപ്പന കൃഷിക്ക് ക്യാഷ് സബ്സിഡി, സൗജന്യ നടീൽ വസ്തുക്കൾ, സാങ്കേതിക ഉപദേശം എന്നിവ കേന്ദ്രസർക്കാർ ലഭ്യമാക്കുന്നത്.
പക്ഷേ, എണ്ണപ്പന, നമ്മുടെ മണ്ണിൽ, നമ്മുടെ കാലാവസ്ഥയിൽ, ജലസേചനമില്ലാതെ വളരുമോ? നല്ല ഫലം തരുമോ? ന്യായമായ സംശയമാണ്. കേരളത്തിൽ, 'ഓയിൽപാം ഇൻഡ്യ ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം കോട്ടയത്ത്, കോടിമാതയിൽ ഓഫീസുമായി പ്രവർത്തിക്കുന്നു. കഴിഞ്ഞ പത്തു നാല്പതു കൊല്ലമായി, ഓരോ കൊല്ലവും 20, 25 കോടി രൂപ ലാഭം നേടുന്നു. ഈ കമ്പനിക്ക് കൊല്ലം ജില്ലയിൽ കൊട്ടാരക്കരയ്ക്കും, പുനലൂരിനുമിടയ്ക്ക് വലിയ എണ്ണപ്പനതോട്ടവും, ഭക്ഷ്യഎണ്ണ ശുദ്ധീകരണ ശാലയുമുണ്ട്. കേരളത്തിൽ എണ്ണപ്പനകൃഷി വികസനത്തിന് കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്, ഈ കമ്പനിയെയാണ്. ഈ പൊതുമേഖലാ സ്ഥാപനം പോലും വൻലാഭം നേടുമ്പോൾ നമ്മുടെ കഠിനാധ്വാനികളായ കർഷകർ ഈ കൃഷിയിലേയ്ക്കിറങ്ങിയാൽ നല്ല ലാഭം ഉറപ്പാണ്.

എണ്ണപ്പനയോടൊപ്പം ആദ്യത്തെ മൂന്നുകൊല്ലക്കാലത്ത് പൈനാപ്പിളും, അതോടൊപ്പം ഇടവിളകളായി, കൊക്കോയും കൊടിക്കാലിൽ കുരുമുളകും നമുക്ക് കൃഷി ചെയ്യാം. ഈ വിളകൾ നാലും, അതായത്, പൈനാപ്പിൾ, എണ്ണപ്പന, കൊക്കോ, കുരുമുളക്, ഒരേ സമയം ആദായം തരുന്നതോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വൻ മുതൽമുടക്കില്ലാതെ തന്നെ, ഉല്പാദിപ്പിക്കാൻ സൗകര്യം നൽകുന്ന വിളകളുമാണ്. ആദ്യ മൂന്നുവർഷങ്ങളിൽ പൈനാപ്പിൾ നൽകുന്ന ലാഭത്തിനു പുറമെ, മൂന്നു കൊല്ലത്തിൽ ലഭിക്കാൻ തുടങ്ങുന്ന എണ്ണപ്പന പഴക്കുലകളും, കൊക്കോ കായ്കളും, കുരുമുളകുമണികളും നമുക്ക് ലഭിക്കും.

എണ്ണപ്പനയുടെ പഴക്കുലകൾ വെട്ടി താഴെയിട്ട്, ഫാക്ടറിയിൽ എത്തിച്ച് പഴം പിഴിഞ്ഞും, പഴത്തിനുള്ളിലുള്ള കുരു ചതച്ചും, എണ്ണയെടുത്ത് ശുദ്ധീകരിക്കാൻ ഫാക്ടറി വേണം. ഒരു ചെറിയ ഫാക്ടറി നല്ല രീതിയിൽ നടത്താൻ ഉദ്ദേശം 2000 ഹെക്ടർ വിസ്തൃതിയിൽ എണ്ണപ്പന കൃഷിയുണ്ടാകണം. അത് ഉദ്ദേശം 30 കിലോമീറ്റർ ചുറ്റളവിനകത്ത് ഉണ്ടായാൽ, അധിക താമസമില്ലാതെ പഴക്കുലകൾ ഫാക്ടറിയിലെത്തിച്ച് സംസ്കരിച്ച് കൂടുതൽ എണ്ണയെടുക്കാൻ കഴിയും. നമുക്ക് ഫാക്ടറിയില്ലെങ്കിൽ 'ഓയിൽ പാം ഇൻഡ്യ' കമ്പനിക്കാർ ന്യായവിലയ്ക്ക് പഴക്കുല സംഭരിച്ചുകൊള്ളും. പക്ഷേ, കർഷകരുടെ ഫാക്ടറി നിർമ്മിക്കുന്നത് കൂടുതൽ ലാഭം നേടാൻ ആവശ്യം. ഫാക്ടറിക്ക് 6 കോടി രൂപ ചെലവായാൽ, 2 കോടി രൂപ (മൂന്നിലൊന്ന്) സബ്സിഡിയായി ലഭിക്കും.



**എണ്ണപ്പനയോടൊപ്പം ആദ്യത്തെ മൂന്നുകൊല്ലക്കാലത്ത് പൈനാപ്പിളും, അതോടൊപ്പം ഇടവിളകളായി, കൊക്കോയും കൊടിക്കാലിൽ കുരുമുളകും നമുക്ക് കൃഷി ചെയ്യാം. ഈ വിളകൾ നാലും, അതായത്, പൈനാപ്പിൾ, എണ്ണപ്പന, കൊക്കോ, കുരുമുളക്, ഒരേ സമയം ആദായം തരുന്നതോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വൻ മുതൽമുടക്കില്ലാതെ തന്നെ, ഉല്പാദിപ്പിക്കാൻ സൗകര്യം നൽകുന്ന വിളകളുമാണ്.**

എണ്ണപ്പനയ്ക്കു കേരളസർക്കാർ ഭൂപരിധി നിയമത്തിൽനിന്നും ഇളവ് അനുവദിച്ചിട്ടില്ല. അപ്പോൾ, ഭൂപരിധിയിൽനിന്നും ഇളവ് ലഭിച്ചിട്ടുള്ള റബർ തോട്ടത്തിൽ റബറിനുപകരം എണ്ണപ്പന കൃഷി ചെയ്യുമ്പോൾ പ്രശ്നം ഉണ്ടാകുമോ? ഇന്ന് ഇളവ് അനുവദിച്ചിട്ടുള്ള വിളകൾ റബർ, കാപ്പി, തേയില, ഏലം, കൊക്കോ, കശുമാവ്, ഗ്രാമ്പൂ എന്നിവയാണ്.

തൽക്കാലം, ഇളവ് ലഭ്യമായ കൊക്കോയാണ് റബറിന് പകരം കൃഷി ചെയ്യുന്നത്, എന്ന് കാണിക്കുകയും, എണ്ണപ്പന, കുരുമുളക് എന്നിവ ഇടവിളകളാണെന്നും വ്യക്തമാക്കാം. കേരളസർക്കാർ തന്നെ ഇതിനിടയ്ക്ക് ഇക്കാര്യം പരിഗണിച്ച് എണ്ണപ്പന, പഴവർഗ്ഗങ്ങൾ, നാളികേരം, കുരുമുളക്, പ്ലാവ് എന്നീ വിളകളെക്കൂടി ഭൂപരിധിയിൽനിന്നും ഒഴിവാക്കാൻ നമുക്ക് പരിശ്രമിക്കാം.

പ്രായപൂർത്തിയായ റബർ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിനുപകരം, കുറേയധികം റബർ കർഷകർ, എണ്ണപ്പന - കൊക്കോ - കുരുമുളക് - പൈനാപ്പിൾ കൃഷിയിലേക്ക് ഉത്സാഹത്തോടെ ഇറങ്ങുന്നത് കാണുമ്പോൾ, ടയർവ്യവസായികൾ ഈ നീക്കം കാണും. ഇത്രയും കാലം ചൂഷണം ചെയ്യപ്പെട്ട ഇരകളായിരുന്ന ചെറുകിട കർഷകർ ടയർ വ്യവസായികൾക്ക് ഒരു സുപ്രധാനസന്ദേശം നൽകുകയായിരിക്കും ചെയ്യുന്നത് - തങ്ങൾ മാറി ചിന്തിക്കാൻ തയ്യാറാണ്, എന്ന സന്ദേശം!


**സ്ഥലം വില്പനക്ക്**

**പൊൻകുന്നം, തച്ചപ്പുഴ പള്ളിക്കു സമീപം ബസ് സ്റ്റോപ്പ് കവലയിൽ നിന്നും നൂറു മീറ്റർ മാറി പി.ഡബ്ല്യു.ഡി. റോഡിനോടു ചേർന്ന് 17 സെന്റും 38 സെന്റും വീതം വരുന്ന പ്ലോട്ടുകൾ വിൽപ്പനയ്ക്ക്.**

**ഫോൺ: 9447569234, 9497667416**

# സഭാവാർത്തകൾ

## വത്തിക്കാനിൽ വിശുദ്ധ വാതിൽ തുറന്നു; 2025 ജൂബിലി വർഷത്തിന് ആരംഭം



**ഇ**ക്കഴിഞ്ഞ ക്രിസ്തുമസ് രാവിൽ വിശുദ്ധ കുർബാനയ്ക്ക് മുമ്പ് ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറന്നതോടെ 2025 ജൂബിലി വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. 2016 ലെ കരുണയുടെ അസാധാരണ ജൂബിലി വർഷാചരണത്തിന് ശേഷം സീൽ ചെയ്തിരിന്ന ദേവാലയ വാതിലാണ് വീണ്ടും തുറന്നിരിക്കുന്നത്. 2024 മെയ് 9–ന് ഫ്രാൻസിസ് പാപ്പാ നൽകിയ "സ്പേസ് നോൺ കൊൺഫുന്തിത്" (Spes non confundit), 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" എന്ന പേപ്പൽ ബൂള വഴി ഔപചാരികമായി 2025 ജൂബിലി വർഷം പ്രഖ്യാപിക്കുകയായിരിന്നു. 2024 ഡിസംബർ ഇരുപത്തിനാലാം തീയതി മുതൽ 2026 ജനുവരി 6 വരെയുള്ള സമയത്താണ് ജൂബിലി സഭ ആചരിക്കുക.

ദൈവീകമായ പ്രത്യാശയിൽ ആഴപ്പെട്ട് നിത്യതയെ ലക്ഷ്യമാക്കിയുള്ള നമ്മുടെ തീർത്ഥാടനം തുടരാൻ പ്രചോദനവും ശക്തിയുമേകുന്ന ഒരു സന്ദേശമാണ് ജൂബിലിവർഷത്തിലൂടെ പാപ്പയും സഭയും നമുക്ക് മുന്നിൽ വയ്ക്കുന്നത്. രക്ഷയിലേക്കുള്ള ഏക മാർഗ്ഗമായ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന വിശുദ്ധ വാതിലും, ഈ വർഷത്തിലേക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ആപ്തവാക്യവും ലോഗോയും, 2025–ൽ നമുക്ക് മുന്നിൽ അളവുകളില്ലാതെ വർഷിക്കപ്പെടുന്ന കരുണയും ദൈവവുമായുള്ള അനുരഞ്ജന സാധ്യതകളുമാണ്. ഏപ്രിൽ 27–ന് നടക്കുന്ന കൗമാരക്കാരുടെ ജൂബിലി വേളയിൽ വാഴ്ത്തപ്പെട്ട കാർളോ അക്യൂട്ടിസിന്റെയും ആഗസ്റ്റ് 3–ന് യുവജനങ്ങളുടെ ജൂബിലി ആഘോഷത്തിൽ വാഴ്ത്തപ്പെട്ട പിയർ ഫ്രസാറ്റിയുടെയും വിശുദ്ധപദവി പ്രഖ്യാപനങ്ങൾ നടക്കും.

## തിരുസഭയുടെ ചരിത്രത്തിലാദ്യമായി വിശുദ്ധ വാതിൽ തടവറയിൽ തുറന്നു



**ജൂ**ബിലി വർഷത്തിൽ റോമിലെ റെബീബിയയിലുള്ള ജയിലിൽ ഫ്രാൻസിസ് പാപ്പ വിശുദ്ധ വാതിൽ തുറന്നു. സഭയിൽ നൂറ്റാണ്ടുകൾ പിന്നോട്ടുപോകുന്ന ജൂബിലി പാരമ്പര്യ ചരിത്രത്തിൽ ഇതാദ്യമായാണ് കാരാഗൃഹത്തിൽ ഒരു വിശുദ്ധ വാതിൽ തുറക്കുന്നത്. സഭയിലെ പ്രഥമ രക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ തിരുന്നാൾ ദിനമായ ഇന്നലെ ഡിസംബർ 26 നു ഫ്രാൻസിസ് പാപ്പ റോമിലെ റെബീബിയയിലുള്ള തടവറയുടെ പുതിയ വിഭാഗത്തിൽ വിശുദ്ധ വാതിൽ തുറന്നത്. ഇന്നലെ വ്യാഴാഴ്ച രാവിലെ, പ്രാദേശിക സമയം 9 മണിക്കു പാപ്പ വിശുദ്ധ വാതിൽ തുറന്നു വിശുദ്ധ കുർബാന അർപ്പിക്കുകയായിരിന്നു. നൂറോളം തടവുകാരും പോലീസ് ഓഫീസർമാർ, വൈദികർ, സന്നദ്ധപ്രവർത്തകർ, ജയിൽ ഗാർഡുകൾ, അവരുടെ കുടുംബങ്ങൾ എന്നിവർ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

വിശുദ്ധ വാതിൽ തുറന്നതിന്റെ പൊരുൾ, പ്രതീകാത്മകത വിശദീകരിച്ച പാപ്പാ ഹൃദയം തുറക്കുക എന്നാണ് അത് സൂചിപ്പിക്കുന്നതെന്നു പറഞ്ഞു. അടഞ്ഞ കഠിന ഹൃദയങ്ങൾ ജീവിതത്തിന് സഹായകമല്ലെന്നു പ്രസ്താവിച്ച പാപ്പ, ആകയാൽ, ഈ ജൂബിലിയുടെ അനുഗ്രഹം പ്രത്യാശയിലേക്കു ഹൃദയം തുറക്കുക എന്നതാണെന്ന് ഉദ്ബോധിപ്പിച്ചു. മോശമായ കാര്യങ്ങളെക്കുറിച്ചു ചിന്തിച്ച്, എല്ലാം കഴിഞ്ഞന്നു വിചാരിച്ചാൽ ഒന്നും പരിഹരിക്കാനാകില്ല. എന്നാൽ പ്രത്യാശ നിരാശപ്പെടുത്തില്ല. നമ്മുടെ ഹൃദയത്തിന്റെ വാതിൽ എപ്പോഴും തുറന്നിടണമെന്നു അനുസ്മരിച്ച പാപ്പ പ്രത്യാശയെ മുറുകെപിടിക്കണമെന്ന് ഓർമ്മിപ്പിച്ചു.

## ജൂബിലി തീർത്ഥാടനം: ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം



**വി**ശുദ്ധ പത്രോസിന്റെ കബറിടമുള്ള വത്തിക്കാനിലേക്ക് രണ്ടാം നൂറ്റാണ്ടിൽ തന്നെ തീർത്ഥാടകർ എത്തിത്തുടങ്ങിയിരുന്നു. പിന്നീടങ്ങോട്ടുള്ള നൂറ്റാണ്ടുകളിൽ, പ്രത്യേകിച്ച് ജൂബിലി വർഷങ്ങളുടെ അവസരങ്ങളിൽ ഈ തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചുവന്നു. നാലാം നൂറ്റാണ്ടിൽ പണിയപ്പെട്ട ആദ്യ ബസിലിക്ക തന്നെ വളരെയേറെ തീർത്ഥാടകർക്ക് ഇടമേകാൻ തക്ക വലിപ്പമേറിയതായിരുന്നു. നിലവിലെ ബസലിക്കയാകട്ടെ ഏതാണ്ട് ഇരുപത്തിരണ്ടായിരം സ്ക്വയർ മീറ്റർ വലിപ്പമുള്ളതാണ്. തീർത്ഥാടകരും സന്ദർശകരുമായി ദിനം പ്രതി ഏതാണ്ട് അൻപതിനായിരത്തോളം ആളുകളാണ് ഇവിടെയെത്തുന്നത്.

1300–ലാണ് കത്തോലിക്ക സഭയിൽ ആദ്യമായി ജൂബിലി ഔദ്യോഗികമായി ആഘോഷിക്കപ്പെട്ടത്. 1294 മുതൽ 1303 വരെ സഭയെ നയിച്ച ബോനിഫസ് എട്ടാമൻ പാപ്പാ ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയതിനെകുറിച്ച്, വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലുള്ള വിശുദ്ധ വാതിലിൽ, വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിന്റെ ആഘോഷദിനമായ 1300 ഫെബ്രുവരി 22 എന്ന തീയതിയോടെ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് ചരിത്രരേഖകളിൽ കാണാനാകും.

## ഭാഗ്യമുദ്രയായി 'ലൂച്ചെ'

**സാ**ർവത്രിക സഭയിൽ ആരംഭിക്കുന്ന ആത്മീയതയുടെയും ജീവിത നവീകരണത്തിന്റെയും ഒരുവർഷക്കാലം പ്രത്യാശയുടെ ഉൽസവം കൂടിയാണ്. ഉത്ഥിതനായ യേശുവിനോടൊപ്പം മുന്നേറുന്ന സഭയുടെ ഭാവാത്മകമായ ചിത്രമാണ് ജൂബിലി ദിനങ്ങൾ നമുക്കു മുന്നിൽ നിവർത്തി വയ്ക്കുക. ആഹ്ളാദത്തിന്റേയും കൂട്ടായ്മയുടെയും ഈ ഉൽസവത്തിനു ചാരുത പകർന്ന് ഒരു കൊച്ചുഭാഗ്യമുദ്രയുണ്ട്. ഇറ്റാലിയൻ കലാകാരനായ സിമോൻ ലെഗോ രൂപകൽപ്പന ചെയ്ത 'ലൂച്ചെ' യാണ് ആ ഭാഗ്യമുദ്ര. ഒളിമ്പിക്സിലും ഏഷ്യൻ ഗെയിംസിലുമൊക്കെ കാണുന്നതുപോലെ ജൂബിലിക്കും ഒരു ഭാഗ്യമുദ്ര. ഒരു കൊച്ചു തീർത്ഥാടകയുടെ വേഷം. മഞ്ഞ നിറത്തിലുള്ള മഴക്കോട്ടും കുഞ്ഞു കുരിശുരൂപവും പ്രത്യാശയുടെ തീർത്ഥാടനത്തെ സൂചിപ്പിച്ചു കയ്യിൽ ഒരു ഊന്നുവടിയും. പ്രതീക്ഷാനിർഭരമായ മുഖഭാവമുള്ള ലൂച്ചെയുടെ ചിത്രങ്ങളും മെഡലുകളും മറ്റും ഇനിയുള്ള നാളുകളിൽ വിശുദ്ധനഗരത്തിലെങ്ങും ദൃശ്യമാകും.





*അസോവയുടെ വാർഷിക സമ്മേളനം കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു.*

## സമൂഹ നന്മയും മുതിർന്ന പൗരന്മാരുടെ ക്ഷേമവും അസോവ ലക്ഷ്യമാക്കണം: മാർ ജോസ് പുളിക്കൽ

**കാഞ്ഞിരപ്പള്ളി:** മുതിർന്ന പൗരന്മാരുടെ ക്ഷേമവും സന്തോഷവും ലക്ഷ്യമാക്കി പകൽവീട് പോലുള്ള പദ്ധതികളുമായി അസോവ മുന്നിട്ടിറങ്ങണമെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. അസോവയുടെ വാർഷിക സമ്മേളനം കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

പ്രസിഡന്റ് അഡ്വ. എബ്രഹാം മാത്യു പന്തിരുവേലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. ഡൊമിനിക് അയലൂപറമ്പിൽ, ഫാ.തോമസ് വാളന്മനാൽ, അഡ്വ. ബോബൻ മണ്ണാറാത്ത്, ജോയി ജോസഫ്, പ്രൊഫ. ജോർജ് ജോസഫ്, പ്രൊഫ. കെ.ഒ. ജോൺ, സണ്ണി വെട്ടം, എ.സി. ഫ്രാൻസിസ്, പ്രൊഫ. ഫിലോമിന ജോസഫ് എന്നിവർ സംസാരിച്ചു.

## പ്രൊഫ. ഡോ. അജിമോൻ ജോർജ് സിൻഡിക്കേറ്റ് അംഗം

എം.ജി.യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് അംഗമായി (അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ പ്രതിനിധി) കുട്ടിക്കാനം മരിയൻ കോളേജ് ഓട്ടോണമസ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. അജിമോൻ



ജോർജിനെ തിരഞ്ഞെടുത്തു. അക്കാദമിക് മികവ് പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമായ പഠന–ഗവേഷണ അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾക്ക് ഇദ്ദേഹത്തിന് ഈ അംഗീകാരം ലഭിച്ചത്.

### ഉപകാര സ്മരണ



മിനി സണ്ണി,
എരുത്വാപ്പുഴ

### ഉപകാര സ്മരണ



തെയ്യാമ്മ തോമസ്
സുൽത്താൻ ബത്തേരി

### ഉപകാര സ്മരണ



ബീന ജേക്കബ്
മുക്കൂട്ടുതറ

യൂത്ത് കോർണർ

# സ്വപ്നങ്ങൾ സാക്ഷാത്കരിച്ചൊരു യാത്ര:

ജീവ തെരേസ ജോസ്

മേരി ക്യൂറി ഫെലോഷിപ്പോടെ പിഎച്ച്ഡി നേടിയ ആൻ മരിയ ജെയിംസ് എന്ന യുവ ഗവേഷകയുടെ ജീവിതയാത്ര പ്രതീക്ഷയുടെ ഒരു വിളക്കായി മാറിയിരിക്കുന്നു. കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ നിന്നും സ്വീഡനിലെ ഉപ്സല സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷകയായി എത്തിനിൽക്കുന്ന ആൻ മരിയയുടെ ജീവിതം മറ്റുള്ള വിദ്യാർത്ഥികൾക്ക് പ്രചോദനമാണ്. എല്ലാ സ്വപ്നജീവികളെയും നിശ്ചയദാർഢ്യത്തോടെ അവരുടെ അഭിനിവേശം പിന്തുടരാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രചോദനാത്മക കഥ!

വാഴൂർ കാവുങ്കൽ കെ. സി. ജെയിംസിന്റെയും സെലിൻ ജെയിംസിന്റെയും മൂത്ത മകളായ ആൻ മരിയ. കാഞ്ഞിരപ്പള്ളി സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിലെ പഠനത്തിനു ശേഷം ഭൗതികശാസ്ത്രത്തെ തന്റെ പ്രിയ വിഷയമാക്കി തിരഞ്ഞെടുത്തു. എറണാകുളത്തെ സെന്റ് തെരേസ കോളേജിൽ ബിരുദം പൂർത്തിയാക്കിയ ശേഷം ബാംഗ്ലൂരിലെ ക്രൈസ്റ്റ് സർവകലാശാലയിൽ മെറ്റീരിയൽ സയൻസിൽ മാസ്റ്റർ ബിരുദം നേടി. ശാസ്ത്രത്തിന്റെ ഇനിയും തുറന്നിട്ടില്ലാത്ത മേഖലകളിൽ പഠനം നടത്താനുള്ള സ്വപ്നം ആൻ മരിയയെ ഓസ്ട്രിയയിലെ പ്രശസ്തമായ ഗ്രാസ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലേക്ക് പി എച്ച് ഡിക്കു വേണ്ടി നയിച്ചു.

അന്താരാഷ്ട്ര മൊബിലിറ്റി, നൂതന പരിശീലനം, എല്ലാ മേഖലകളിലെയും ഇന്റർ ഡിസിപ്ലിനറി ഗവേഷണ അവസരങ്ങൾ എന്നിവയിലൂടെ എല്ലാ കരിയർ ഘട്ടങ്ങളിലും ഗവേഷകരെ പിന്തുണയ്ക്കുന്ന ഒരു അഭിമാനകരമായ യൂറോപ്യൻ യൂണിയൻ പ്രോഗ്രാമാണ് മേരി സ്ക്ലോഡോവ്സ്ക ക്യൂറി ഫെലോഷിപ്പ്. 1,30,000 യൂറോ (ഏകദേശം 1.16 കോടി രൂപ) ആണ് ഈ സ്കോളർഷിപ്പിന്റെ ഭാഗമായി ഗവേഷണത്തിന് ലഭിച്ചത്. ഓർഗാനിക് തിൻ ഫിലിം സോളാർ സെല്ലുകളെ പറ്റിയുള്ള തന്റെ ഗവേഷണത്തിൽ തനിക്ക് ഏറെ പ്രചോദനം നൽകിയത് ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ISRO എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച ഇന്റേൺഷിപ്പ് അനുഭവങ്ങളാണെന്ന് ആൻ മരിയ പറയുന്നു.



ആൻ മരിയ ജെയിംസ്

വെല്ലുവിളികൾ ആത്മവിശ്വാസവും കരുത്തും കൊണ്ട് മറികടന്നപ്പോൾ ആൻ മരിയ ഇന്ന് എത്തിനിൽക്കുന്നത് സ്വപ്നതുല്യമായ നേട്ടത്തിൽ.

2020 മാർച്ചിൽ ലോകം മുഴുവൻ പടർന്നു പിടിച്ച കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ഓസ്ട്രിയയിലെ തണുപ്പുള്ള കാലാവസ്ഥയിലും ഒറ്റപ്പെടലിലും തന്റെ ഗവേഷണ യാത്ര ആരംഭിക്കേണ്ടി വന്നത് വലിയ പരീക്ഷണം ആയിരുന്നെങ്കിലും തന്റെ അർപ്പണബോധത്താൽ ഈ വെല്ലുവിളികൾ വിജയമാക്കി മാറ്റി. ചെറിയ കാലയളവിൽ തന്നെ നാലു ഗവേഷണ പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും യൂറോപ്പിൽ ഉടനീളം പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

ദൈവഭയവും കുടുംബസ്നേഹവും വിജയത്തിലേക്കുള്ള അടിത്തറയായി മാറിയപ്പോൾ മാതാപിതാക്കളുടെയും സഹോദരൻ ജേക്കബിന്റെയും പിന്തുണ തന്റെ യാത്രയിൽ ഉടനീളം ഉണ്ടായിരുന്നു എന്ന് ആൻ മരിയ നന്ദിയോടെ ഓർക്കുന്നു. ഗവേഷണ ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ സമീപത്തുള്ള ദേവാലയവും പ്രാർത്ഥനയും ആയിരുന്നു ആശ്വാസം.

ഗവേഷണത്തോടൊപ്പം ആൻമരിയയെ ഏറ്റവും അധികം സന്തോഷിപ്പിച്ചത് യാത്രകൾ ചെയ്യുക എന്നുള്ളതായിരുന്നു. പഠനവും ഗവേഷണവും ലാബിൽ മാത്രം പരിമിതമായിരുന്നില്ല. 24 ഓളം രാജ്യങ്ങളിലേക്ക് നടത്തിയ യാത്രകളും വിവിധ സംസ്കാരങ്ങളിലൂടെയുള്ള അനുഭവങ്ങളും ജീവിതത്തിൽ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ സഹായിച്ചു എന്നതിലുപരി, താനെന്ന വ്യക്തിയെ രൂപപ്പെടുത്തുന്നതിലും ഒരു വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഗവേഷകരാകാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് മാതൃകയാണ് ആൻ മരിയയുടെ ജീവിതം. പി എച്ച് ഡി എന്ന കടമ്പ കടക്കുന്നതിനോടൊപ്പം അതിൽ നിലനിൽക്കുക എന്നതും വളരെ പ്രയാസം ഏറിയ കാര്യമാണെന്ന് ആൻ മരിയ ഓർമ്മിപ്പിക്കുന്നു. ആഴത്തിൽ പഠനത്തിനുള്ള വഴികൾ പരിശോധിക്കുക. തുടക്കം എവിടെയും ആകട്ടെ, എത്ര ദൂരം സഞ്ചരിക്കാം എന്നു നോക്കുക. നമ്മളെ പിറകിലേക്ക് വലിക്കുന്ന ഒരുപാട് കാര്യങ്ങൾ ജീവിതത്തിൽ ഉണ്ടാകുമെങ്കിലും അതിലൊന്നും തളരാതെ എല്ലാം സാധ്യമാണ് എന്ന ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ടു പോകാൻ ആൻ മരിയയുടെ ഈ നേട്ടം പഠിപ്പിക്കുന്നു.

നമ്മുടെ ഇടയിൽ നിന്നും ഇന്ന് ആഗോളതലത്തിൽ നേട്ടങ്ങൾ കൈവരിച്ച ആൻ മരിയ ജയിംസിന്റെ ജീവിതം കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും ശക്തി തെളിയിക്കുന്ന ഉദാഹരണമാണ്. നിലവിൽ സ്വീഡനിലെ ഉപ്സല സർവകലാശാലയിൽ സോളാർ സെൽ സാങ്കേതികവിദ്യയിൽ ശ്രദ്ധകേന്ദ്രീകരിച്ച് മെറ്റീരിയൽ സയൻസ് ആൻഡ് എൻജിനീയറിങ് വകുപ്പിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷകയായി ആൻ മരിയ പ്രവർത്തിക്കുന്നു.

---

അമ്മയ്ക്ക് പറയാനുള്ളത്



മേഴ്സിക്കുട്ടി എബ്രഹാം



# സുന്ദരമായ യൗവനം പാഴാക്കരുത്

യുവാവ് അല്ലെങ്കിൽ യുവതി എന്ന അവസ്ഥയെയാണ് യുവത്വം എന്ന വാക്കുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത്. ജീവിതത്തിന്റെ ഏറ്റവും സുന്ദരമായ കാലമാണെന്ന്, വേണമെങ്കിൽ പറയാം. ഈ കാലത്ത് ഏറെ ശ്രദ്ധാലുക്കളായിരിക്കണം. കാരണം, യുവത്വത്തിന്റെ തിളപ്പിൽ പല സാഹസപ്രവൃത്തികളും ചെയ്യും. നല്ല പ്രവൃത്തികളും അതിൽ ഉൾപ്പെടും.

യുവത്വത്തെ ചൂഷണം ചെയ്യാൻ പല മാർഗ്ഗങ്ങളും പണ്ടത്തേക്കാൾ ഉപരിയായി ഇപ്പോൾ കാണാറുണ്ട്. മൊബൈൽ ഫോൺ തുടങ്ങിയവ സയൻസിന്റെ നേട്ടങ്ങളാണ്. അവ ഉപയോഗിക്കുന്നത്, സമൂഹത്തിന് ആവശ്യവുമാണ്. എന്നാൽ അതിന്റെ അമിതമായ ഉപയോഗം യുവാക്കളിലാണെന്നാണ് എനിക്കു തോന്നുന്നത്. എപ്പോഴും മൊബൈലിൽ നോക്കിയിരുന്നാൽ, ജീവിതത്തിന്റെ നല്ല സമയത്ത് ഒന്നും നേടാൻ സാധിക്കുകയില്ല. പഠനം പൂർത്തിയാക്കണം; നല്ലയൊരു തൊഴിൽ കണ്ടുപിടിച്ച് ചെയ്യണം. സ്വന്തമായിട്ടുള്ള സ്ഥലങ്ങളിൽ കുറച്ചു പണിയെങ്കിലും ചെയ്തു ശീലിക്കണം.

വാഹനങ്ങളോടുള്ള അമിതമായ അടുപ്പം യുവാക്കളിലും, യുവതികളിലും കാണാറുണ്ട്. ഈയടുത്ത കാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിലുണ്ടായ സംഭവം, നിറകണ്ണുകളോടെയാണ് വായിച്ചത്. എന്തെല്ലാം പ്രതീക്ഷകളായിരുന്നു മാതാപിതാക്കൾക്ക്! പത്തൊൻപതും, ഇരുപതും വയസ്സാകുമ്പോൾ, മക്കളോടൊപ്പം മാതാപിതാക്കളുടേയും, ആഗ്രഹങ്ങളും ചിറകടിച്ചുയരാറുണ്ട്. എല്ലാ കുട്ടികളും, ബൈക്കിലും കാറിലുമൊക്കെ യാത്ര ചെയ്യുമ്പോൾ, 'എനിക്കോ സാധിച്ചില്ല' എന്റെ മക്കളെങ്കിലും വാഹനം ഓടിക്കട്ടെയെന്ന് കരുതി, അമ്മയും അപ്പനും പണം ഉണ്ടാക്കി വാഹനങ്ങൾ വാങ്ങി നൽകുന്ന കാഴ്ച കാണാറുണ്ട്. കുട്ടികൾ ശ്രദ്ധയോടെ ഉപയോഗിച്ചാൽ കുഴപ്പമൊന്നും ഉണ്ടാകുകില്ല. കഴിഞ്ഞ ദിവസം ഒരു ശവസംസ്ക്കാരത്തിൽ പങ്കെടുത്തു. ആ കുടുംബത്തിൽ രണ്ട് ആൺമക്കളാണ്. മൂത്ത മകൻ ബൈക്ക് അപകടത്തിൽ മരിച്ച് കിടക്കുന്നു. മൊബൈൽ മോർച്ചറിയുടെ അടുത്തു നിന്ന് വിതുമ്പി, വിതുമ്പി കരയുന്ന അപ്പൻ, അമ്മയുടെ കണ്ണീർകൊണ്ട് മോർച്ചറിയുടെ ഗ്ലാസ്സുകൾ നിറഞ്ഞ്, കവിഞ്ഞ് താഴേക്ക് ഒഴുകുന്നു. ആർക്കും ഒന്നും ചെയ്യാൻ സാധിക്കുകയില്ല. കണ്ടുനിന്നവരെല്ലാം കരയുകയാണ്. ഏറെ പ്രതീക്ഷകളുമായി വളർത്തിയ മകനാണ്. വാഹനങ്ങളോടുള്ള അമിതമായ ഭ്രമം ഉപേക്ഷിക്കുന്നത് നല്ലതാണ്.

അനാവശ്യമായ കൂട്ടുകെട്ടുകൾ, പലരേയും ദുർമാർഗ്ഗത്തിലേക്ക് നയിക്കാറുണ്ട്. എനിക്കറിയാവുന്ന ഒരു പെൺകുട്ടിയുണ്ട്. സുന്ദരിയും, സുശീലയുമായിരുന്നു. ഏതോ കൂട്ടുകാരി, ഒരു മിഠായി സമ്മാനിച്ചു. അതിനു ശേഷം ആ മിഠായി കഴിക്കാതെ ജീവിതം അസാധ്യമായി. കാലക്രമേണ വിഷാദരോഗത്തിനടിമയായി, അവിടെയും മാതാപിതാക്കൾക്കെന്തു ചെയ്യാൻ സാധിക്കും? അവർ മകളെ ചികിത്സയ്ക്കായി കൊണ്ടു നടക്കുകയാണ്. ഇന്ന് വിപണിയിൽ പല തരത്തിലുള്ള മയക്കുമരുന്നുകൾ ലഭിക്കും. ആദ്യം മിഠായിയിൽ തുടങ്ങി, പിന്നീട് അതിന്റെ പേരുകൾ മാറി,മാറി വരുന്നതായി കാണുന്നു. യുവത്വത്തിന്റെ പ്രസരിപ്പും, ചൈതന്യവുമെല്ലാം മയക്കുമരുന്നുകൾ നശിപ്പിച്ചുകളയും.

മാതാപിതാക്കളുടേയും ഗുരുക്കന്മാരുടേയും, വാക്കുകൾ കേൾക്കുവാനും, അനുസരിക്കാനും യുവാക്കൾ സന്നദ്ധരാകണം. സ്വന്തം മക്കളുടെ ദോഷത്തിനായി ഒരു മാതാവും, പിതാവും ഒന്നും പറയുകയില്ല. ഗുരുക്കന്മാർ ശ്രേഷ്ഠരാണെന്ന് കരുതുക. "ഗുരുത്വമില്ലാത്തവൻ" എന്ന വാക്ക് കേട്ടിട്ടുണ്ടല്ലോ, ആ അവസ്ഥയിലേക്ക് പോകാതിരിക്കാൻ യുവാക്കൾ ശ്രദ്ധിക്കണം.

എല്ലാത്തിനും ഉപരിയായി - ജാതിമത ഭേദമന്യേ, ദൈവഭക്തിയുള്ളവരായി ജീവിക്കാൻ പഠിക്കണം. ദൈവത്തിന് അസാധ്യമായതൊന്നുമില്ല. ആയതിനാൽ വീടിനും, നാടിനും, ലോകത്തിനുവേണ്ടി യുവാക്കൾ പ്രവർത്തിക്കണം. നിങ്ങളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനായി പുസ്തകങ്ങൾ വായിക്കുക. വായനയിൽ മടുപ്പ് വിചാരിക്കരുത്. വരുംതലമുറകൾക്കായി എന്തെങ്കിലുമൊക്കെ കരുതിവയ്ക്കാൻ നിങ്ങൾക്കും സാധിക്കട്ടെ.

നോവൽ
അദ്ധ്യായം – 7

# സ്നേഹനിലാവ്





എം.ജെ. ജിൻസ്

2025 ജനുവരി ഒന്നിന് ആനന്ദകരമായ പുതുവർഷ പുലരിയിൽ ദിയ സിസ്റ്റർ ഉണ്ണിക്കുട്ടനൊരു സമ്മാന പ്പൊതി നൽകി. ആവേശത്തോടെ അവനത് തുറന്നു. ഒരു പുതുപുത്തൻ ഡയറി, പുതിയൊരു സെറ്റ് കളർ പെൻ സിൽ, ഒരു ഡയറി മിൽക്ക് സിൽക്ക് ചോക്ലേറ്റ് എന്നിവ യായിരുന്നു അതിൽ.

ആ കൊച്ചു ഹൃദയം ആനന്ദത്താൽ തുടിച്ചു. ഡയറി ക്കുള്ളിൽ മറ്റൊരു വിലപ്പെട്ട സമ്മാനം കൂടി ഉണ്ണിക്കുട്ട നെ കാത്തിരിക്കുന്നുണ്ടായിരുന്നു. ഇളംപച്ച നിറത്തിലു ള്ള കടലാസിൽ ദിയ സിസ്റ്റർ ഉണ്ണിക്കുട്ടനായി എഴുതിയ ഒരു കത്തായിരുന്നു അത്.

ഇശോയിൽ ഏറെ സ്നേഹമുള്ള എന്റെ ഉണ്ണിക്കുട്ടന്, എന്നും കാണുന്ന ദിയേച്ചി എന്തിനാ ഇപ്പോളിങ്ങനെ ഒരു കത്തെഴുതുന്നത് എന്നാവും നീ ഇപ്പോ ഓർക്കുന്ന തല്ലേ ?. എന്തോ എഴുതണമെന്ന് തോന്നി. ചിലപ്പോഴെ ങ്കിലും പറയുന്ന വാക്കുകളെക്കാൾ സുന്ദരം എഴുതപ്പെ ടുന്ന അക്ഷരങ്ങൾക്കാണല്ലോ.

എത്ര വേഗമാണ് ഓരോ വർഷവും കഴിഞ്ഞു പോ കുന്നത്. ഞാനും മദറമ്മയുംകൂടി നിന്നെ ഒന്നാം ക്ലാ സിൽ കൊണ്ടുപോയി ചേർത്തതൊക്കെ ഇന്നലെ കഴി ഞ്ഞതുപോലെ തോന്നുന്നു. ഇനി കണ്ണടച്ചു തുറക്കുന്ന വേഗത്തിലാവും ഉണ്ണിക്കുട്ടൻ പഠിത്തമൊക്കെ കഴിഞ്ഞ് ജോലിയൊക്കെ കിട്ടി വല്ല അമേരിക്കയ്ക്കോ ഓസ്ട്രേ ലിയയ്ക്കോ ഒക്കെ പോകുന്നത് ! അപ്പോ ദിയേച്ചിയെ മറക്കുമോ ?

ശ്ശോ, പറഞ്ഞു പറഞ്ഞു എങ്ങോട്ടാ ഞാനീ കാടുകയറി പോകുന്നത് ! സോറി ഉണ്ണിക്കുട്ടാ , നീ ഒരിക്കലും ഞങ്ങളെ ആരെയും മറക്കില്ലെന്ന് എനിക്കുറപ്പാ. ഉണ്ണിക്കുട്ടൻ ഒത്തിരി നല്ലൊരു കൊച്ചാണ്. ഉണ്ണീശോയ്ക്കും മാതാവിനും മാലാ ഖമാർക്കും ഒക്കെ ഒത്തിരി ഇഷ്ടമുള്ള കൊച്ച്. നി ന്റെ ഈ നന്മയും നൈർമല്യവും ഒരുനാളും കൈ മോശം വരാതിരിക്കട്ടെ കുഞ്ഞേ...

ഞങ്ങൾക്കൊക്കെ, എനിക്കു മാത്രമല്ല മദറ മ്മക്കും സ്നേഹസിസ്റ്ററിനും ജോണച്ചനും എ ല്ലാം ഒരുപാട് ഒരുപാട് ഇഷ്ടവാണ് ഉണ്ണിക്കു ട്ടനെ. എപ്പോഴും നിന്റെ കാര്യം പറയാറു ണ്ട് ഞങ്ങൾ. ഒരുപാട് ഉയരങ്ങളിലേക്ക് എ ത്തേണ്ട അതിനുള്ള കഴിവും പ്രാപ്തിയും ഉള്ള ഒരാളാണ് നീ. അങ്ങനെ ഉയരങ്ങളിലൊ ക്കെ കീഴടക്കുമ്പോൾ ഞങ്ങൾക്കും അഭി മാനിക്കാല്ലോ ഞങ്ങളുടെ കൊച്ചാണെന്ന്... ഇനിയും എന്തൊക്കെയോ പറയണമെന്നു ണ്ട്, പക്ഷേ വാക്ക് കിട്ടുന്നില്ല. ഒരിക്കൽക്കൂടി എന്റെ കൊച്ചിന് ഒത്തിരി ഒത്തിരി സ്നേഹത്തോടെ ഹാപ്പി ന്യൂ ഇയർ. ചക്കരയുമ്മ. ഈശോ എന്നും എപ്പോഴും കൂ ടെയുണ്ടായിരിക്കട്ടെ.

ഈശോയിൽ ഉണ്ണിക്കുട്ടന്റെ സ്വന്തം, ദിയേച്ചി.

കത്ത് വായിച്ചു കഴിഞ്ഞപ്പോൾ തന്റെ കണ്ണ് നിറയുന്ന ത് എന്തിനാണെന്ന് ഉണ്ണിക്കുട്ടന് മനസ്സിലായില്ല. ഇനിയും എത്ര വർഷം കൂടിയുണ്ട് എന്റെ പഠിത്തം കഴിയാൻ. ഇവി ടം വിട്ടു പോകുന്നതിനെക്കുറിച്ച് ഒരിക്കലും താൻ ആലോ ചിച്ചിട്ടു പോലുമില്ല. ലോകത്ത് വേറെവിടെ ചെന്നാലും എ ത്ര വലിയ ജോലി കിട്ടിയാലും ഇവിടെനിന്ന് കിട്ടുന്ന സ്നേ ഹവും പരിഗണനയും മറ്റെവിടെയെങ്കിലും കിട്ടുമോ !

എന്തിനാണീ ദിയേച്ചി ഇങ്ങനെയൊക്കെ പറയുന്നത്?.

അവൻ കത്ത് ഭദ്രമായി മടക്കി തന്റെ പെട്ടിക്കുള്ളിൽവച്ചു.

ഗസ്റ്റ് റൂമിലെ ടെലിവിഷനിൽ കക്കാടിന്റെ പ്രശസ്ത മായ കവിത ആർദ്രമനോഹരമായി ആരോ പാടുന്നു

'കാലമിനിയുമുരുളും വിഷുവരും
വർഷംവരും തിരുവോണംവരും
പിന്നെയോരോ തളിരിനും പൂവരും കായ് വരും
അപ്പോളാരെന്നുമെന്തെന്നുമാർക്കറിയാം'

കാലമേറെക്കഴിഞ്ഞ് ഒരു ദിവസം ഉണ്ണിക്കുട്ടൻ ആ കത്ത് ഒരിക്കൽക്കൂടി വായിക്കും. അത്യധികം ഹൃദയവാ യ്പ്പോടെ ആ അക്ഷരങ്ങളെ നെഞ്ചോട് ചേർക്കും. കാ ലം എന്തൊക്കെയാണ് ഓരോ മനുഷ്യരുടെ വഴികളി ലും കരുതിവച്ചിരിക്കുന്നത് !.

(തുടരും...)

# ഭിന്നശേഷി മഹോത്സവം

## കേരളത്തിലാദ്യമായി ഭിന്നശേഷിക്കാരുടെ എബിലിറ്റി ഫെസ്റ്റ്



ഫാ. റോയി മാത്യു വടക്കേൽ
ഡയറക്ടർ, എയ്ഞ്ചൽസ് വില്ലേജ്, ചെങ്കൽ

ബുദ്ധിപരമായ പരിമിതികൾ നേരിടുന്നവരു ടെ ക്ഷേമവും വികസ- വിദ്യാഭ്യാസ-തൊ ഴിൽ പരിശീലനവും പുനരധിവാസവും ല ക്ഷ്യമിട്ടു കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേരളത്തി ലെ 300 ഓളം സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടുന്ന സവിശേഷ വിദ്യാഭ്യാസ സംവിധാനത്തിന് 60 വർഷത്തെ സേവനചരിത്രമുണ്ട് ... ശാരീരിക – മാനസിക – ബൗ ദ്ധിക പരിമിതികളാൽ ഒറ്റപ്പെട്ട് ഇരുളിൽ തീരുമായിരുന്ന എത്രയോ വ്യക്തികളെയാണ് ഈ നീണ്ട കാലയളവിൽ ഓരോ സ്പെഷ്യൽ സ്കൂളും ജീവിതത്തിലേക്ക് കൈ പിടിച്ച് നടത്തിയത്. ആ സ്കൂളുകൾ ഇത്രയും കാലം നിരന്തരമായി നടത്തിയ എത്രയോ അവബോധ പ്രവർ ത്തനങ്ങളാണ് മനുഷ്യ ജീവൻ എന്ന പരിഗണന പോ ലും അവർക്കു അറിഞ്ഞു നൽകാതിരുന്ന പൊതുസമൂ ഹത്തിന്റെ കണ്ണുകൾ അല്പമെങ്കിലും തുറപ്പിച്ചത്.

പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ ക്ഷേമത്തി നും വികാസത്തിനും പരിരക്ഷക്കും പുനരധിവാസത്തിനും അവകാശങ്ങൾ ക്കും വേണ്ടി 20 വർഷങ്ങളായി കാഞ്ഞി രപ്പള്ളി കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവ രുന്ന വി കെയർ സെന്റർ, ബൗദ്ധികവെ ല്ലുവിളി നേരിടുന്നവരുടെ സമഗ്ര ജീവി തം ലക്ഷ്യമാക്കി കോട്ടയം പൊൻകുന്ന ത്തു പ്രവർത്തിച്ചുവരുന്ന എയ്ഞ്ചൽസ് വില്ലേജ്, കേരളത്തിലെ എല്ലാ സ്പെ ഷ്യൽ സ്കൂളുകളുടെയും സംസ്ഥാന സംഘടനയായ അസോസിയേഷൻ ഫോർ ദി ഇന്റലക്ചലി ഡിസേബിൾഡ് (AID), എക്സെപ്ഷണൽ ലേർണിംഗ് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ വാഴൂർ ഗ്രാമ പഞ്ചായത്ത്, രക്ഷിതാ ക്കളുടെ സംസ്ഥാനസംഘടനയായ PAID എന്നീ വിവിധ സംഘടനകളുടെ




സഹകരണത്തോടെ ആണ് സദ്ഗമയ സംഘടിപ്പിക്കുന്നത്.

2025 ജനുവരി 23-26 തീയതികളിൽ പൊൻകുന്നം ചെങ്കല്ലിലുള്ള എയ്ഞ്ചൽസ് വില്ലേജിൽ വച്ച് ഭിന്നശേ ഷിക്കാരുടെ പ്രത്യേകിച്ച് ബൗദ്ധിക വെല്ലുവിളി നേരിടു ന്നവരുടെ സർഗാത്മകതയും ക്രിയാശേഷിയും പ്രദർശി പ്പിക്കുവാൻ അവസരം ഒരുക്കുന്ന ഒരു 'സംസ്ഥാനതല മെഗാ എബിലിറ്റി ഫെസ്റ്റ്' ആണ് നടക്കുന്നത്. ഏർലി ഇന്റർവെൻഷൻ, സ്പെഷ്യൽ എഡ്യൂക്കേഷൻ, തൊ ഴിൽ പരിശീലനം, പുനരധിവാസം എന്നീ മേഖലകളെ സമൂഹത്തിന്റെ പഠനത്തിനും അറിവിനുമായി അവതരി പ്പിക്കുകയാണ്. വിഭിന്നശേഷിയുടെ സാധ്യതകളെ നാം കാണണം... പഠിക്കണം.... മനസിലാക്കണം.

ബുദ്ധിപരമായ വ്യത്യസ്തതയുള്ള ഇവരെ പഠിപ്പിക്കു വാനും പരിശീലിപ്പിക്കുവാനും പരിചരിക്കുവാനും അ തിലൂടെ അവരെ സമൂഹത്തിൽ മറ്റേതൊരു വ്യക്തിയെ യും പോലെ അഭിമാനത്തോടെ ജീവിക്കാൻ അവസരം ഒരുക്കുവാനും നമുക്ക് സാധിക്കണം. ഇങ്ങനെ ഒരു കു ഞ്ഞു ജനിക്കുന്നത് കൊണ്ട് ഒരു പിതാവിനോ മാതാവി നോ അവരുടെ കുടുംബത്തിനോ ഉണ്ടാകുന്ന വെല്ലു വിളികളുടെ സാഹചര്യം നേരിടുന്നതിന് അവരെ സഹാ യിക്കാൻ നാം ഓരോരുത്തർക്കും കടമയും ഉത്തരവാദി ത്വവുമുണ്ട്.

ഭിന്നശേഷി മേഖലയിൽ ഇത്തരം ഒരു സമഗ്രമായ അവബോധ മേളയും പ്രദർശനവും കേരളത്തിൽ ആ ദ്യമായാണ് നടക്കുന്നത്. വിദ്യാഭ്യാസവും തൊഴിൽ ജീ വിതവും സാധിക്കില്ല എന്ന മുൻവിധിയോടെ മാറ്റി നിർ ത്തപ്പെട്ടിരിക്കുന്നവരുടെ അതിജീവനത്തിന്റെയും ജീവി ത വിജയത്തിന്റെയും നേർക്കാഴ്ചയായി ഒരു ഭിന്നശേ ഷിയുടെ മഹോത്സവമാണ് 'സദ്ഗമയ . ജീവിത കാ ലം മുഴുവനും പ്രത്യേക പരിഗണന വേണ്ട നമ്മുടെ ഈ പ്രിയപ്പെട്ട ജനസമൂഹത്തെ ചേർത്ത് പിടിക്കേണ്ട ത് നമ്മൾ എല്ലാവരുടെയും ഉത്തരവാദിത്തമായി കാ ണാം. പരിമിതികളെ എല്ലാം അതിജീവിച്ച വിഭിന്നശേ ഷിയുടെ സർഗാത്മക ശേഷിയുടെ അടയാളപ്പെടുത്ത ലാണ് ത്. 'WE ARE ABLED'... അതെ... ഞങ്ങളും പ്രാപ്തരാണ്.



പഠനം

# അവൻ നമ്മെ സ്നേഹിച്ചു (Dilexit Nos)

# ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനത്തിന്റെ ആഴവും ക്ഷണവും



ഫാ. വർഗീസ് കൊച്ചുപറമ്പിൽ
പ്രൊഫ. സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ



മുറിവേൽപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ തിരുഹൃദയത്തെകുറിച്ചും, ഈശോയുടെ മാനുഷിക ദൈവിക സ്നേഹത്തെക്കുറിച്ചും ഉത്ബോധിപ്പിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ തന്റെ നാലാമത്തെ ചാക്രികലേഖനം ദിലേക്സിത് നോസ് (Dilexit Nos) - He Loved us - എന്ന പേരിൽ 2024 ഒക്ടോബർ 24 ന് പ്രസിദ്ധീകരിച്ചു. സഭാതനയർക്ക് ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹത്തിലും വണക്കത്തിലും അടിസ്ഥാനമിട്ട, വി. ഗ്രന്ഥത്തിലും വി. പാരമ്പര്യത്തിലും ഉൾചേർന്ന ആധ്യാത്മികതയുടെ മനോഹാരിത മനസിലാക്കിതരുന്നതാണ് ഈ ചാക്രികലേഖനം. പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഈ ചാക്രികലേഖനം സഭാമക്കളെ അനുസ്മരിപ്പിക്കുന്നത്. 1. ഈശോയ്ക്ക് നമ്മോടുള്ള സ്നേഹവും, അവൻ കാണിച്ചുതന്ന ശുശ്രൂഷയുടെ മാതൃകയും ഈശോയെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും നമ്മെ ക്ഷണിക്കുന്നു. 2. കുന്തത്താൽ പിളർക്കപ്പെട്ട ഈശോയുടെ തിരുവിലാവിൽനിന്നും ഒഴുകുന്ന ജീവജലത്തിന് മാനവികതയുടെ മുറിവുകളെ സുഖപ്പെടുത്താൻ കഴിവുണ്ട്. ഈ രണ്ട് അടിസ്ഥാന ആശയങ്ങളിൽ ഊന്നിനിന്നുകൊണ്ട് അഞ്ച് അധ്യായങ്ങളിലായി മാർപാപ്പ തന്റെ ചിന്തകളെ അവതരിപ്പിക്കുന്നു.

ദൈവസ്നേഹത്തിന്റെ പാരമ്യത്തെക്കുറിച്ച് വി. പൗലോസ് ശ്ലീഹ റോമാക്കാർക്കെഴുതിയ ലേഖനം 8-ാം അധ്യായം 31-39 വാക്യങ്ങൾ പരാമർശിച്ചുകൊണ്ട് മാർപാപ്പ ചാക്രികലേഖനം ആരംഭിക്കുന്നു. രണ്ട് ചിന്തകളാണ് ഇവിടെയുള്ളത്. 1. ക്രിസ്തു ജീവൻ നല്കി നമ്മെ സ്നേഹിച്ചു, ആ സ്നേഹത്തിൽനിന്ന് ആര് നമ്മെ അകറ്റും. 2. ഈശോയാണ് ആദ്യം നമ്മെ സ്നേഹിച്ചത്, കുത്തിപിളർക്കപ്പെട്ട ആ ഹൃദയം വ്യവസ്ഥകളൊന്നും ഇല്ലാതെ നമ്മെ സ്നേഹിക്കുന്നു. നമുക്കായി കാത്തിരിക്കുന്നു.

### ഹൃദയത്തിന്റെ പ്രാധാന്യം

'ദിലേക്സിത് നോസി'ന്റെ ഒന്നാം അധ്യായം മനുഷ്യജീവിതത്തിൽ ഹൃദയത്തിന്റെ സ്ഥാനവും പ്രാധാന്യവും വിവരിക്കുന്നതാണ്. ഇന്നത്തെ ഉപഭോഗസംസ്കാരത്തിൽ മനുഷ്യർ ഒന്നിലും സംതൃപ്തി ഇല്ലാത്ത സമൂഹമായി രൂപപ്പെട്ടിട്ടുണ്ട് ((D N.2) ഈ പശ്ചാത്തലത്തിൽ മനുഷ്യഹൃദയത്തിന്റെ പ്രാധാന്യം മാർപാപ്പ അവതരിപ്പിക്കുന്നു. വി. ഗ്രന്ഥം നമുക്ക് കാണിച്ചുനല്കുന്ന ഹൃദയം അഭിനയമില്ലാത്ത, കള്ളത്തരങ്ങളില്ലാത്ത, നമ്മുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും, അസ്തിത്വവുമൊക്കെ കണ്ടെത്താനാവുന്ന, നാം നാമായിരിക്കുന്ന ഹൃദയമാണ്. ദൈവത്തിനുമുമ്പിൽ ഞാനാരാണ് എന്ന ചോദ്യം ഉയരുന്നതും ഈ ഹൃദയത്തിൽനിന്നാണ് (DN -8) .

യുക്തിചിന്തകൾക്കും, ആദർശവാദങ്ങൾക്കും, ഭൗതികവാദത്തിനുമൊക്കെ ഹൃദയത്തിന് പ്രാധാന്യമില്ല. കാര്യകാരണങ്ങൾക്കും, ഇച്ഛാശക്തിക്കും, സ്വാതന്ത്ര്യത്തിനുമൊക്കെയാണ് അവിടെ പ്രാധാന്യം. എന്നാൽ ആത്മീയതയ്ക്കും സ്നേഹബന്ധങ്ങൾക്കും, മറ്റുള്ളവരുമായി എന്നെ ബന്ധിപ്പിക്കുന്ന ഹൃദയത്തിന് പ്രാധാന്യം കൊടുക്കണം (D N 10) കാരണം സ്വാർത്ഥതയെ അതിജീവിക്കണമെങ്കിൽ ബന്ധങ്ങൾ ഹൃദയംകൊണ്ടുള്ളതാവണം. (D N 10).

### ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വാക്കുകളും പ്രവർത്തികളും

നമുക്ക് സമീപസ്ഥനായ, കരുണയോടെ നമ്മോട് ഇടപെടുന്ന, കാത്തിരിക്കുന്ന ആർദ്രതയുള്ള ദൈവത്തെക്കുറിച്ചുള്ള ചിന്തകളാണ് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വാക്കുകളും പ്രവർത്തികളും എന്ന രണ്ടാം അധ്യായത്തിന്റെ കാതൽ. (DN 35). ഈശോ നമ്മെ സ്നേഹിതരായാണ് കാണുന്നത്. വി. ഗ്രന്ഥത്തിൽ കണ്ടുമുട്ടുന്ന ഓരോ വ്യക്തികൾക്കും അനുഭവവേദ്യമായ കാര്യം ഇതാണ്. സമരിയാക്കാരി സ്ത്രീ, നിക്കോദേമൂസ്, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ, അന്ധനായ മനുഷ്യൻ ഇവരെല്ലാവരും അനുഭവിച്ചത് ഈ സ്നേഹത്തിന്റെ ആഴമാണ്. ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന നോട്ടം (DN 39) അതിലൂടെ അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും ഈശോ എത്രമാത്രം ശ്രദ്ധാലുവാണെന്ന് കാണിക്കുന്നു ((D N 40). താൻ സ്നേഹിച്ചിരുന്ന ലാസറിന്റെ മരണത്തിൽ ദുഃഖിക്കുന്ന ഈശോയെ നാം കാണുന്നു. താൻ സ്നേഹിച്ചവർക്കുവേണ്ടി ഗത്സമെൻ തോട്ടത്തിൽ രക്തം വിയർത്ത് കരയുന്ന ഈശോ, സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നു. ആ സ്നേഹത്തിന്റെ പാരമ്യം കാൽവരിയിലെ കുരിശിൽ നാം കണ്ടുമുട്ടുന്നു (DN. 45, 46).

### ഏറെ സ്നേഹിച്ച ക്രിസ്തുവിന്റെ ഹൃദയം

ചാക്രികലേഖനത്തിന്റെ മൂന്നാമത്തെ അധ്യായം സഭയുടെ പാരമ്പര്യത്തിൽനിന്നും ചരിത്രത്തിൽനിന്നും അടിസ്ഥാനമിട്ട് വളർന്നുവന്ന ഈശോയുടെ തിരുഹൃദയഭക്തിയെക്കുറിച്ചുള്ള ചിന്തകളാണ് ഫ്രാൻസീസ് മാർപാപ്പ പങ്കുവയ്ക്കുന്നത്. ഈശോയുടെ തിരുഹൃദയത്തോടുള്ള വണക്കം 'ഹൃദയം' എന്ന ശരീരഭാഗത്തോടുള്ള ആരാധനയോ ഭക്തിയോ അല്ല. മറിച്ച് ഈശോയോടുതന്നെയുള്ള ഭക്തിയും വണക്കവുമാണ് (DN. 46). മനുഷ്യനായി അവതരിച്ച ദൈവപുത്രനെയാണ് തിരുഹൃദയവണക്കത്തിലൂടെ നാം ആരാധിക്കുന്നത്. ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവികമായ സ്നേഹവും കരുണയും അതിന്റെ സമ്പൂർണ്ണതയിൽ കുടികൊള്ളുന്ന ഒരിടം എന്നതിനൊപ്പം മാനുഷികമായ സ്നേഹം അതിന്റെ പൂർണ്ണതയിൽ നിലനില്ക്കുന്ന ഒരിടം എന്ന യാഥാർത്ഥ്യം കൂടി നാം മനസിലാക്കണം (D N.61). പ. ബനഡിക്റ്റ് XVI-ാം മാർപാപ്പ ഈ സ്നേഹത്തിന്റെ വിവിധ വശങ്ങൾ അവതരിപ്പിക്കുന്നത് ഫ്രാൻസീസ് മാർപാപ്പ എടുത്തു പറയുന്നു. പ. ബനഡിക്റ്റ് മാർപാപ്പയുടെ കാഴ്ചപ്പാടിൽ ഈശോയുടെ തിരുഹൃദയം അവന്റെ ഹൃദയത്തിന്റെ വൈകാരികമായ സ്നേഹം, ആധ്യാത്മിക സ്നേഹത്തിന്റെ മാനുഷിക ദൈവികഭാവങ്ങൾ എന്നിവ വെളിപ്പെടുത്തുന്നുണ്ട്. പരിമിതികളിലും അപരിമയമായ സ്നേഹം തിരുഹൃദയം നമുക്ക് പകർന്നുതരുന്നു (DN 67).

ഈശോയുടെ തിരുഹൃദയം സുവിശേഷത്തിന്റെ സംക്ഷിപ്ത രൂപമായിട്ടാണ് ഫ്രാൻസീസ് മാർപാപ്പ അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഇന്നത്തെ ലോകത്തിന്റെ ശ്രദ്ധയും, സഭയുടെ അജപാലനപ്രവർത്തനങ്ങളും മനുഷ്യനായി പിറന്ന സുവിശേഷത്തിലേക്ക് ഈശോയുടെ തിരുഹൃദയത്തിലേക്ക് കേന്ദ്രീകരിക്കപ്പെടണം എന്ന് ഫ്രാൻസീസ് മാർപാപ്പ ആഗ്രഹിക്കുന്നു (DN. 88).

### സ്വയം പാനീയമായി നല്കുന്ന സ്നേഹം

ദൈവസ്നേഹത്തിനായുള്ള മനുഷ്യന്റെ ദാഹം തീർക്കുന്ന ജീവന്റെ ഉറവയായി തിരുഹൃദയത്തെ ഫ്രാൻസിസ് മാർപാപ്പ ചാക്രിക ലേഖനത്തിന്റെ 4-ാം അധ്യായത്തിൽ വി. ഗ്രന്ഥത്തിന്റെയും വി. പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു. പഴയനിയമത്തിൽ സഖറിയായുടെയും ഏശയ്യായുടെയും എസെക്കിയേലിന്റെയും പുസ്തകങ്ങളെ അടിസ്ഥാനമാക്കി നമ്മുടെ ഹൃദയത്തിന്റെ ദാഹം ശമിപ്പിക്കുന്ന ആത്മാവിന്റെ ജലമായി തിരുഹൃദയത്തെ അവതരിപ്പിക്കുന്നു (DN. 93-95). ദൈവവുമായുള്ള കണ്ടുമുട്ടലിന്റെ ഇടമായി തിരുഹൃദയ വണക്കത്തെ വിശുദ്ധ അഗസ്റ്റിനും (DN-103) ജീവന്റെയും ആന്തരികസമാധാനത്തിന്റെയും ഇടമായ തിരുഹൃദയത്തെക്കുറിച്ച് ഫ്രാൻസിസ് ദെ സാലസ് പുണ്യവാനും ഓർമ്മിപ്പിക്കുന്നു (DN. 118).

തിരുഹൃദയ വണക്കവുമായി ബന്ധപ്പെട്ട സുപ്രധാന വിശുദ്ധരായ മാർഗ്ഗരറ്റ് മേരി അലക്കോക്ക്, വി. കൊച്ചുത്രേസ്യ, വി.ഇഗ്നേഷ്യസ് ലൊയോള, വി. ഫൗസ്റ്റീന തുടങ്ങിയവരുടെ തിരുഹൃദയഭക്തിയെ കുറിച്ചും, അതുവഴി അവരുടെ ജീവിതത്തിൽ സംഭവിച്ച ആധ്യാത്മിക പരിവർത്തനത്തെകുറിച്ചും ഫ്രാൻസീസ് മാർപാപ്പ ചാക്രികലേഖനത്തിൽ അവതരിപ്പിക്കുന്നു. ഒപ്പം തന്റെ മുൻഗാമിയായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ അജപാലനശൈലിയിലെ തിരുഹൃദയഭക്തിയെക്കുറിച്ചും മാർപാപ്പ സൂചിപ്പിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിൽനിന്നൊഴുകുന്ന അനന്തമായ സ്നേഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്നേഹം മൂലം കർത്താവ് കടന്നുപോകുന്ന സഹനങ്ങളെക്കുറിച്ചും ചാക്രികലേഖനം വാചാലമാകുന്നു (DN. 151). തിരുഹൃദയത്തിൽ അഭയം തേടുന്നത് കഷ്ടതയിലൂടെ കടന്നുപോകുന്നവർക്ക് സ്വാന്തനമേകാനുള്ള നമ്മുടെ കടമയെക്കുറിച്ച് നമ്മെ ബോധ്യമുള്ളവരാക്കണം (DN. 162) എന്ന് മാർപാപ്പ ആഗ്രഹിക്കുന്നു.

### സ്നേഹത്തിനായുള്ള സ്നേഹം

തിരുഹൃദയ സ്നേഹത്തിന്റെയും ദൈവസ്നേഹത്തിന്റെയും സാമൂഹ്യവശമാണ് അഞ്ചാം അധ്യായത്തിൽ വിശകലനം ചെയ്യുന്നത്. തിരുഹൃദയവണക്കം പിതാവിലേക്കും, സഹോദരീസഹോദരങ്ങളിലേക്കും നമ്മെ ഒരുപോലെ നയിക്കണം (DN. 163). ഉദാഹരണമായി വി. ചാൾസ് ദ് ഫുക്കോയുടെ ജീവിതം അവതരിപ്പിച്ചുകൊണ്ട് സഹനമനുഭവിക്കുന്നവർക്ക് അഭയമാകാനുള്ള നമ്മുടെ കടമയെ മാർപാപ്പ ഓർമ്മിപ്പിക്കുന്നു (DN. 179). തിരുഹൃദയഭക്തിയിൽനിന്നും രൂപം കൊള്ളുന്ന സഭയുടെ മിഷനറി ചൈതന്യത്തെക്കുറിച്ചും ജോൺപോൾ മാർപാപ്പയുടെയും, പോൾ ആറാമൻ മാർപാപ്പയുടെയും പഠനങ്ങളുടെ വെളിച്ചത്തിൽ മാർപാപ്പ ഓർമ്മിപ്പിക്കുന്നു. പ്രത്യേകിച്ച് ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിന്റെ സ്നേഹത്തെ അനുഭവിച്ചറിയാൻവേണ്ടി പ്രവർത്തിക്കുവാനുള്ള ഓരോ വ്യക്തിയുടെയും കടമ മാർപാപ്പ പ്രത്യേകം ഉത്ബോധിപ്പിക്കുന്നു.

നമ്മുടെ പരിമിതികൾക്കധീതമായി, നാം സ്നേഹിക്കുന്നതിനുമുമ്പേ നമ്മെ സ്നേഹിച്ച ദൈവപുത്രന്റെ സ്നേഹം ആവോളം ഉൾക്കൊണ്ട്, നമ്മുടെ സഹോദരങ്ങളോടുള്ള സ്നേഹത്തിലും കരുണയിലും ശുശ്രൂഷയിസും ആഴപ്പെടാനുള്ള ആഹ്വാനം മാർപാപ്പ ഇവിടെ നിൽകുന്നു.

### ഉപസംഹാരം

ഈശോയുടെ തിരുഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ 'സ്നേഹം' പകർന്നു നല്കുന്ന ആധ്യാത്മിക ഉറവിടങ്ങളുടെ ആഴമാണ് ഈ ചാക്രികലേഖനം അവതരിപ്പിക്കുന്നത്. ദൈവത്തെ മനസിലാക്കാനും അവന്റെ സ്നേഹം തിരിച്ചറിയാനുമുള്ള ആദ്യതലം മാനുഷികലോകവും സാഹചര്യവും തിരിച്ചറിയുക എന്നതാണ്. ഈശോയുടെ തിരുഹൃദയഭക്തി ക്ഷണിക്കുന്നതും രമ്യതയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഒരു സാമൂഹ്യഅത്ഭുതത്തിലേക്കാണ് (Social miracle, DN. 28). ഈശോയുടെ തിരുഹൃദയഭക്തി സാമൂഹ്യപരിവർത്തനത്തിനുള്ള വലിയ വെല്ലുവിളിയും, ഈശോയുടെ തിരുഹൃദയത്തിന്റെ സുവിശേഷം പങ്കുവയ്ക്കാനുള്ള സഭയുടെ പ്രേഷിതചൈതന്യവും ഒരുപോലെ വെളിവാക്കുന്നു.

# കുട്ടി ദർശകൻ



കൂട്ടുകാരെ, വിശുദ്ധ ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അധ്യായം 11 മുതൽ 32 വരെയുള്ള വാക്യങ്ങൾ വായിക്കുമല്ലോ. ദൈവത്തിന്റെ സ്നേഹം നിരുപാധികമാണെന്നും തന്നിലേക്ക് മടങ്ങിവന്ന് ക്ഷമ ചോദിക്കുന്നവരോട് അവൻ ക്ഷമിക്കുന്നുവെന്നുമാണ് ധൂർത്തപുത്രന്റെ ഉപമയുടെ പൊരുൾ. തിന്മ ചെയ്ത് ഈശോയിൽനിന്നകലാതെ നന്മയുള്ള കുട്ടികളായി നമുക്ക് വളരാം...

## ധൂർത്തപുത്രന്റെ ഉപമ

ധൂർത്തപുത്രനെ സ്നേഹനിധിയായ പിതാവിലേക്കെത്തിക്കാമോ?




നിറം നൽകി മനോഹരമാക്കൂ



സൺഡേസ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള ദർശകന്റെ പുതിയ മത്സര പരിപാടിയാണിത്. നറുക്കെടുപ്പിലൂടെ 5 വിജയികൾക്കു സമ്മാനങ്ങൾ നൽകും. അയക്കുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ക്ലാസ്, ഇടവക എന്നിവ വ്യക്തമായി നൽകേണ്ടതാണ്. ഈ മാസം 20ന് മുമ്പായി ഉത്തരങ്ങൾ അയക്കേണ്ടതാണ്. തന്നിരിക്കുന്ന സുവിശേഷം വായിച്ച് അതിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു വാക്യംകൂടി അയക്കുമല്ലോ. കൂടാതെ തഴെതന്നിരിക്കുന്ന ചിത്രം നിറം നൽകി മനോഹരമാക്കൂ. ശേഷം ഫോട്ടോ എടുത്ത് 7025466111 എന്ന വാട്ട്സ് അപ്പ് നമ്പരിലേക്ക് അയക്കുക.

**കഴിഞ്ഞ ലക്കത്തിലെ വിജയികൾ**

1) ആൽബർട്ട് ടോം നടുത്തൊട്ടിയിൽ, കോരുത്തോട്. 2) മരിയ അലക്സ് ആലുങ്കൽ, ചെങ്കൽ. 3) ജോർജ് തോണിപ്ലാക്കൽ, പൊടിമറ്റം. 4) അർപ്പിത അൽഫോൻസ ഷിബു പൂവശേരിൽ, നിരവ്. 5) സെബാസ്റ്റ്യൻ ജോസഫ് ചെറുവള്ളിൽ, നെറ്റിത്തൊഴു.

## മനസ്സലിവുള്ള അമ്മ

**വി**ധവയായ ആ അമ്മയുടെ ഏകമകനായിരുന്നു അലോഷി . ഒന്നേ ഉള്ളൂവെങ്കിൽ ഒലക്കയ്ക്കടിക്കണം എന്നാണു പ്രമാണം. പക്ഷേ, അമ്മ മകനെ വല്ലാതെ ലാളിച്ചു. ചെറുക്കൻ വഷളനുമായി. ആദ്യം ചില ചില്ലറ മോഷണങ്ങൾ. പിന്നെ അത് അടിപിടിയായി. അവസാനം കൊലപാതകത്തിൽ വരെയെത്തി.

കൊലക്കുറ്റം ചുമത്തപ്പെട്ട അലോഷിയെ തൂക്കിക്കൊല്ലാനായിരുന്നു രാജകല്പന. മകനു ലഭിച്ച ശിക്ഷയറിഞ്ഞ അമ്മ പൊട്ടിക്കരഞ്ഞുക്കൊണ്ട് രാജസന്നിധിയിലെത്തി. കുറ്റം മുഴുവൻ തന്റേതാണെന്നും താൻ മകനെ നന്നായി വളർത്താതിരുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും അവർ ഏറ്റു പറഞ്ഞു. ഇത്തവണ മാപ്പാക്കിയാൽ മകനെ മര്യാദക്കാരനാക്കിക്കൊള്ളാമെന്നും അവർ ഉറപ്പുകൊടുത്തു.

പക്ഷേ, രാജാവിന്റെ മനസ്സിളകിയില്ല. “എന്റെ വിധിക്ക് മാറ്റമില്ല. ഇന്ന് കത്തീഡ്രലിൽ ഉച്ചമണിയടിച്ചാൽ നിന്റെ മകനെ തൂക്കിലേറ്റിയിരിക്കും.‘

ഇനി രാജാവിന്റെയടുത്തു യാചിച്ചിട്ടു യാതൊരു കാര്യവുമില്ലെന്ന് അമ്മയ്ക്കു മനസ്സിലായി. തന്റെ മകൻ രക്ഷപെടണമെങ്കിൽ മണിയടിക്കാതിരിക്കണം.

അവർ പള്ളിയിലേക്ക് ഓടി, മണിമാളികയുടെ അടുത്തെത്തി. വല്ലാത്ത ഉയരം. പക്ഷേ, നോക്കിനിന്നിട്ടു കാര്യമില്ല... അവർ മണിമാളികയുടെ ഉള്ളിലെ ഗോവണിവഴി മാളികയുടെ മുകളിലെത്തി. സമയം പന്ത്രണ്ടാകാൻ ഇനി ഏതാനും നിമിഷങ്ങൾ മാത്രം. മണിയുടെ നാക്കിൽ അമ്മ ബലമായി പിടിച്ചു. പന്ത്രണ്ടായതോടെ കപ്യാരു വന്ന് മണിയടിക്കാനായി കയറിൽ തൂങ്ങി. മൂന്നു പ്രാവശ്യം മൂന്നുവീതം ആഞ്ഞടിച്ചു.

മണി അടിച്ചു എന്ന ധാരണയിൽ കപ്യാർ തിരിച്ചുപോയി. ചെവി കേൾക്കാനാവാത്തതിനാൽ കപ്യാർക്ക് മണിയുടെ ശബ്ദം മുഴങ്ങിയിട്ടില്ലെന്ന് മനസ്സിലാക്കാനായില്ല.

മണി മുഴങ്ങാത്തതിന്റെ കാരണമന്വേഷിച്ചെത്തിയ രാജഭടന്മാർ കണ്ടത് മരണാസന്നയായി രക്തത്തിൽ കുളിച്ചുകിടക്കുന്ന അലോഷിയുടെ അമ്മയേയാണ്.

കാര്യങ്ങൾ ഗ്രഹിച്ച രാജാവ്, ആ അമ്മയുടെ സ്നേഹത്തിനു മുമ്പിൽ തന്റെ വിധിയെ മാറ്റി എഴുതുകയും അലോഷിയെ അമ്മയ്ക്കു തിരികെ നല്കുകയും ചെയ്തു. അമ്മയ്ക്കു തന്നോടുള്ള സ്നേഹത്തിന്റെ ആഴത്തെ തൊട്ടറിഞ്ഞ അലോഷി അന്നു മുതൽ ഒരു പുതിയ ജീവിതം ആരംഭിച്ചു.



**നരകത്തിന്റെ നിരാശയിൽ**
**പോലും സ്നേഹം**
**സ്വർഗ്ഗം നിർമ്മിക്കുന്നു.**
**- വില്ല്യം ബ്ലേക്ക് -**



## നവവൈദികർക്ക് പ്രാർത്ഥനാശംസകൾ


ഫാ. തോമസ് (ടോണി) മുളങ്ങാശ്ശേരിൽ


ഫാ. സാമുവൽ (ഡോൺ) മറ്റക്കരത്തുണ്ടിയിൽ


ഫാ. ജോസഫ് (മെൽവിൻ) കളപ്പുരയ്ക്കൽ


ഫാ. ഇമ്മാനുവേൽ (നോയൽ) കളപ്പുരയ്ക്കൽ


ഫാ. ജോസഫ് (അഖിൽ) ഏറത്ത്


ഫാ. തോമസ് (ബിപിൻ) പാലുക്കുന്നേൽ


ഫാ. ജോസഫ് (മജു) നിരവത്ത്


ഫാ. ജോൺ (ജോയ്സ്) തെക്കേവയലിൽ


*സന്ന്യാസിയോട ഉണ്ണിമിശിഹാ ഇടവകയിൽ പുതിയതായി നിർമിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടീൽ മാർ ജോസ് പുളിക്കൽ നിർവഹിക്കുന്നു. വികാരി ഫാ. ഫ്രാൻസിസ് കല്ലുമാടിക്കൽ സമീപം.*

## ആയുർവേദ തെറാപ്പി കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു

മരിയൻ കോളേജ് കുട്ടിക്കാനവും (autonomus), സഹ്യാദ്രി ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തുന്ന 'ആയുർവേദ പഞ്ചകർമ്മ & ഇന്റർനാഷണൽ സ്പാ തെറാപ്പി കോഴ്സിലെ' സെക്കന്റ് ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കോഴ്സ് കാലാവധി 1 വർഷമാണ്. അടിസ്ഥാന യോഗ്യത +2. ഇന്ത്യക്കകത്തും പുറത്തും ഉയർന്ന ജോലിസാദ്ധ്യത ഉള്ള ഈ കോഴ്സിന്റെ 2-ാം ബാച്ച് 2025 ഫെബ്രുവരിയിൽ തുടങ്ങുന്നതാണ്. വിശദവിവരങ്ങൾക്ക് 8281283844, 799449 3234 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**സാമൂഹ്യവിചാരം**

# എത്രകാലം നമ്മൾ മനുഷ്യരായി തുടരും?



**ഫാ. എബ്രഹാം ഇരിമ്പിനിക്കൽ**
സെക്രട്ടറി കെസിബിസി മീഡിയ കമ്മീഷൻ

ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി പ്രസ്സ്, 2024 ലെ വാക്കായി തിരഞ്ഞെടുത്തത് 'ബ്രെയിൻ റോട്ട്' (Brain rot) എന്നതാണ്. 1854 ൽ ഹെന്റി ഡേവിഡ് തൊറോ (Henry David Thoreau) എഴുതിയ 'Walden' ൽ ആണ് ഈ പദം ആദ്യം ഉപയോഗിച്ചത്. 'When England endeavors to come the potato rot, will not any endeavor to cure the Brain rot, which prevails os much more widely and fatally' ഇതായിരുന്നു ആദ്യമായി ബ്രെയിൻ റോട്ട് കടന്നുവന്ന വാചകം.

ഒരു വ്യക്തിയെ മാനസികമോ ബൗദ്ധികമോ ആയി ദുഷിപ്പിക്കുന്ന തികച്ചും നിസ്സാരങ്ങളും ഉപയോഗശൂന്യവുമായ വിവരണങ്ങളുടെയും കാഴ്ചകളുടെയും അമിതമായ ഉപഭോഗമാണ് ബ്രെയിൻ റോട്ട് എന്ന് ഇപ്പോൾ അർത്ഥമാക്കുന്നത്. ഓൺലൈൻ വാർത്തകളും സന്ദേശങ്ങളുമാണ് ബ്രെയിൻ റോട്ടിന് കാരണം.

**ശൂന്യതയുടെ തടവറയിൽ വിരലോടിക്കുന്നവർ**

ഡിജിറ്റൽ മാധ്യമങ്ങളും സാമൂഹ്യ സമ്പർക്ക ഇടങ്ങളും ഉൽപാദിപ്പിക്കുന്ന നിസ്സാരതകൾ മനുഷ്യർ ഇന്ന് ഇടതടവില്ലാതെ ഭക്ഷിച്ചും പങ്കുവച്ചും ജീവിതം നശിപ്പിക്കുന്നു. അർത്ഥമില്ലായ്മയുടെ ജൈവരൂപങ്ങളായി മനുഷ്യർ പരിണമിക്കുന്നു, അവരുടെ വർത്തമാനങ്ങളും അർത്ഥശൂന്യങ്ങൾ തന്നെ. ബ്രെയിൻ റോട്ട് എന്ന വാക്ക് തിരഞ്ഞെടുത്തുകൊണ്ട് ഓക്സ്ഫോർഡ് ലാംഗ്വേജസിന്റെ പ്രസിഡണ്ട് കാസ്പർ ഗ്രാത്തോൾ (Casper Grathwhol) പറഞ്ഞു, 'Brain rot speaks to one of the perceived dangers of virtual life, and how we are using our free time.'

മനുഷ്യകുലവും സാങ്കേതികവിദ്യയും തമ്മിലുള്ള സാംസ്കാരിക സംവാദത്തിലെ പുതിയ അധ്യായമാണിത് എന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

**ഓൺലൈനിലെ ദുർബലമാനവർ**

ഓൺലൈനിലെ അമിത ഉപഭോഗസമയം ഒരാളെ പലതരത്തിൽ ബാധിക്കുമെന്ന് ഇന്ന് നമുക്കറിയാം. എഴുത്ത് മനുഷ്യന്റെ ഓർമ്മശക്തിയെ ദുർബലമാക്കുമെന്നു ഗ്രീക്ക് തത്ത്വചിന്തകനായ സോക്രട്ടീസ് ഭയപ്പെട്ടിരുന്നു. പ്രിന്റിംഗ് എഴുത്തിനെയും വാചിക പാരമ്പര്യത്തെയും ബാധിച്ചു. തുടർന്ന് റേഡിയോയും ടെലിവിഷനും കമ്പ്യൂട്ടറും ഇന്റർനെറ്റും ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസും മനുഷ്യബുദ്ധിയെയും വിവേചനശീലങ്ങളെയും ഓർമ്മയെയും അതിലേറെ മാനസിക നിലയെയും അപകടപ്പെടുത്തുന്ന തരത്തിൽ പുതുക്കുന്നു, ഒപ്പം മറ്റെന്തൊക്കെയോ ആയി പരുവപ്പെടുത്തുകയും ചെയ്യുന്നു.

ഡിജിറ്റൽ മാധ്യമങ്ങളും സാമൂഹ്യ സമ്പർക്ക ഇടങ്ങളും ഉൽപാദിപ്പിക്കുന്ന നിസ്സാരതകൾ മനുഷ്യർ ഇന്ന് ഇടതടവില്ലാതെ ഭക്ഷിച്ചും പങ്കുവച്ചും ജീവിതം നശിപ്പിക്കുന്നു. അർഥമില്ലായ്മയുടെ ജൈവരൂപങ്ങളായി മനുഷ്യർ പരിണമിക്കുന്നു, അവരുടെ വർത്തമാനങ്ങളും അർഥശൂന്യങ്ങൾ തന്നെ.



**പുതിയ ഡിജിറ്റൽ സാമൂഹ്യ മാധ്യമ ശീലങ്ങൾക്ക് അടിമയാകുന്ന തലമുറയെ ആശങ്കയോടെ കാണണം. ഏലിദ, ഏലി അഹുവമ എന്നൊക്കെ അറിയപ്പെടുന്നവർ എത്തിനിൽക്കുന്നത് വലിയ ആപത്തിലാണ്.**

ഓസ്ട്രേലിയയിൽ 6000 ത്തിലധികം ടീനേജുകാരുടെ ഇടയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ (Black Dog Institute) ഡോ. സോഫി ലി നടത്തിയ പഠനത്തിൽ ഡിജിറ്റൽ ഉപകരണങ്ങളിലെ സ്ക്രീൻ സമയവും ഡിപ്രെഷൻ, ആശങ്ക ഇവയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുന്നു. ഇതിന്റെ ഏറ്റവും വലിയ ഇരകൾ ചെറുപ്പക്കാരാണെന്നും പഠനം പറയുന്നു.

പുതിയ ഡിജിറ്റൽ സാമൂഹ്യ മാധ്യമ ശീലങ്ങൾക്ക് അടിമയാകുന്ന തലമുറയെ ആശങ്കയോടെ കാണണം. ഏലിദ, ഏലി അഹുവമ എന്നൊക്കെ അറിയപ്പെടുന്നവർ എത്തിനിൽക്കുന്നത് വലിയ ആപത്തിലാണ്. നമ്മുടെ കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച് Jonathan Haidt ന്റെ നിരീക്ഷണം പ്രസ്താവ്യമാണ്, 'Overprotecting children in the real world and underprotecting them online' (The Anxious Mind).

**സാംസ്കാരിക അപകടം**

സാംസ്കാരികമായി ബ്രെയിൻ റോട്ട് മറ്റൊരു ഭീഷണിയാണ്. ഉറക്കമില്ലാത്ത അവസ്ഥ, ഡോപമിൻ എഫക്ട്, ഏകാഗ്രതാ നഷ്ടം, സുഹൃത്തുക്കൾക്ക് ഒപ്പം സമയം കണ്ടെത്താൻ കഴിയാത്ത അവസ്ഥ ഉൾപ്പെടെ പ്രതിസന്ധികൾ കൂടാതെയാണ് സാംസ്കാരിക കഥകളിലെ നുലിഴകളിൽ വിഷം പടരുന്നത്.

മൂന്ന് cultural stories ഇത്തരത്തിൽ പുതിയ കാലത്തെ ബാധിക്കുന്നത് കാണാം.

**1. സെക്കുലറിസം [Secularism]**

ആത്മീയത, അപാരത (ട്രാൻസ്സെൻഡൻസ്), ദൈവസാന്നിധ്യം ഇവയുടെ നിഷേധം വഴി മനുഷ്യൻ പുതിയ അർഥം മനുഷ്യജീവിതത്തിന് കണ്ടെത്താൻ ശ്രമിച്ചു. അങ്ങനെയും മനുഷ്യരെ വഴിതെറ്റിച്ചു. നിഷേധമാണ് ഇതിലെ ചോദന. പുതിയത് അന്വേഷിച്ചു കൊണ്ടിരിക്കുന്നു. സോഷ്യൽ മീഡിയയിൽ, ഓൺലൈനിൽ ഇവർ നിരന്തരം തിരയുകയാണ്. സംതൃപ്തി ലഭിക്കും വരെ തിരച്ചിൽ നടത്തുകയാണ്. പക്ഷെ തിരച്ചിൽ മാത്രം അവശേഷിക്കുകയും അസംതൃപ്തിയും ആശങ്കയും നിലനിൽക്കുകയും ചെയ്യുന്നു.

**2. വ്യക്തിവാദം [Individualism]**

അവനവനെ തിരയുകയും അവതരിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുകയാണ് പുതിയ കാലത്തെ സാംസ്കാരിക സ്വഭാവം. അവനവന്റെ വികാരവും ഇഷ്ടവും ശരികളാണ് എന്നാണ് ധാരണ, ചിലപ്പോൾ അത് മാത്രമാണ് ശരി എന്ന് ധരിക്കുന്നവരുടെ ആൾക്കൂട്ടമാണ് നമ്മുടെ സമൂഹം. പുതിയകാല സമൂഹം ഇത്തരത്തിലാണ് ഇപ്പോൾ വളരുന്നത്.

**3. ഉത്തരാധുനിക വീക്ഷണം [Post Modernism]**

സത്യം വ്യക്തിനിഷ്ഠമാണ് എന്ന് വിശ്വസിക്കുന്നവരാണ് ഇപ്പോൾ കൂടുതൽ. അവരവരുടെ അനുഭവം, യുക്തിബോധം, സാംസ്കാരിക അനുഭവം ഇവകളാൽ ശരിയും സത്യവും അവരവർ തീരുമാനിക്കുന്നു. അല്ലാത്തതൊക്കെ ഏകാധിപത്യം ആണെന്ന് കരുതുന്നു. അങ്ങനെ കുറഞ്ഞ ശരികളും കൂടിയ ശരികളുമായി കുറഞ്ഞ മനുഷ്യരും കൂടിയ മനുഷ്യരും ഉണ്ടാവുന്നു. സത്യത്തിൽ ബോധപൂർവം നടത്തേണ്ട മനുഷ്യരുടെ സംവാദം അപ്രത്യക്ഷമാകുന്നു.

2010 oxford ഇതുപോലെ തിരഞ്ഞെടുത്ത വാക്കാണ് പോസ്റ്റ് ട്രൂത്ത് (post truth). വസ്തുനിഷ്ഠ യാഥാർഥ്യങ്ങളേക്കാൾ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്ക് പൊതുജനാഭിപ്രായ നിർമ്മിതിയിൽ ഇടംകിട്ടുന്ന കാലമാണ് സത്യാനന്തര കാലം. എല്ലാവരും പറയുന്നത് സത്യമാണ്. എല്ലാവരുടെയും തോന്നലുകൾ സത്യങ്ങളാണ് എന്നായി ലോകം. Truth is subjective, truth is ambiguous എന്നായി കാഴ്ചപ്പാട്.

സത്യാനന്തരകാലം, സത്യമില്ലായ്മയുടെ കാലം കൂടിയാകുന്നത് ഇങ്ങനെയാണ്. അവിടെ ക്രിസ്തുവിന്റെ നിലപാട് നിർണ്ണായകമാണ്. നിങ്ങൾ പലതും കേട്ടിട്ടുണ്ട്, എന്നാൽ ഞാൻ പറയുന്നു എന്ന് ക്രിസ്തു പറയുന്നത് മനുഷ്യൻ സത്യം അറിയുന്നതിനുവേണ്ടിയാണ്. അവിടെ പല സത്യങ്ങൾകൊണ്ട് മനുഷ്യനെ ദുർബലനാകാൻ ദൈവം അനുവദിക്കുന്നില്ല.

**മനുഷ്യൻ എവിടെ?**

ഇതാ മനുഷ്യൻ; ഇത് വിചാരണയ്ക്കു വിധേയനായി നിന്ന മനുഷ്യപുത്രനെ ചൂണ്ടി പറഞ്ഞതാണ് (യോഹ. 19/5).

മനുഷ്യമഹത്വം ഉറപ്പിക്കാൻ ദൈവം മനുഷ്യനായി പിറന്നു. അവനെ കുരിശിൽ തറയ്ക്കാൻ തയ്യാറായി നിന്നവരോട് പറഞ്ഞതാണിത്. മനുഷ്യരായി നമ്മൾ എത്ര കാലം തുടരും?

നമ്മെ മനുഷ്യരായി തുടരാൻ പ്രാപ്തമാക്കുന്നതിന്റെ പേരാണ് ആത്മീയത. ക്രിസ്തുവില്ലാതെ ഈ അർഥം ലോകത്തിന് കിട്ടില്ല. നമ്മൾ 'മനുഷ്യരായി' തുടരാൻ ക്രിസ്തു നമ്മുടെ കൂടെ ഉണ്ടാവണം. ❖

കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ



ഡോ. ജൂബി മാത്യു
HOD കംപ്യൂട്ടർ സയൻസ് & എൻജിനിയറിംഗ്, അമൽജ്യോതി കോളേജ്



# ഡിസ്ഇൻഫർമേഷൻ സെക്യൂരിറ്റി

**ശരിയായതെന്ന വ്യാജേന, തെറ്റിദ്ധരിപ്പിക്കുന്നതോ വ്യാജമോ ആയ വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നതാണ് ഡിസ്ഇൻഫർമേഷൻ. തെറ്റായ വിവരങ്ങൾ, അവ തെറ്റാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ, മനപ്പൂർവ്വം പ്രസിദ്ധീകരിക്കുന്നതാണ് ഇതിന്റെ ഒരു രീതി.**

വിവരസാങ്കേതിക വിദ്യാരംഗത്തെ ദ്രുതഗതിയിലുള്ള വികസനത്തോടൊപ്പം തെറ്റായ വിവരങ്ങളുടെ പ്രചാരണം(disinformation) ഒരു പ്രധാന സുരക്ഷാ ഭീഷണിയായി ഉയർന്നു വന്നിട്ടുണ്ട്. തെറ്റായതോ തെറ്റിദ്ധാരണജനകമോ ആയ വിവരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും, ഉപയോഗിക്കുന്ന ഉപകരണങ്ങളും രീതികളും ഉൾക്കൊള്ളുന്ന ഈ പ്രതിഭാസം, വ്യക്തികൾക്കും സംരംഭങ്ങൾക്കും മാത്രമല്ല, സമൂഹത്തിന് മുഴുവനായും പല വെല്ലുവിളികളും ഉയർത്തുന്നു. ഈ പശ്ചാത്തലത്തിൽ ഡിജിറ്റൽ മീഡിയ വഴി ലഭ്യമാകുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനും ദോഷകരമായ വിവരങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനും ഇതുമൂലം ഉണ്ടാകാൻ ഇടയുള്ള അപകട സാധ്യതകൾ കുറയ്ക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കുകയും വിന്യസിപ്പിക്കുകയും ചെയ്യാൻ, ഉയർന്നുവരുന്ന സാങ്കേതിക വിദ്യയുടെ ഒരു പുതിയ ശാഖയാണ് ഡിസ്ഇൻഫർമേഷൻ സെക്യൂരിറ്റി(Disinformation Security).

ശരിയായതെന്ന വ്യാജേന, തെറ്റിദ്ധരിപ്പിക്കുന്നതോ വ്യാജമോ ആയ വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നതാണ് ഡിസ്ഇൻഫർമേഷൻ. തെറ്റായ വിവരങ്ങൾ, അവ തെറ്റാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ, മനപ്പൂർവ്വം പ്രസിദ്ധീകരിക്കുന്നതാണ് ഇതിന്റെ ഒരു രീതി. ഇത് പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ഒരു നിർദ്ദിഷ്ട വെബ്സൈറ്റിലേക്ക് ട്രാഫിക് ആകർഷിക്കുന്നതിനോ ആകാം. കുറച്ചൊക്കെ സത്യമുണ്ടെങ്കിലും പൊതുവേ കൃത്യതയില്ലാത്ത വിവരങ്ങൾ നൽകുകയാണ് മറ്റൊരു രീതി. ഇതൊരുപക്ഷേ വിവരങ്ങൾ കൃത്യമായി പരിശോധിക്കാത്തത് മൂലമോ അല്ലെങ്കിൽ സ്വന്തം അഭിപ്രായം ആധികാരികമാണെന്ന് സ്ഥാപിക്കാൻ വേണ്ടി ചില വസ്തുതകൾ വളച്ചൊടിക്കുന്നത് കൊണ്ടോ ആകാം.

തെറ്റായ വാർത്ത എങ്ങനെ തിരിച്ചറിയാം? സംശയമുള്ള വാർത്തയുടെ അല്ലെങ്കിൽ വിഷയത്തിന്റെ ഉറവിടം പരിശോധിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. വ്യാജ വിവരങ്ങൾ നൽകുന്ന പല സൈറ്റുകളുടെയും യുആർഎൽ(URL) സംശയം ജനിപ്പിക്കുന്നതോ അല്ലെങ്കിൽ അക്ഷരത്തെറ്റുള്ളതോ ആകാനുള്ള സാധ്യതയുണ്ട്. അതുപോലെ ഉള്ളടക്കത്തിന്റെ രചയിതാവ്, അറിയപ്പെടുന്ന ആൾ ആണോ എന്ന് പരിശോധിക്കുക. മറ്റു ഉറവിടങ്ങളിൽ നിന്നോ, സൈറ്റുകളിൽ നിന്നോ, ഈ വാർത്തയുടെയോ വിവരങ്ങളുടെയോ നിജസ്ഥിതി ഉറപ്പുവരുത്തുന്നതും, തെറ്റായ വിവരങ്ങളെ കണ്ടെത്താൻ സഹായിക്കും.

AFP Fact Check(https://factcheck.afp.com/)

Reuters Fact Check(https://www.reuters.com/fact-check/)

India Today Fact Check(https://www.indiatoday.in/fact-check)

BBC Reality Check( https://www.bbc.com/news/reality_check)

Snopes (https://www.nsopes.com/)

തുടങ്ങിയ സൈറ്റുകൾ, വിവരങ്ങൾ യാഥാർത്ഥ്യമായതാണോ എന്ന് കണ്ടെത്താൻ സഹായിക്കുന്നതാണ്.

ലോകമെമ്പാടുമുള്ള ഡിസ്ഇൻഫർമേഷൻ പ്രചാരണങ്ങളുടെ ഒരു വലിയ പങ്ക് യൂട്യൂബിലൂടെ ആണെന്ന് ഈ രംഗത്തെ പല ഗവേഷകരും അഭിപ്രായപ്പെടുന്നു. ഈ വലിയ വ്യാപനത്തെ നിയന്ത്രിക്കാനോ പ്രതിരോധിക്കാനോ യൂട്യൂബ് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന് ആരോപണമുണ്ട്.നവമാധ്യമങ്ങൾ കൂടാതെ ഇ -മെയിൽ, പരമ്പരാഗത വാർത്ത ഏജൻസികൾ, മാധ്യമങ്ങൾ തുടങ്ങിയവയും തെറ്റായ വിവരങ്ങളുടെ വ്യാപനത്തിൽ അറിഞ്ഞോ അറിയാതെയോ ഭാഗമാകാറുണ്ട്. ഇതുപോലെയുള്ള എല്ലാ ചാനലുകളുടെയും പ്രവർത്തന രീതികൾ മനസ്സിലാക്കുന്നത് ഡിസ്ഇൻഫൊർമേഷനെ ഫലപ്രദമായി തിരിച്ചറിയുന്നതിനും നേരിടുന്നതിനും അത്യാവശ്യമാണ്.

ഓട്ടോമേറ്റഡ് ബോട്ടുകളാണ് ഡിസ്ഇൻഫൊർമേഷൻ ഉദ്യമങ്ങളിൽ ഉപയോഗിക്കുന്ന ഒരു പ്രധാന സാങ്കേതികവിദ്യ. ഈ ആപ്ലിക്കേഷനുകൾക്ക് മനുഷ്യ രീതികളെ അനുകരിക്കാനും വ്യത്യസ്ത പ്ലാറ്റുഫോമുകളിൽ വളരെയധികം പോസ്റ്റുകൾ സൃഷ്ടിക്കാനും കഴിയും. കൂടാതെ ഡീപ്ഫേക്ക്,തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് യാഥാർത്ഥ്യബോധമുള്ളതും എന്നാൽ കെട്ടിച്ചമച്ചതുമായ ഓഡിയോ,വിഷ്വൽ ഉള്ളടക്കം വളരെ എളുപ്പം സൃഷ്ടിക്കാൻ കഴിയും. ഇത് ഉപയോക്താക്കൾക്ക്, യാഥാർത്ഥ്യം തിരിച്ചറിയാൻ കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. എൻക്രിപ്ഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് , അയക്കുന്ന ആളുടെ ഐഡന്റിറ്റി മറക്കുന്ന രീതികളും വ്യാപകമായി ഉപയോഗിക്കുന്നു.

ജനറേറ്റീവ് എഐയിൽ അടുത്തിടെ ഉണ്ടായ വികസനങ്ങൾ, ഡിസ്ഇൻഫർമേഷൻ പ്രശ്നങ്ങളുടെ തീവ്രത വർദ്ധിപ്പിക്കാൻ ഒരു പരിധിവരെ എങ്കിലും സഹായകരമായിട്ടുണ്ട്. ജെൻ എഐ ടൂളുകളുടെ അനായാസ ലഭ്യതയും അനന്തമായ ഉപയോഗ സ്വാതന്ത്ര്യവും മൂലം, ഏതൊരു വ്യക്തിക്കും വളരെ വലിയതോതിൽ വ്യാജ ഉള്ളടക്കങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഒരു ഉള്ളടക്കം മനുഷ്യനിർമ്മിതമാണോ അതോ ഇതുപോലെ ഒരു ആപ്ലിക്കേഷനിൽ നിന്ന് ഉത്ഭവിച്ചതാണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത് .

ഡിസ് ഇൻഫർമേഷന്റെ വ്യാപനം ചെറുക്കുന്നതിൽ എഐക്ക് നിർണായകമായ ഒരു പങ്കുവയ്ക്കാനാകും. എഐ സാങ്കേതികവിദ്യ സംയോജിക്കപ്പെട്ട നൂതന സംവിധാനങ്ങൾക്ക് ഉള്ളടക്കങ്ങളിലെ ഭാഷയുടെ ഉപയോഗം, സന്ദർഭം, പാറ്റേണുകൾ മുതലായവ വിശകലനം ചെയ്ത്, വസ്തുതാ പരിശോധന, തെറ്റായ വിവരങ്ങൾ കണ്ടെത്തൽ എന്നിവ കൂടുതൽ കൃത്യതയോടെ നടത്താൻ സാധിക്കും. ഉള്ളടക്കങ്ങളുടെ എഐ ഉപയോഗിച്ചുള്ള സമഗ്രമായ വിശകലനം, ഡിസ്ഇൻഫർമേഷനും മിസ്ഇൻഫർമേഷനും തമ്മിലുള്ള സൂക്ഷ്മമായ വ്യത്യാസം തുടങ്ങിയവ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കുന്നു. തന്നെയുമല്ല, മെഷീൻ ലേണിങ് അൽഗോരിതങ്ങളുടെ സഹായത്തോടെ എഐ അധിഷ്ഠിത സംവിധാനങ്ങൾക്ക് വളരെ ബൃഹത്തായ ഡാറ്റ പോലും തൽസമയം അപഗ്രഥിക്കാനും അതിലെ തെറ്റായ വിവരങ്ങൾ സൂചിപ്പിക്കുന്ന പാറ്റേണുകൾ തിരിച്ചറിയാനും കഴിയും. നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ് സാങ്കേതിവിദ്യ ഉപയോഗിച്ച് ഉള്ളടക്കങ്ങളിലെ പൊരുത്തക്കേടുകളും പരസ്പര വിരുദ്ധ കാര്യങ്ങളും കണ്ടെത്തുകയും ഇതിലൂടെ ഈ ഉള്ളടക്കത്തിന്റെ വിശ്വാസ്യത വിലയിരുത്താനും ഈ സംവിധാനങ്ങൾക്ക് കഴിയും.

തെറ്റായ വിവര സുരക്ഷ ഒരു സാങ്കേതിക വെല്ലുവിളി മാത്രമല്ല; അത് ഒരു സമൂഹത്തിന്റെ അനിവാര്യതയായി മാറിയിരിക്കുകയാണ് . സത്യത്തെ സംരക്ഷിക്കുന്നതിന് സർക്കാരുകൾ, ഓർഗനൈസേഷനുകൾ, വ്യക്തികൾ തുടങ്ങിയവർ ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്. സന്ദേശങ്ങൾ മറ്റുള്ളവർക്ക് ഫോർവേഡ് ചെയുമ്പോൾ, ഉറവിടങ്ങൾ പരിശോധിച്ചുറപ്പിക്കുക, സ്ഥിരീകരിക്കാത്ത ഉള്ളടക്കം, പങ്കിടാനുള്ള പ്രേരണ ഒഴിവാക്കുക എന്നിവ നാം ശീലിമാക്കണം.കൃത്രിമ ഉള്ളടക്കങ്ങൾ കണ്ടെത്താനുള്ള ഗവേഷണങ്ങൾ ലോകത്തിൻറെ പലഭാഗങ്ങളിലും നടന്നുവരുന്നു. വൈകാതെ തന്നെ ഡിസ്ഇൻഫർമേഷൻ സെക്യൂരിറ്റിയെ ശക്തമാക്കുന്ന വ്യത്യസ്ത ആപ്ലിക്കേഷനുകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാം.



'കുടുംബം ദൈവിക പുണ്യങ്ങളുടെ വിളനിലം' എന്ന വിഷയത്തിൽ ഊന്നൽ നൽകി, 2025 – 26 വർഷത്തെ കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ മാർഗ്ഗരേഖ അഭി. മാർ ജാസ് പുളിക്കൽ പിതാവ് പ്രകാശനം ചെയ്യുന്നു.

## നിലയ്ക്കൽ തീർഥാടനം

കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻലീഗ് നേതൃത്വം നൽകുന്ന നിലയ്ക്കൽ തീർഥാടനം 2025 ജനുവരി 26–ാം തീയതി നടത്തപ്പെടും. തദവസരത്തിൽ രൂപതയിലെ നവ വൈദികർ തുലാപ്പള്ളി മാർത്തോമ്മാശ്ലീഹാ പള്ളിയിൽ വിശുദ്ധകുർബാനയർപ്പിക്കും. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് തീർഥാടന സന്ദേശം നൽകും. തുടർന്ന് ആങ്ങമൂഴിയിൽ നിന്ന് നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയിലേക്ക് വിശ്വാസ പ്രഘോഷണ റാലി നടത്തും.

സംരംഭം

# പുത്തൻ ആശയങ്ങൾ അത്ഭുതങ്ങൾ സൃഷ്ടിക്കും

ആധുനിക ലോകത്തിന്റെ അനുദിന വളർച്ചയും മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, യന്ത്ര പഠനം (Machine Learning) തുടങ്ങിയ അതിനൂതന മേഖലകളിൽ ആഗോളസഭയുടെ നിലപാട് എന്താണെന്ന് നാം സൂക്ഷിച്ചു വീക്ഷിക്കാറുണ്ട്. എന്നാൽ ആധുനിക സാങ്കേതികവിദ്യയും അതിലെ വളർച്ചയും ക്രിസ്തീയ മൂല്യങ്ങൾക്ക് ഉതകുംവിധം ഉപയോഗിക്കാൻ പറ്റുമെന്നും, അതിന്റെ ക്രിയാത്മകഫലങ്ങൾ അനേകം ആളുകളിലേക്ക് എത്തിച്ച് അവരുടെ ജീവിതാവസ്ഥ മുഴുവനായും മെച്ചപ്പെടുത്താൻ ആവുമെന്നും സ്വന്തം ജീവിതം കൊണ്ടും പ്രവർത്തനം കൊണ്ടും കാണിച്ചു തരുകയാണ് വാഴക്കയം സ്വദേശിയായ റോബിൻ ടോമി.

കാഞ്ഞിരപ്പള്ളി രൂപതയിലെ ചിറക്കടവ് സെന്റ് എഫ്രേംസ് ഇടവകാംഗമായ ഇദ്ദേഹം കുളങ്ങരമുറിയിൽ ടോമി - ലളിതാ ദമ്പതികളുടെ മകനാണ്. കുവൈറ്റിൽ ജനിച്ച ഇദ്ദേഹം കുവൈറ്റ് യുദ്ധകാലത്ത് നാട്ടിലെത്തുകയും ആനക്കൽ സെന്റ് ആന്റണീസ് സ്കൂളിൽ തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തു. അവിടെ തന്നെ പഠിപ്പിച്ച ആന്റണി തോക്കനാട്ടച്ചനെയും മറ്റ് അധ്യാപകരെയും നന്ദിയോടെയാണ് ഇദ്ദേഹം സ്മരിക്കുന്നത്. ചെറുപ്പകാലം മുതൽ തന്നെ ആധുനിക സാങ്കേതികവിദ്യകളോടും, റോബോട്ടിക്സ് തുടങ്ങിയ അതിനൂതന ശാസ്ത്രവിഭാഗത്തോടും പ്രത്യേക താല്പര്യം ഇദ്ദേഹം പുലർത്തിയിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 2002-2006 കാലയളവിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽനിന്നും ബിരുദം നേടി. അമൽജ്യോതി കോളേജിലെ പഠനകാലം റോബിൻ ടോമിയുടെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായി മാറി. കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ജോസ് കണ്ണമ്പുഴ അച്ചന്റെ പിന്തുണയും, കോളേജ് പഠനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളും അവസരങ്ങളും തന്റെ ജീവിതത്തിലെ ഒരിക്കലും മായ്ക്കാൻ പറ്റാത്ത അധ്യായങ്ങളായി മാറിയെന്ന് റോബിൻ ടോമി സാക്ഷ്യപ്പെടുത്തുന്നു. ദൈവികപദ്ധതി എന്നവണ്ണം തന്റെ ജീവിതപങ്കാളിയായ സ്മിതയെയും റോബിൻ കണ്ടുമുട്ടുന്നത് കോളേജ് വിദ്യാഭ്യാസകാലത്താണ്. കോളേജിലെ AZURE പോലുള്ള പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിലെ തന്നെ പേരുകേട്ട മറ്റ് കോളേജുകൾ സന്ദർശിക്കുവാനും, അവിടുത്തെ പരിപാടികളിൽ പങ്കെടുക്കുവാനും സാധിച്ചു. പുതിയ ആളുകളെ കാണുന്നതിനോടൊപ്പം തന്നെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കുവാനും സാമൂഹിക അവബോധം രൂപീകരിക്കുവാനും സാങ്കേതിക കഴിവുകൾ പരിപോഷിപ്പിക്കുവാനും അത് വഴിയൊരുക്കി.

അമൽ ജ്യോതിയിലെ പഠനത്തിനുശേഷം, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂരിൽ (NUS) നിന്ന് മാസ്റ്റേഴ്സും, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി UK ൽ നിന്ന് ബിരുദാനന്തര ബിരുദവും, സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി USA തുടങ്ങിയ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് നിരവധി സർട്ടിഫൈഡ് കോഴ്സുകളും റോബിൻ പൂർത്തിയാക്കി.



റോബിൻ ടോമി.

പഠനശേഷം മൈസൂർ ഇൻഫോസിസിൽ ആരംഭിച്ച തന്റെ തൊഴിൽ രംഗത്തും ഒട്ടനേകം സംഭാവനകൾ നൽകുവാൻ ഇദ്ദേഹത്തിന് സാധിച്ചു. ഇന്ത്യയിലെ പല പ്രമുഖ നഗരങ്ങളിലും സിങ്കപ്പൂർ, യുഎസ്എ, യുകെ എന്നിവിടങ്ങളിലും ഒട്ടേറെ നാൾ ജോലി ചെയ്തു. ഇതിനുശേഷം ടാറ്റാ കൺസൾട്ടൻസി സർവീസിലും (TCS), യുഎസ് കമ്പനിയായ McFadyen ലും സേവനം അനുഷ്ഠിച്ചു. പിന്നീട് ടി.സി.എസ്സിലെ ഗുരുതുല്യനായ സുരേഷ് സാറിന്റെ ആഗ്രഹപ്രകാരം 2015-ൽ ടാറ്റാ ഇന്നോവേഷൻ ലാബ് ഏറ്റെടുത്തു. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് ഒരു കൈത്താങ്ങ് ആവണമെന്നും അവർക്കുവേണ്ടി തന്റെ കഴിവുകളും അറിവും ഉപയോഗപ്പെടുത്തണമെന്നുമുള്ള ഏറെ നാളായുള്ള ആഗ്രഹം റോബിൻ ഈ കാലയളവിലാണ് പൊടി തട്ടിയെടുക്കുന്നത്. ടിസിഎസ് കേരള മേധാവി ദിനേശ് തമ്പിയുടെയും ആദർശ് ട്രസ്റ്റ് തൃപ്പൂണിത്തുറ സെക്രട്ടറി പി.ആർ. മഹാദേവന്റെയും പ്രചോദനത്താൽ ഭിന്നശേഷി സമൂഹത്തെ തന്റെ കർമ്മമേഖലയായി അദ്ദേഹം തെരഞ്ഞെടുത്തു. തുടർന്ന് എറണാകുളം അങ്കമാലി രൂപതയുടെ സാമൂഹ്യ ക്ഷേമ സംഘടനയായ സഹൃദയയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കൊളുത്തുവള്ളിലുമായി ചേർന്ന് പ്രവർത്തനമാരംഭിച്ചു. അച്ചനോടൊപ്പമുള്ള പ്രവർത്തന കാലയളവിലാണ് ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന വ്യക്തികളിലേക്കു വിവരസാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ എത്തിക്കണമെന്ന ശക്തമായ ബോധ്യം റോബിന് ലഭിക്കുന്നതും, തുടർന്ന് Inclusys എന്ന ഫൗണ്ടേഷന് രൂപം നൽകിയതും. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് IT യിൽ സ്കില്ലിംഗ് കൊടുത്ത് അവരെ ഉദ്യോഗാർഥികളായി മാറ്റി, ഇൻക്ലസിസ് ന്യൂറോ ഓർഗ് എന്ന സ്റ്റാർട്ടപ്പിന്റെ ഭാഗമായി അവർ ജോലി ചെയ്യുകയും ചെയ്യുന്നു. കേരളത്തിൽ 10 ജില്ലകളിലായി 250 ഭിന്നശേഷിക്കാരായ വ്യക്തികൾ ഈ സ്ഥാപനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

നൂതനസാങ്കേതികവിദ്യയിലൂടെയും, പിന്തുണാപ്രോഗ്രാമുകളിലൂടെയും, വൈകല്യമുള്ളവരുടെ ജീവിതനിലവാരം ഉയർത്താനും, സമൂഹത്തിൽ അവർക്ക് മികച്ച അവസരങ്ങൾ ഉണ്ടെന്നും അതിൽ പൂർണ്ണമായി ഇഴകിച്ചേരാൻ കഴിയുമെന്നും ഇതിനകംതന്നെ ഇൻക്ലൂസിസ് തെളിയിച്ചുകഴിഞ്ഞു. സാമൂഹിക ഉൾപ്പെടുത്തലിലുള്ള സംഘടനയുടെ ശ്രദ്ധ, സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ കഴിവുകളെയും സംഭാവനകളെയുംകുറിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണവും നൽകുന്നു. അതിനാൽത്തന്നെ ഈ സംരംഭം വൈകല്യമുള്ളവരുടെ ജീവിതത്തെ സ്വാധീനിക്കുന്നതിനോടൊപ്പം, സാമൂഹിക ധാരണകൾ മാറ്റാനും, എല്ലാവരെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം വളർത്തിയെടുക്കാനും സഹായിക്കുന്നു.

സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിഭിന്ന കഴിവുള്ള ആളുകളുടെയും പ്രായമായവരുടെയും ദൈനംദിന പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമം ആക്കുന്നതിനുള്ള ഉപകരണങ്ങൾ നിർമിക്കുന്ന പുനർജീവ ടെക്നോളജി സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പിനും റോബിൻ ടോമി നേതൃത്വം കൊടുക്കുന്നുണ്ട്.

റോബിൻ ഭിന്നശേഷിസമൂഹത്തിനു നൽകിയ നൂതനസാങ്കേതികഗവേഷണങ്ങൾക്കു കേരള സർക്കാർ സംസ്ഥാന അവാർഡ് നൽകി അദ്ദേഹത്തെ ആദരിക്കുകയും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ കൗൺസിലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കുകയും ചെയ്തു. റോബിൻ ടോമി ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ ഇന്നോവേഷൻ ഹെഡ്ഡും കേരളാ ഡവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ കൗൺസിലിന്റെ (കെ-ഡിസ്ക്) എക്സിക്യൂട്ടീവ് ഡിറ്റക്ടറുമായി സേവനം അനുഷ്ഠിക്കുന്നു.

ഒരു ജോലി എന്നതിലുപരി താൻ ചെയ്യുന്ന പ്രവർത്തനങ്ങളെ ഒരു അവസരവും ഉത്തരവാദിത്വവുമായാണ് റോബിൻ ടോമി കാണുന്നത്. ഏത് പ്രവർത്തനമേഖല തിരഞ്ഞെടുത്താലും അതിൽ നമുക്ക് അതിയായ അഭിനിവേശം ഉണ്ടാകണമെന്നും, അതിലുപരി ആ മേഖല കൊണ്ട് സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്കായി അനേകം കാര്യങ്ങൾ ചെയ്യാൻ സാധിക്കണമെന്നതുമാണ് ഇദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

സ്നേഹം, അനുകമ്പ, സാമൂഹിക അവബോധം, സഹായസന്നദ്ധത തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ അനേകം ആളുകളിലേക്ക് എത്തിക്കാൻ ആധുനിക പഠനങ്ങളും സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്താമെന്നുള്ള ഉത്തമ ഉദാഹരണമാണ് റോബിൻ ടോമിയുടെ വിജയഗാഥ. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയുമായി മാതാപിതാക്കളും, പ്രിയതമ സ്മിതയും, മക്കളായ ജെറോം, ഇസ, ഫിലിപ്പ് എന്നിവരും ഒപ്പമുണ്ട്. പണം നൽകി പാവപ്പെട്ടവരെ സഹായിക്കുന്നതിൽ ഉപരി ക്രിയാത്മക പ്രവർത്തനങ്ങൾക്ക് രൂപകൽപ്പന നൽകുവാനും, കഷ്ടത അനുഭവിക്കുന്നവർക്കുവേണ്ടി സമയം മാറ്റിവയ്ക്കുവാനും, അതിന്റെ ആവശ്യകതയ്ക്കൊത്തവിധം നമ്മുടെ അറിവുകൾ വിപുലീകരിക്കുവാനും റോബിൻ ടോമി നമുക്ക് പ്രചോദനം നല്കുന്നു. ❖

**ഉപകാര സ്മരണ**



തെയ്യാമ്മ തോമസ്
ഒരു വിശ്വാസി



കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ വാർഷികം പൊടിമറ്റം സെന്റ് മേരീസ് പാരീഷ് ഹാളിൽ രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു.

## പ്രേഷിതപ്രവർത്തനങ്ങൾക്കായി ആത്മാർപ്പണം ചെയ്യണം: മാർ റാഫേൽ തട്ടിൽ

**കാക്കനാട്:** സ്വഭാവത്താലേ പ്രേഷിതയായ സഭ വിശ്വാസത്തിന്റെ വളർച്ചയ്ക്കും നന്മയുള്ള സമൂഹനിർമ്മിതിയ്ക്കുമായി ആത്മാർപ്പണം ചെയ്യണമെന്ന് മാർ റാഫേൽ തട്ടിൽ. സീറോമലബാർ സഭയുടെ മിഷൻ ഓഫീസ് നേതൃത്വം നല്കുന്ന പ്രേഷിത വാരാചരണം സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മേജർ ആർച്ച് ബിഷപ്പ്. കഴിഞ്ഞ വർഷങ്ങളിൽ ഒറീസ്സ, തെലങ്കാന, ആന്ധ്രാ, നോർത്ത് ഈസ്റ്റ് എന്നീ മിഷൻപ്രദേശങ്ങളിൽ ഉണ്ടായ പ്രേഷിതവളർച്ചയെ അഭിനന്ദിക്കുകയും, സീറോമലബാർസഭയ്ക്ക് പ്രേഷിതപ്രവർത്തനം ചെയ്യാനായി ലഭിച്ചിരിക്കുന്ന ഭാരതം മുഴുവനിലും ആഗോളതലത്തിലുമുള്ള മിഷൻ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തണമെന്നും ശക്തിപ്പെടുത്തണമെന്നും മേജർ ആർച്ച് ബിഷപ്പ് കൂട്ടിച്ചേർത്തു. പ്രേഷിതദൈവവിളികളെ പ്രോത്സാഹിപ്പിക്കണമെന്നും രൂപതകളിൽ അധികമുണ്ടാകുന്ന ദൈവവിളികളെ മിഷൻ പ്രദേശങ്ങളിൽ വിന്യസിപ്പിക്കാനുള്ള തുറവിയും വിശാലമനോഭാവവും ഉദാരതയും എല്ലാവർക്കും ഉണ്ടാകണമെന്നും അദ്ദേഹം ഓർമപ്പെടുത്തി. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരത്തിന്റെ മുഖ്യ സന്ദേശം. 2025 ജനുവരി ആറ് മുതൽ പന്ത്രണ്ട് വരെയാണ് പ്രേഷിതവാരാചരണം.

### വിവാഹ ഒരുക്ക സെമിനാർ

ജനുവരി 3 മുതൽ 5 വരെ നിർമല റിന്യൂവൽ സെന്റർ പൊടിമറ്റം. 24 മുതൽ 26 വരെ പാസ്റ്ററൽ ആനിമേഷൻ സെന്റർ, അണക്കര. ഫെബ്രുവരി 7 മുതൽ 9 നിർമല റിന്യൂവൽ സെന്റർ പൊടിമറ്റം. വിശദ വിവരങ്ങൾക്ക് ഫോൺ: 9497096431




RNI Reg. No. KERMAL/2012/45157 Annual Subscription Rs. 150/-
Postal Reg. No. KL/CHC/64/2023-25 Published on January 1



ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കലാസന്ധ്യ - കൈക്കോട്ടും ചിലങ്കയും ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്യുന്നു. ജോയി തെങ്ങുംകുടി, മാത്യു മാമ്പറമ്പിൽ, സണ്ണി അരഞ്ഞാണി പുത്തൻപുരയിൽ, ഫാ. ജോസ് മോനിപ്പള്ളി, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ഫാ. ജോസഫ് വെള്ളമറ്റം, അഡ്വ. എബ്രഹാം മാത്യു പന്തിരുവേലിൽ, ഡോ. പി.വി. മാത്യു പ്ലാത്തറ, തോമസ് വാരണത്ത്, ഫാ. ജിൻസ് കിഴക്കേൽ എന്നിവർ സമീപം.

# നവ്യാനുഭവമായി ഇൻഫാം കലാസന്ധ്യ - 'കൈക്കോട്ടും ചിലങ്കയും'

**പാറത്തോട്:** സ്നേഹിക്കാൻ മാത്രം അറിയുന്ന കർഷകരുടെ മേൽ ക്രൂരതയുടെ ശരം തൊടുക്കാൻ വന്യതയുടെ വില്ലും കുലച്ചു നിൽക്കുന്ന വനംവകുപ്പിനോട് മാനിഷാദ അഥവാ അരുതേ കാട്ടാളാ എന്നു പറയാൻ ഈ കാലഘട്ടത്തിന്റെ സാഹിത്യകാരന്മാരും കലാകാരന്മാരും ജനപ്രതിനിധികളും രാഷ്ട്രീയ നേതാക്കന്മാരും അധികാരികളും ശക്തമായി കടന്നുവരണമെന്ന് ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കലാസന്ധ്യ - കൈക്കോട്ടും ചിലങ്കയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കർഷകർ ഒരുമിച്ചു കൈകോർത്താൽ ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കാൻ സാധിക്കുമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ രക്ഷാധികാരിയുമായ മാർ ജോസ് പുളിക്കൽ പറഞ്ഞു. ഇന്നു കർഷകർ നേരിടുന്ന പല കരിനിയമങ്ങളും മാറ്റിയെഴുതിയേ മതിയാകൂ എന്ന് രാഷ്ട്രീയ, സാമൂഹ്യ നേതാക്കളോടു പറയാൻ മടിക്കരുതെന്നും പറയുന്നതിന്റെ ഫലം കണ്ടുവരുന്നതായും അദ്ദേഹം പറഞ്ഞു. കർഷകർ ഒരുമിച്ചു നിൽക്കുമെന്ന് വ്യക്തമായ സന്ദേശം നൽകുന്ന സന്ധ്യയാണ് ഈ കലാസന്ധ്യയെന്നും നമുക്ക് ഒരുമിച്ചു മുന്നേറാമെന്നും മാർ ജോസ് പുളിക്കൽ കൂട്ടിച്ചേർത്തു.

ഇൻഫാം അംഗങ്ങളായ കർഷകരുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി കാഞ്ഞിരപ്പള്ളി കാർഷികജില്ലയുടെ നേതൃത്വത്തിൽ പുതുവർഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രോഗ്രാമാണ് 'കൈക്കോട്ടും ചിലങ്കയും'എന്ന കലാസന്ധ്യ. കാർഷികജില്ലയിലെ 12 താലൂക്കുകളിൽ നിന്നുമുള്ള കർഷകരായ കലാകാരന്മാർ വിവിധ പരിപാടികൾ അവതരിപ്പിച്ചു.



മുണ്ടിയെരുമ കാർഷിക താലൂക്ക്



കുമളി കാർഷിക താലൂക്ക്



കട്ടപ്പന കാർഷിക താലൂക്ക്



ഉപ്പുതറ കാർഷിക താലൂക്ക്



റാന്നി-പത്തനംതിട്ട കാർഷിക താലൂക്ക്



എരുമേലി കാർഷിക താലൂക്ക്



പൊൻകുന്നം കാർഷിക താലൂക്ക്



കാഞ്ഞിരപ്പള്ളി കാർഷിക താലൂക്ക്



വെളിച്ചിയാനി കാർഷിക താലൂക്ക്



അണക്കര കാർഷിക താലൂക്ക്



മുണ്ടക്കയം കാർഷിക താലൂക്ക്



പെരുവന്താനം കാർഷിക താലൂക്ക്



Printed & Published by Fr. Boby Alex Mannamplackal, Diocese of Kanjirapally. Printed at Rashtra Deepika Limited, Vadavathoor. Chief Editor: Fr. Justin Mathiyath. Designed at Divine Graphics KPLY.